ചരിത്രാന്വേഷകൻെറ വിശ്വസ്തരായ സഹായികൾ
ദൃക്സാക്ഷികൾ തന്നെയാണ്.
ഏതാനും നിസ്വാർത്ഥ ഹൃദയങ്ങളെ അസ്വസ്ഥമാക്കിയ
ഉൽക്കടമായ അഭിലാഷം ത്യാഗനിർഭരമായ കർമ്മങ്ങളിലൂടെ
അത്ഭുതയാഥാർത്ഥ്യമാക്കിയ ഫാറൂഖ് കോളേജിൻെറ ചരിത്രം
ഒരു പിന്നോക്ക ഭൂപ്രദേശത്തിലെ പീഡിത ജനവിഭാഗത്തിൻെറ
വിദ്യാഭ്യാസ മുന്നേറ്റത്തിൻെറ ചരിത്രം കൂടിയാണല്ലോ.
ആ ചരിത്ര സംഭവങ്ങൾക്ക് സജീവ സാക്ഷ്യം വഹിച്ച
വിപ്ലവകാരികളിൽ പലരും ദൈവാനുഗ്രഹത്താൽ
ഇന്ന് നമ്മോടൊപ്പമുണ്ട്; ഉദാരമനസ്കരായ അഭ്യുദയ
കാംക്ഷികളായി, മാനേജിംഗ് കമ്മറ്റി അംഗങ്ങളായി,
അധ്യാപകരായി, വിദ്യാർത്ഥികളായി,
കെട്ടിടം പണിക്കാരനായി, വിവിധ കാലങ്ങളിൽ
തനതായ പങ്കുവഹിച്ച് പിൻവാങ്ങിയ മനുഷ്യസ്നേഹികളാണവർ.
സായൂജ്യമടഞ്ഞ ജീവിതത്തിൻെറ
സംതൃപ്തമായ സായാഹ്നത്തിൽ
പുതിയ തലമുറയ്ക്ക് സത്യം പകർന്നു കൊടുക്കാൻ
അസാമാന്യമായ ആവേശമാണ് അവർ കാണിച്ചത്.
അനുഭവങ്ങൾക്കിടയിലെ നൊമ്പരങ്ങളും
കൊച്ചുകൊച്ചു ചിത്രങ്ങളും
അത്ഭുതത്തോടെ അറിയാൻ മാത്രമല്ല പലപ്പോഴും
ചിരിക്കാനും വക നല്കുന്നതാണ്.
ഒരു മഹാദൗത്യത്തിൻെറ നെടുനായകത്വം സഫലമാക്കി
ഈ ലോകത്തോടു വിടപറഞ്ഞ ഏതാനും ചരിത്രപുരുഷന്മാർ
മരിക്കും മുമ്പെ കോറിയിട്ട അനുഭവശകലങ്ങൾ
തേടിപ്പിടിച്ച് ഇക്കൂട്ടത്തിൽ നിരത്തിവെക്കുന്നതും
അനിവാര്യമെന്നു തോന്നുന്നതുകൊണ്ട് മാത്രമാണ്.
ചരിത്രസംഭവങ്ങളുടെ സമയക്രമത്തിൽ ഓർമ്മക്കുറിപ്പുകൾ
അടുക്കിവെക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്.
സംഭവങ്ങളുടെ പ്രഭാവവും അഭാവവും മാത്രമാണ്
കുറിപ്പുകളുടെ ദൈർഘ്യവ്യത്യാസത്തിനു കാരണമെന്ന്
സൂചിപ്പിക്കട്ടെ. കുറിപ്പുകളുൾക്കൊള്ളുന്ന സംഭവങ്ങളുടെ
കൃത്യതയിൽ വിയോജിപ്പ് തോന്നുന്നുവെങ്കിൽ
ഓർമപ്പിശകെന്ന് കണക്കാക്കി
പൊറുക്കണമെന്നപേക്ഷ.

# ഒരു ദീപം തെളിയുകയായി

## സെയ്ദ് മൊഹിദീൻ ഷാ

മൗലവി അബുസ്സുബാസ് അഹ്മദലി സാഹിബിന്റെ സുഹൃത്തായിരുന്നു ഈജിപ്തിൽ പഠിച്ച എ.എം. അബ്ദുൽ ഖാദിർ മൗലവി. മദ്രാസ് മുഹമ്മദൻ (ആർട്ട്സ്) കോളേജിൽ അറബിക് പ്രൊഫസറായി വന്നപ്പോളാണ് ഞാനദ്ദേഹവുമായി പരിചയപ്പെട്ടത്. അങ്ങനെ ഒരിക്കൽ അബ്ദുൽ ഖാദിർ മൗലവിയെ കാണാൻ ഞാൻ മദ്രാസിൽ ചെന്നപ്പോൾ യാദൃച്ഛികമായി മൗലവി സാഹിബിനെയും അവിടെ വെച്ച് കണ്ടിരുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്താണ് അബുസ്സുബാഹ് മൗലവി ആനക്കയത്ത് വന്ന് താമസമാക്കിയത്. ജർമൻ ചാരനാണോ എന്ന സംശയത്തിൽ പോലീസുദ്യോഗസ്ഥൻമാർ അദ്ദേഹത്തെ അന്വേഷിച്ചു വന്നിരുന്നു. പരിചയമുള്ള ആളുകളുടെ പേര് ചോദിച്ചപ്പോൾ എ.എം. അബ്ദുൽ ഖാദിർ മൗലവിയുടെ പേരാണ് അബുസ്സുബാഹ് പറഞ്ഞത്. പോലീസുകാർ മദ്രാസിൽ ചെന്ന് അബ്ദുൽ ഖാദിർ മൗലവിയോടന്വേഷിച്ചു, മൗലവി സാഹിബ് ചാരനല്ലെന്നുറപ്പുവരുത്തി.

അന്ന് ഞാനും സി.എൻ. അഹ്മദ് മൗലവിയും മലപ്പുറം ഹൈസ്കൂളിൽ അധ്യാപകരാണ്. മുമ്പ് മദ്രാസിൽവെച്ചു കണ്ട മൗലവി സാഹിബ് മലബാറിൽ എവിടെയുണ്ടെന്ന് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അബ്ദുൽ ഖാദിർ മൗലവിയുടെ ഒരു കത്ത് എനിക്കു കിട്ടി. മധ്യവേനലവധിക്ക് നാട്ടിൽ പോകുമ്പോൾ ഇങ്ങനെയൊരു മൗലവിയെക്കുറിച്ച് അന്വേഷിക്കണമെന്ന് ഞാൻ വിദ്യാർത്ഥികകളോട് പറഞ്ഞു. ആനക്കയത്ത് ഏതോ സിദ്ധൻ മൗലവിയുള്ളതായി കുട്ടികൾ പറഞ്ഞ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനും സി.എൻ. മൗലവിയും അബുസ്സുബാഹിനെ കണ്ടുപിടിച്ചത്. അഞ്ചോ ആറോ മുതിർന്ന വിദ്യാർത്ഥികളെ കിട്ടിയാൽ പഠിപ്പിക്കാമെന്ന് മൗലവി സാഹിബ് ആഗ്രഹം പ്രകടിപ്പിച്ചു. അതനുസരിച്ച് ഞങ്ങൾ ആറ് പേരെ കണ്ടുപിടിച്ചുകൊടുത്തു. അങ്ങനെ അറബിക്കോളേജ് ആനക്കയത്ത് തുടങ്ങി. പിന്നെ മഞ്ചേരിയിലേക്ക് മാറ്റി. തുടർന്ന് റൗസത്തുൽ ഉലൂം അസോസിയേഷൻ രൂപീകൃതമായി. — ഫറൂക്കിൽ കോളേജിനാവശ്യമായ സ്ഥലം സൗജന്യമായി കിട്ടി.

എന്റെ സുഹൃത്തായിരുന്ന കട്ടപ്പുറം വർഗ്ഗീസ് എന്ന എഞ്ചിനീയർ എട്ടു ക്ലാസ്സ് മുറിയും ഒരു ഹാളും അടങ്ങുന്ന കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കിത്തന്നു. 1948 ജനുവരി 30-ന് മൗലവി സാഹിബിനെയും ഹൈദ്രോസ് വക്കീലിനെയും കൂട്ടി ഞാൻ ഇരുമൂളിപ്പറമ്പിലെത്തി. സ്ഥാനം കുറിക്കാൻ തച്ചുശാസ്ത്രം അറിയുന്ന ഒരു നീലകണ്ഠൻ ആശാരിയും കൂടെയുണ്ടായിരുന്നു. അങ്ങിനെ കോളേജിന് സ്ഥാനം കുറിച്ചു. അന്ന് ഗാന്ധിജി വെടിയേറ്റ് മരിച്ചതു കാരണം മടങ്ങാൻ വണ്ടികളൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടു ഞങ്ങൾ കോഴിക്കോട് ഹൈദ്രോസ് വക്കീലിന്റെ വീട്ടിൽ തങ്ങി.

ഞാനും ഹൈദ്രോസ് വക്കീലും മൗലവി സാഹിബും കൂടി മദ്രാസിൽ പോയി സീതി സാഹിബിന്റെ സഹായത്തോടെ ഫാറൂഖ് കോളേജിന് അപേക്ഷ സമർപ്പിച്ചു. അംഗീകാരം കിട്ടാൻ മുഹമ്മദ് ഇസ്മായിൽ സാഹിബും എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു. 'റൗസത്തുൽ ഉലൂം കോളേജ്' എന്നായിരുന്നു കോളേജിന് ഞങ്ങൾ നിർദ്ദേശിച്ചിരുന്ന പേർ. പക്ഷെ അംഗീകാരത്തിനു മുമ്പ് അന്നത്തെ വൈസ് ചാൻസലർ ലക്ഷ്മണസ്വാമി മുതലിയാരുടെ ചോദ്യം അപ്രതീക്ഷിതമായിരുന്നു. 'Why not Farook?' അങ്ങനെ 'ഫാറൂഖ് കോളേജ്' എന്ന പേര് സ്വീകരിക്കപ്പെട്ടു. അസോസിയേഷൻ കൂടാതെ ഫാറൂഖ് കോളേജിന് സ്വന്തമായി മാനേജിംഗ് കമ്മറ്റി വേണമെന്നും യൂനിവേഴ്സിറ്റിയുടെ നിബന്ധനയുണ്ടായിരുന്നു. അന്ന് രൂപീകരിച്ച ആദ്യത്തെ മാനേജിംഗ് കമ്മിറ്റിയുടെ പ്രസിഡണ്ട് ഖാൻ ബഹദൂർ ഉണ്ണിക്കമ്മു സാഹിബും സിക്രട്ടറി കെ.എം. സീതിസാഹിബുമായിരുന്നു. തൽക്കാലം ചുങ്കത്തുള്ള തന്റെ മുന്നിലകം ഹൗസിൽ കോളേജ് തുടങ്ങാമെന്ന് അന്നത്തെ അസോസിയേഷൻ ട്രഷറർ കെ. ഇസ്മായിൽ നിർദേശിച്ചു.

ഈ ഘട്ടത്തിൽ ഞാൻ മദ്രാസ് മുഹമ്മദൻ (ആർട്ട്സ്) കോളേജിൽ പ്രൊഫസറായിരുന്നു. മുഹമ്മദ് ഇസ്മായിൽ സാഹിബും പോക്കർ സാഹിബും കൂടി എന്നെ സമീപിച്ച് പ്രിൻസിപ്പൽ ആകണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ അഞ്ചു വർഷത്തെ ഡെപ്യൂട്ടേഷനിൽ ഞാൻ വന്നു. മുന്നിലകം ഹൗസിൽ കോളേജിന്റെ ഒന്നാമത്തെ പ്രവൃത്തി ദിവസം തന്നെ ഞാൻ പ്രിൻസിപ്പാളായി ചാർജെടുത്തു. 1948 സെപ്റ്റംബർ 15-നായിരുന്നു അത്. ഇന്റർമീഡിയേറ്റിന് 28-ഉം, B.A.ക്ക് നാലും അങ്ങിനെ 32 കുട്ടികളും 7 അധ്യാപകരുമാണ് അന്നുണ്ടായിരുന്നത്. അന്ന് ഹൈദരബാദ് കോളേജ് പ്രിൻസിപ്പൽ എന്റെ അമ്മാവനായിരുന്നു. അദ്ദേഹത്തിന്റെ സ്വന്തം ലൈബ്രറിയിൽനിന്ന് ആയിരത്തോളം പുസ്തകങ്ങൾ ഞാൻ കൊണ്ടുവന്നു. കോളേജ് ലൈബ്രറിയും തുടങ്ങി.

രാജാ അബ്ദുൽഖാദിർ ഹാജി സംഭാവന നല്കിയ പതിനായിരം രൂപ കൊണ്ട് കോളേജിന് തറകെട്ടിയിരുന്നു. സീതിസാഹിബും മുഹമ്മദ് ഇസ്മായിൽ സാഹിബും ഞാനും കൂടി കൊച്ചിയിൽ പോയി. പരേതനായ ഇസ്മായിൽ സേഠിന്റെ മാതാവ് 25000 രൂപ സംഭാവന നല്കി. ഉദാരമതികളായ പലരുടെയും സഹായത്തോടെ കെട്ടിടം പണി പൂർത്തിയായി. പരിശോധിക്കാൻ വന്ന സേലം കോളേജ് പ്രിൻസിപ്പൽ എ. രാമസ്വാമി ഗൗഡർ അൽഭുതംകൂറി : 'അലാവുദ്ദീന്റെ അത്ഭുത വിളക്ക്'.


കോളേജ് ഇരുമൂളിപ്പറമ്പിലേക്ക് മാറിയതോടെ പലതരത്തിലുള്ള ബുദ്ധിമുട്ടുകളായി. ചുങ്കത്ത് നിന്ന് കുന്നിൻമുകളിലേക്ക് നടക്കണം. പിന്നീട് മുസ്ലിം ലീഗ് കമ്മറ്റിയുടെ ഒരു വലിയ ഫോർഡ് കാർ പ്രിൻസിപ്പാളുടെ ആവശ്യത്തിനായി വിട്ടുകിട്ടി. ആറുമാസം അതുപയോഗിച്ചു. കാറു കുന്നു കയറുന്നില്ല. അവസാനം കാറു വിറ്റു. ശമ്പളം കൊടുക്കാൻ പണമുണ്ടായിരുന്നില്ല. പലരോടും വ്യക്തിപരമായി കടം വാങ്ങി ശമ്പളം കൊടുത്തു. എന്നാൽ പലപ്പോഴും എനിക്കു ശമ്പളമുണ്ടായിരുന്നില്ല.

മൂന്ന് ഹോസ്റ്റലുകൾ അക്കാലത്ത് നിർമ്മിക്കപ്പെട്ടു. 40 മുറികളുള്ള മെയിൻ ഹോസ്റ്റൽ (ഇന്നത്തെ ആസാദ്) കെ. ഇസ്മായിൽ പണിയിച്ച് 400 രൂപ വാടകക്ക് കോളേജിന് നല്കി. അതുപോലെ അബ്ദുള്ളക്കുട്ടി ഹാജി ന്യൂ ഹോസ്റ്റലും (ഇന്ന് സ്വകാര്യ ലോഡ്ജാണ്) അവറാൻകുട്ടി ഹാജി നോർത്ത് ഈസ്റ്റ് ഹോസ്റ്റലും (ഇപ്പോൾ പ്രൊഫസർ ജോർജ് ആൻഡ്രൂസിന്റെ വീട്) പണിതു തന്നു.

അങ്ങനെ 5 കൊല്ലം കഴിഞ്ഞു. ഉണ്ണിക്കമ്മു സാഹിബ് ഒരു വർഷം കൂടി നില്ക്കാൻ ആവശ്യപ്പെട്ടു. പിന്നീട് പ്രസിഡണ്ടായി വന്ന കുഞ്ഞിമായിൻ ഹാജിക്കുവേണ്ടി ഒരു കൊല്ലം കൂടി നീട്ടി. പിന്നെയും തുടരണമെന്നാഗ്രഹമുണ്ടായിരുന്നു. പക്ഷെ സാധിച്ചില്ല. 1955-ൽ ഞാൻ സർക്കാർ സർവ്വീസിലേക്ക് തിരിച്ചുപോയി.

(1956-ലെ കോളേജ് മാഗസിനിൽനിന്ന്)

സി.എൻ. അഹ്മദ് മൗലവി



## കറുത്തപാലും കടുത്തമന്ത്രവും

**1936**-ൽ ഈജിപ്തിൽനിന്ന് തിരിച്ചുപോരുമ്പോൾ 'മലബാറിൽ ഒരു മുസ്ലിം സ്ഥാപനം' എന്ന ആശയം മൗലവി സാഹിബിൻെറ മനസ്സിലുണ്ടായിരുന്നു. ഇന്ത്യയിലെത്തിയ അദ്ദേഹം വടക്കെ ഇന്ത്യയിൽ ചുറ്റിക്കറങ്ങിയ കൂട്ടത്തിൽ അലിഗറിലും കുറച്ചുകാലം താമസിച്ചു. തൻെറ മനസ്സിലുള്ള ആശയം അദ്ദേഹം അവിടുത്തെ പണ്ഡിതന്മാരുടെ മുമ്പിൽ അവതരിപ്പിച്ചു. അവരുടെ നിർദ്ദേശങ്ങളും പ്രോത്സാഹനവുമായപ്പോൾ മൗലവി സാഹിബിൻെറ സ്വപ്നം 'മലബാറിൽ ഒരു സർവ്വകലാശാല'യായി ഉയർന്നു. അതിനുശേഷം എന്തോ നിരാശ ബാധിച്ച് ഒരുതരം വിരക്തജീവിതമാണ് അദ്ദേഹം നയിച്ചത്. അതിനിടയിലാണ് മൈസുറിൽനിന്ന് കുഞ്ഞാലിക്കുട്ടി ഹാജിയോടൊപ്പം ആനക്കയത്തെത്തുന്നത്.

ഷാ സാഹിബിനോടൊപ്പം ഞാൻ ആനക്കയത്തുചെന്ന് മൗലവിയെ പരിചയപ്പെട്ടു. ആറ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് കൊടുക്കാൻ അദ്ദേഹം ഞങ്ങളോടാവശ്യപ്പെട്ടു. പല തരത്തിലുള്ള എതിർപ്പുകളുണ്ടായെങ്കിലും കഷ്ടിച്ച് ആറുപേരെ കിട്ടി. അങ്ങനെ കോളേജ് തുടങ്ങി.

പരസ്പരവിരുദ്ധമായ തെറ്റിദ്ധാരണകളാണ് അന്ന് നാട്ടുകാർക്കിടയിൽ മൗലവി സാഹിബിനെക്കുറിച്ചുണ്ടായിരുന്നത്. ഒരു കൂട്ടർ അദ്ദേഹത്തെ പിഴച്ചവനായി കണക്കാക്കിയപ്പോൾ മറ്റൊരു കൂട്ടർ സിദ്ധനായി കണക്കാക്കി. ഒരു ദിവസം ഞാൻ ആനക്കയത്തുള്ളപ്പോൾ ഒരാൾവന്ന് തൻെറ വീട്ടിൽ പിശാചിൻെറ ഉപദ്രവമുണ്ടെന്നും രക്ഷിക്കണമെന്നും മൗലവി'യോടപേക്ഷിച്ചു. അല്പനേരത്തെ മൗനത്തിനുശേഷം മൗലവി സാഹിബ് ഗൗരവത്തിൽ ചോദിച്ചു.

'വീട്ടിൽ പശുക്കളുണ്ടോ?'

'ഉണ്ട്,'

'കറുത്ത പശു?'

'ഉണ്ട്'

'പാൽ കിട്ടുമോ?'

'കിട്ടും'

'എന്നാൽ ദിവസേന ഓരോ ഗ്ലാസ് പാലെടുത്ത് കാച്ചിയിട്ട് 'ഫാതിഹ'യും 'ഖുൽഹുവള്ളാഹു'വും ഓതി അതിൽ ഊതിയശേഷം ഭദ്രമായി അടച്ചു വെക്കുക. ഒരു മണിക്കൂർ കഴിഞ്ഞ് തുറന്ന് നോക്കുമ്പോൾ പാല് കറുത്തിട്ടില്ലെങ്കിൽ എടുത്ത് കുടിക്കുക. കറുത്തിട്ടുണ്ടെങ്കിൽ ദൂരെ കളയുക. അങ്ങനെ 14 ദിവസം ചെയ്തിട്ട് ഇവിടെ വന്ന് വിവരം പറയുക.' ഇത്രയും കേട്ടപ്പോൾ ഞാൻ അറിയാതെ പൊട്ടിച്ചിരിച്ചുപോയി. ആരെയും നിരാശപ്പെടുത്താതെ നയത്തിൽ പെരുമാറുന്ന രീതിയായിരുന്നു മൗലവി സാഹിബിൻേറത്.

അക്കാലത്ത് ഒരിക്കൽ സംസാരത്തിനിടയിൽ മൗലവി സാഹിബ് ഞങ്ങളോടു പറഞ്ഞു. 'നമുക്ക് ഫറൂക്കിൽ കോളേജ് തുടങ്ങണം. സ്ഥലം അന്വേഷിക്കണം'. പലയാവർത്തി പറഞ്ഞപ്പോൾ ഞാൻ ചോദിച്ചു. 'എന്താണ് ഫറൂക്കിൻെറ പ്രത്യേകത?' പ്രത്യേകതയുണ്ട്. ഏറനാട് താലൂക്കിൻെറ അതിർത്തിയാണ് ഫറൂക്ക്. ഏറനാട്ടിലെ മുസ്ലിംകൾക്ക് ത്യാഗശീലവും ധൈര്യവും വളരെ കൂടുതലുണ്ട്. അതേ സമയം കോഴിക്കോട്ടിനടുത്താണ് ഫറൂക്ക്. കോഴിക്കോട്ടെ മുസ്ലിംകൾ ഔദാര്യശീലരാണ്. ഈ രണ്ട് ഗുണങ്ങളും സംഘടിപ്പിക്കണമെങ്കിൽ ഫറൂക്കിൽ തന്നെയാവണം.'

1946-ൽ ലിയാഖത്ത് അലിഖാൻ മലബാർ സന്ദർശിച്ചപ്പോൾ അദ്ദേഹം ഏറനാട്ടിലും വന്നു. മുസ്ലിം ലീഗ് നേതാക്കന്മാരുടെ ശ്രമഫലമായി അദ്ദേഹം മഞ്ചേരിയിൽ മൗലവി സാഹിബിനെയും അദ്ദേഹത്തിൻെറ സ്ഥാപനവും സന്ദർശിച്ചു. അന്നു മുതൽ മൗലവി സാഹിബും, കോളേജും മലബാറിൽ അറിയപ്പെടാൻ തുടങ്ങി.

ഫാറൂഖ് കോളേജിന് വിട്ടുകിട്ടിയ സ്ഥലം ഭീകരവും വിജനവുമായ കൊടുംകാടായിരുന്നു. ദുർഘടംപിടിച്ച വഴിയായിരുന്നു അങ്ങോട്ട്. ഒരു വൈകുന്നേരം ഞാൻ മൗലവി സാഹിബിനെ കാണാൻ കോഴിക്കോട്ട് നിന്ന് ബസ്സിൽ പുറപ്പെട്ടു. ഒരു ഏഴു മണിയായിട്ടുണ്ട്. തൊട്ടടുത്ത സീറ്റിലിരുന്ന മനുഷ്യൻ എന്നോട് ചോദിച്ചു. 'നിങ്ങൾ എങ്ങോട്ട് പോകുന്നു.?' ഞാൻ വിവരം പറഞ്ഞു. അദ്ദേഹം വെപ്രാളത്തോടെ പറഞ്ഞു. 'നിങ്ങൾ ഒരിക്കലും ഈ സമയത്ത് അങ്ങോട്ട് പോകരുത്? നിങ്ങൾക്ക് എൻെറ വീട്ടിൽ താമസിക്കാം'. അങ്ങനെ അന്ന് ഞാൻ രാമനാട്ടുകരയിൽ അയാളോടൊപ്പം താമസിച്ചു. പിറ്റേന്നാണ് കുന്നിൻ മുകളിലേക്ക് പോയത്.

അന്നത്തെ സാമ്പത്തിക നില ഇന്ന് ചിന്തിക്കാൻ പോലും സാദ്ധ്യമല്ല. ഒരിക്കൽ ഞാനും മൗലവി സാഹിബും കൂടി കോഴിക്കോട്ട് വന്നു. ആനക്കയത്ത് കോളേജിൻെറ തൊട്ടടുത്ത് താമസിക്കുന്ന ഒരു ഉമ്മാമയോട് 20 ഉറുപ്പിക കടംവാങ്ങിയാണ് ഞങ്ങൾ പുറപ്പെട്ടത്. കോഴിക്കോട്ടെ മുസ്ലിംകളെ കാണാനും സഹകരണം തേടാനുമാണ് ചെന്നത്. രണ്ടു ദിവസം താജ്മഹൽ ഹോട്ടലിൽ താമസിച്ചു. പലരേയും കണ്ടു; സംസാരിച്ചു. പക്ഷേ പണമായി ആരും ഒന്നും തന്നില്ല. രണ്ടാം ദിവസം വൈകുന്നേരമായപ്പോഴേക്കും 20-ഉറുപ്പിക തീർന്നുപോയി. നിൽക്കാൻ നിവൃത്തിയില്ലാതെ ഞങ്ങൾ മടങ്ങി.

കുഞ്ഞോയി വൈദ്യർ

## കാട്ടിൽ നിന്ന് നാട്ടിലേക്ക്

**അ**ബുസ്സബാഹ് അഹ്മദലി മൗലവി എന്തോ വിരക്തി ബാധിച്ചു കാട്ടിൽ കഴിഞ്ഞുകൂടുന്ന കാലം. കർണ്ണാടകയിലെ ഗുണ്ടൽപേട്ടിനടുത്തുള്ള കൊടുംകാട്ടിൽ തന്നെ കാണാനെത്തുന്ന സന്ദർശകരെയെല്ലാം അദ്ദേഹം ആട്ടിയോടിച്ചു. മഞ്ചേരിക്കടുത്ത ആനക്കയത്തുകാരൻ കുഞ്ഞാലിക്കുട്ടി ഹാജിയും വനാന്തരത്തിലെ അത്ഭുത മനുഷ്യനെ കാണാൻ അടുത്തുചെന്നു. അന്ന് തുടങ്ങിയ പരിചയം മുഖേന മൗലവി സാഹിബ് ആനക്കയത്തു വന്ന് കുഞ്ഞാലിക്കുട്ടി ഹാജിയുടെ ഒഴിഞ്ഞു കിടന്നിരുന്ന തറവാട്ടു

വീട്ടിൽ താമസമാക്കി. ഈ വീട്ടിൽ തന്നെയാണ് അറബിക്കോളജിന്റെ ക്ലാസ്സ് തുടങ്ങിയത്. പിന്നീട് മഞ്ചേരി അങ്ങാടിയിൽ കിളിയമണ്ണിൽ ഉണ്ണീന്റെ ഒരു പാണ്ടികശാല വാടകയ്ക്ക് വാങ്ങി അവിടെയ്ക്ക് മാറ്റി.

ഈ ഘട്ടത്തിലാണ് മൗലവി സാഹിബിനെ നേരിട്ടു കാണാനായി ഞാൻ മഞ്ചേരിയിൽ പോയത്. ആദ്യത്തെ കൂടിക്കാഴ്ചയിൽ തന്നെ അസാധാരണമായ സ്നേഹത്തോടെയാണ് അദ്ദേഹം എന്നെ സ്വീകരിച്ചത്. ഞാൻ മൗലവി സാഹിബിനോടൊപ്പം താമസിച്ചു. ഇശാനമസ്ക്കാരത്തിന് ശേഷം നെയ്ച്ചോറും കോഴിക്കറിയുമൊക്കെ എന്നെ തീറ്റിച്ചു. മുകളിലെ നിലയിൽ മൗലവിതന്നെ എനിക്ക് കിടക്ക വിരിച്ച് തന്നു. എന്തുകൊണ്ടോ എനിക്ക് ഉറക്കം വരുന്നില്ല. അടുത്ത മുറിയിൽനിന്ന് നേർത്ത കരച്ചിലും, ആവലാതിയും, സുജൂദും. മൗലവി സാഹിബ് അല്ലാഹുവിനോട് സങ്കടപ്പെട്ട് പ്രാർത്ഥിക്കുകയാണ്. പുലർച്ചേ ഏതാണ്ട് മൂന്ന് മണിവരെ ഇത് തുടർന്നുകൊണ്ടിരുന്നു. അതിനിടയ്ക്ക് എപ്പോഴോ ഞാൻ ഉറങ്ങിപ്പോയി. രാവിലെ മൗലവി സാഹിബ് വാതിലിൽ തട്ടിയപ്പോഴാണ് ഞാനുണർന്നത്. "വെള്ളം ചൂടാക്കി കൊണ്ടുവന്നിട്ടുണ്ട്. വുസു എടുത്ത് ഇവിടുന്ന് തന്നെ നമസ്ക്കരിക്കാം. സുബ്ഹി 'ഖളാ ആ'കാൻ ഇനി 15 മിനുട്ടേയുള്ളൂ." അദ്ദേഹം പറഞ്ഞു. "ഈ മനുഷ്യനാണല്ലോ നിരീശ്വരനെന്ന് മുദ്രകുത്തപ്പെട്ടത്." ഞാനാശ്ചര്യപ്പെട്ടു പോയി.

മറ്റൊരിക്കൽ മൗലവി സാഹിബ് എന്നോട് പറഞ്ഞു. "ഞാൻ താമസിച്ച ആനക്കയത്തെ വീടും പറമ്പും കുഞ്ഞാലിക്കുട്ടി ഹാജി എനിക്ക് തരാമെന്ന് പറഞ്ഞിട്ടുണ്ട്, ഞാൻ ഒറ്റക്ക് അവിടെ താമസിക്കില്ല. അതുകൊണ്ട് നിങ്ങൾ ഒരു കമ്മറ്റിയുണ്ടാക്കണം. കമ്മറ്റിയിൽ ഒരു വക്കീൽവേണം. ബാക്കിയൊക്കെ നിങ്ങൾക്ക് ഇഷ്ടമുള്ളവരെ എടുത്തോളൂ." അങ്ങനെയാണ് ഞാൻ ഹൈദ്രോസ് വക്കീലിനെ സമീപിക്കുന്നത്. അദ്ദേഹം കമ്മറ്റിയുടെ സിക്രട്ടറിയാവാൻ സമ്മതിച്ചു. ഞാൻ ജോ. സിക്രട്ടറിയുമായി. പിന്നെ സീതി സാഹിബ്, സത്താർ സേട്ട് സാഹിബ് തുടങ്ങിയ മുസ്ലിം ലീഗുകാരെയും (ഞാൻ അന്ന് മുന്തിയ ലീഗുകാരനാണ്) ഏതാനും കോൺഗ്രസ്സുകാരെയും ഉൾപ്പെടുത്തി റൗസത്തുൽ ഉലൂം അസോസിയേഷൻ രൂപീകരിക്കപ്പെട്ടു.

അങ്ങനെയിരിക്കെ ഒരു ആർട്സ് കോളേജിന് അപേക്ഷ കൊടുക്കാൻ മൗലവി സാഹിബിന് നിർദേശം ലഭിച്ചു. പക്ഷേ, അദ്ദേഹത്തിന് അപേക്ഷ കൊടുക്കാൻ അധികാരമില്ലല്ലോ. അസോസിയേഷൻ യോഗം ചേർന്നതായും മൗലവിയെ അധികാരപ്പെടുത്തിയതായും ഞാൻ റിപ്പോർട്ടെഴുതിയുണ്ടാക്കി. ഫാറൂഖ് കോളേജിന് അപേക്ഷ സമർപ്പിച്ച ശേഷം മൗലവി സാഹിബ് സിലോണിലേക്ക് പോയി. അവിടെനിന്ന് ശക്തിയായ പനി പിടിച്ച് മടങ്ങിപ്പോന്നു. ഇവിടെയെത്തിയപ്പോൾ ആരോഗ്യനില കൂടുതൽ ഗുരുതരാവസ്ഥയിലായി. അദ്ദേഹത്തെ സന്ദർശിച്ച പലരും അദ്ദേഹം ഇനി ജീവിച്ചിരിക്കുകയില്ല എന്ന് അഭിപ്രായപ്പെട്ടു. പക്ഷേ, ഞാൻ അദ്ദേഹത്തിന്റെ അസുഖം മാറുമെന്നുതന്നെ വിശ്വസിച്ചു. അസുഖം മാറി.രാജാ അബ്ദുൽ ഖാദർ ഹാജി നല്കിയ 10,000 ഉറുപ്പിക കൊണ്ട് കോളേജിന് സ്ഥലം വാങ്ങാൻ എന്നെ ഏല്പിച്ചു. ഹൈദ്രോസ് വക്കീൽ നിർദ്ദേശിച്ചതു പ്രകാരം പുളിയാളി അബ്ദുല്ലക്കുട്ടി ഹാജിയുടെ മകന്റെ കൂടെ ഞാൻ സ്ഥലം കാണാൻ ഇവിടെ വന്നു. ഈ കുന്നിൻപുറത്ത് ആദ്യമായി കാൽകുത്തിയത് ഞാനാണ്. സ്ഥലം എനിക്കു പിടിച്ചു. ഹൈദ്രോസ് വക്കീൽ നയത്തിൽ അബ്ദുല്ലക്കുട്ടി ഹാജിയോട് സംസാരിച്ചു. കോളേജിന് വേണ്ടി 22 ഏക്കർ വെറുതെ തരാമെന്ന് അദ്ദേഹം സമ്മതിച്ചു.

കോളേജ് കെട്ടിടത്തിന് തറ കെട്ടാൻ 9750 ഉറുപ്പിക ചെലവായി. പരിശോധനാക്കമ്മീഷന് ബത്ത കെട്ടിവെക്കാൻ 500 ഉറുപ്പിക വേണം. ഞങ്ങളുടെ കയ്യിൽ 250 ഉറുപ്പിക മാത്രമെയുള്ളൂ. 250 ഉറുപ്പിക മൗലവി സാഹിബ് വായ്പ വാങ്ങി കൊടുത്തയച്ചു. അങ്ങനെ 500 ഉറുപ്പിക കെട്ടിവച്ചു.

പരിശോധനയ്ക്ക് കമ്മീഷൻ വരുന്ന വിവരം കിട്ടി. കാറിന് കടന്നുവരാൻ പാകത്തിൽ ഇരുമൂളിപ്പറമ്പിലേക്ക് ഒരുവഴി ഞങ്ങൾ വെട്ടിയുണ്ടാക്കി. മൗലവിയുടെ നിർദ്ദേശപ്രകാരം ഉണ്ണിക്കമ്മു സാഹിബ്, പി.പി. ഹസ്സൻ കോയ തുടങ്ങിയ പല പ്രമാണികളെയും ക്ഷണിച്ചു. തറയുടെ മുകളിൽ പന്തലിട്ടു. പരിശോധനയെത്തുടർന്ന് കമ്മീഷന്റെ പ്രതികരണം ഇങ്ങനെയായിരുന്നു. 'ഈ സ്ഥലം പരിശോധിച്ച ആരുംതന്നെ ഒരു ഫസ്റ്റ്ഗ്രേഡ് കോളേജിന് ശുപാർശ ചെയ്യില്ല. കാരണം ഇവിടെ അറബിക്കോളജ് തന്നെയില്ലാത്ത അവസ്ഥയാണ്. പക്ഷേ എന്റെ മുമ്പിൽ കുറേ മാന്യവ്യക്തികളെ ഞാൻ കാണുന്നു. ഉണ്ണിക്കമ്മു സാഹിബിനെ ഞാനറിയും. പി.പി. ഹസ്സൻകോയയെ ഞാനറിയും. ഇവരൊക്കെ വിചാരിച്ചാൽ ഒരുമാസംകൊണ്ട് കോളേജുണ്ടാക്കാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാൻ ഫസ്റ്റ്ഗ്രേഡ് കോളേജിന് ശുപാർശ ചെയ്യുന്നു.'

കമ്മീഷന്റെ പ്രസ്താവനയ്ക്ക് നല്ല ഫലമുണ്ടായി. അന്ന് തന്നെ ഒരു ഫൈനാൻസ് കമ്മറ്റിയുണ്ടാക്കി. ഈ പ്രമാണിമാർ കോഴിക്കോട്ട് നടന്ന് മൂന്നു ദിവസം കൊണ്ട് ഒരു ലക്ഷം രൂപയുണ്ടാക്കി, കോളേജിന് വേണ്ടി ഡെപ്പോസിറ്റ്ചെയ്തു. തുടർന്ന് സംഭാവന പിരിച്ച് 26,000 ഉറുപ്പിക ചെലവിൽ ആദ്യത്തെ കെട്ടിടം പണി തീർത്തു. അറബിക്കോളേജിന് വേണ്ടി താത്ക്കാലികമായി ഒരു ഷെഡ്ഡുണ്ടാക്കി. മഞ്ചേരിയിൽനിന്ന് അങ്ങോട്ടുമാറ്റി. ആർട്ട്സ് കോളേജ് മുന്നിലകത്തുനിന്ന് പുതിയ കെട്ടിടത്തിലേക്കും മാറ്റി.


1971 മൗലവി സാഹിബിന്റെ മരണശേഷം രാജാ അബ്ദുൽ ഖാദർ ഹാജിയാണ് റൗസത്തുൽ ഉലൂം അസോസിയേഷന്റെ പ്രസിഡണ്ടായത്. രാജയുടെ മരണശേഷം ഞാനാണ് പ്രസിഡണ്ട്. എനിക്ക് 88 വയസ്സായി. മൗലവി സാഹിബിനെ ആദ്യമായി കോഴിക്കോട്ടേക്ക് കൊണ്ടുവന്നത് ഞാനാണ്. മരിക്കുമ്പോഴും ഞാൻ അടുത്തുണ്ടായിരുന്നു. മൗലവിയുടെ വിവാഹത്തിന് മുൻകയ്യെടുത്തത് ഞാനാണ്. രണ്ട് മക്കളുടെ കല്യാണത്തിനും ഞാൻ പങ്കെടുത്തിട്ടുണ്ട്.

**S. Ismail Sahib**

## SPIRITUALLY DETERIORATED?

*Moulavi Abu Sabah Sahib used to visit our place often and, as a young man, I looked upon him with great admiration and awe. He was such a man who radiated enthusiasm and encouragement. He satisfied us with answers for all our questions. He wanted peace among people. When the Farook College mosque was built, two names were suggested by two sections of the committee. Then the problem was presented before Moulavi Sahib. Considering the pros and cons, he recommended the present name 'Al-Azhar' which was accepted by both parties.*

*I have been in touch with the college since 1966. Though the college has grown up very much physically its spiritual aspect, I feel, is becoming deteriorated.*



# IT SPRANG OUT OF NECESSITY

A.K. KADER KUTTY SAHIB

*All great things invariably had humble beginnings. Sometimes, it would have been accidental, sometimes it came out of sheer necessity.*

*The origin of Farook College belongs to this second category. It was sometime in 1945-46 period.*

*I was then a member of the Advisory Committee of the Govt. Brennen College, Tellicherry. The Principal who had just taken over charge, insisted that admiss sion to the college should be on merit basis only. I realised the implications of this decision, which if implimented, would be detrimental to the interests of the local people. I therefore suggested an alternative that in the case of students belonging tothe local area, some weightage be given. This was not acceptable to the Principal. I therefore walked out in protest.*

*The incident set me thinking. I went to the late Seethi Sahib who was then practising at Tellicherry. We discussed the problem in detail and agreed that we should meet again at Madras soon, to do something concrete in the matter.*

*At Madras, we met the Vice Chancellor and explained the problem to him, particularly the aspect that concerned the Muslim Community. His approach was direct. He asked us: "Why do you want to wait for seats in a government college? Why not start a college of your own?"*

*That was something we had never thought of till then. But we agreed to consider his suggestion and took leave of him.*

*Here starts the history of Farook College.*

*The consensus was that we start a first grade college in Central Malabar region. Land was scarce in Calicut. Late Advocate Hydross Saheb started making extensive enquiries at Farook area for land. We had none from Calicut in the beginning.*

*One evening, when we were returning from Feroke just after a "hunt for land" we saw illumination at Janab Umbichi Haji's house at Kallai, where some wedding function was going on. We were not invited for the function, but we barged in, to the surprise of the hosts. We met a lot of people there. Late P.I. Kunhamed Kutty Haji and many others from Calicut joined us soon.*

*When I found our search endless, I offered 200 or 300 acres ofland at Tellicherry for the College, but Calicut area was preferred as a central place for the Malabar region. We had a marathon meeting at Unnikammu Saheb's house on the previous day of the visit of University Commission. The discussions lasted till the small hours without any tangible results. We received promises, if I remember correct, of about Rs. 60,000/- to Rs. 70,000/- at the meeting from the members present. Hydross Saheb even offered to pledge his house, but the gap was still wide.*


*I returned to Tellicherry to ra[...] the balance amount required. I to[...] some amount which was with m[...] earmarked for another purpo[...] Some money was available with [...] educational association of which [...] was the treasurer. This w[...] mobilised and the amount se[...] through a special messenger [...] Calicut.*

*Everything clicked fine. The mo[...] was cast for the College just in time[...]*

*I was one of those who argu[...] that a master plan should first [...] drawn up before we start the w[...] on the College. But there ma[...] amongst us, who were a little "p[...]simistic" about the ambitious pro[...]ramme we had launched upon. [...] they too turned optimistic once w[...] started moving. Moulavi Saheb w[...] very enthusiastic and encourag[...] us to go ahead. Everyone con[...]buted their mite for the Colleg[...] Prominent among them were [...] uncle Late Kunhi Mayan Haji, R[...] Abdul Kadar Haji, Unnikkam[...] Saheb, Kunhamed Kutty Haji, [...] Baramy, Koyapathody Ahmed Ku[...] Haji and many others.*

*From that point, we never look[...] back. It was, as history proved, [...] story of success and progress.*

*Yes, looking back now, we ha[...] every reason to be proud of [...] achievement.*





പി.കെ. മൂസ്സ മൗലവി

## ഓർമ്മയിൽ ഒരു ചിത്രം

എനിക്ക് വയസ്സ് നൂറ് കഴിഞ്ഞെങ്കിലും അബുസ്സബാഹ് മൗലവിയെ ഞാനിന്നും കൺമുമ്പിൽ കാണുന്നു. വളരെയൊന്നും സുന്ദരനല്ലാത്ത കൃശഗാത്രനായ മൗലവി സാഹിബ്. വെളുത്ത പൈജാമയും ജുബ്ബയും, ചുകന്ന ഈജിപ്ഷ്യൻ തൊപ്പിയും കൈയിലൊരു വടിയുമായി ഇരുമൂളിപ്പറമ്പിലെത്തിയ മൗലവി ബൃഹത്തായ ഒരാശയവുമായാണ് മുന്നോട്ട് പോയത്. അദ്ദേഹത്തിന്റെയും കേരളസിംഹം സീതി സാഹിബിന്റെയും ദീർഘവീക്ഷണവും ധീരതയും പ്രായോഗികബുദ്ധിയുമാണ് ഇന്നു കാണുന്ന ഫാറൂഖ് കോളേജ് കാമ്പസ്സിന് രൂപം നല്കിയത്. അതിശീഘ്രം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഭൗതികലോകത്ത് മുസ്ലിം സമൂഹത്തിന് അന്തസ്സും അഭിമാനവും കൈവിടാതെ വെല്ലുവിളികളെ സമർത്ഥമായി നേരിടാൻ സാധിക്കുന്ന ഒരു സ്ഥാപനമായി ഫാറൂഖ് കോളേജ് മാറിയിരിക്കുന്നു.

കോളേജിനു ശക്തമായ അടിത്തറപാകിയ ഷാ സാഹിബ് ത്യാഗിയായ പ്രിൻസിപ്പലായിരുന്നു. കോളേജിന്റെ വളർച്ചയ്ക്ക് സഹായിച്ച ജലീൽ സാഹിബിനെയും വിനയശീലനായ വി. മുഹമ്മദ് സാഹിബിനെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കേണ്ടതാണ്. കൊമേഴ്സ് പ്രൊഫസറായി വിരമിച്ച പ്രൊഫ. ടി. അബ്ദുല്ല സാഹിബ് വിദ്യാർത്ഥികളുടെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ചിരുന്നു.

അടുത്ത കാലത്തായി നമ്മുടെ കോളേജ് നേട്ടങ്ങളുടെ കാര്യത്തിൽ അല്പം പിന്നോട്ടാണോ എന്ന് തോന്നിപ്പോകുന്നു. അധ്യാപകരാണു കൂടുതൽ ശ്രദ്ധിക്കേണ്ടത്. അലസതയും സുഖലോലുപതയും ഒരിക്കലും ഒരധ്യാപകനെ നിഷ്ക്രിയനാക്കാൻ പാടില്ലാത്തതാണ്. കോളേജിന്റെ അന്തസ്സും ക്ഷേമവും അവരുടെ കൈകളിലാണ്.

അബുസ്സബാഹിന്റെ സ്വപ്നങ്ങൾ നമ്മുടെയും സ്വപ്നങ്ങളാണ്. അവയിൽ പലതും ബാക്കി കിടക്കുന്നു. സ്ത്രീകൾക്ക് സ്വന്തമായൊരു തൊഴിൽ പരിശീലനകേന്ദ്രം, എഞ്ചിനീയറിങ്ങ് കോളേജ്, മെഡിക്കൽ കോളേജ് — അങ്ങനെ ആ പട്ടിക പൂർത്തിയായിട്ടില്ല. നമുക്കിനിയും ഏറെ ദൂരം പോകേണ്ടതുണ്ട്.



സി.പി. അബൂബക്കർ മൗലവി

## തുടക്കത്തിന്റെ പെടാപ്പാടുകൾ

ഞാൻ ചാവക്കാട്ടുകാരനാണ്. അന്നവിടെ അറബി മുൻഷിയായിരുന്ന ഫലക്കി മൗലവിക്ക് സി.എൻ. അഹ്മദ് മൗലവി ഒരു കത്തയച്ചു. അസ്ഹറിൽനിന്നു പഠിച്ചുവന്ന ഒരു പണ്ഡിതന് ഒരു സ്ഥാപനം തുടങ്ങണമെന്ന് ആഗ്രഹമുണ്ട്. തഫ്സീർ (ഖുർ ആൻ വ്യാഖ്യാനം) പഠിച്ച വിദ്യാർത്ഥികളുണ്ടെങ്കിൽ അയച്ചുതരണം എന്നായിരുന്നു കത്ത്. ഉപരിപഠനത്തിനായി പുറത്തെവിടെയെങ്കിലും പോകണമെന്ന് ഞാനുദ്ദേശിച്ച കാലം. ഫലക്കി മൗലവിയുടെ നിർദ്ദേശാനുസരണം ആനക്കയത്തെത്തി ഞാൻ മൗലവി സാഹിബിനെ കണ്ടു.

1942-ൽ അറബിക്കോളേജ് തുടങ്ങിയപ്പോൾ ആറു വിദ്യാർത്ഥികളാണുണ്ടായിരുന്നത്. എ. അലവി മൗലവി (എടരിക്കോട്), ടി.പി. ആലി മൗലവി (എടത്തനാട്ടുകര), അലവിക്കുട്ടി മൗലവി (മങ്കട പള്ളിപ്പുറം), എൻ. അബ്ദു (പെരുമ്പിലായി), ജ: അബ്ദുൽ ഹമീദ് എന്നിവരും പിന്നെ ഞാനും.

ഉദ്ഘാടന ദിവസം കുഴപ്പമുണ്ടാക്കാൻ നാട്ടുകാരെല്ലാം തടിച്ചുകൂടി. അവരെയും ക്ലാസ്സിൽ കടന്നിരിക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടു. മൗലവി സാഹിബ് സമ്മതിച്ചില്ല. ജനക്കൂട്ടം ക്ഷുഭിതരായി തിരിച്ചു പോയി. പിറ്റേന്നു മുതൽ മൗലവി സാഹിബും കൂട്ടരും മുസ്ഹഫ് 'വുസു' ഇല്ലാതെ എടുക്കുന്നു എന്നൊരപവാദം നാട്ടിലാകെ പ്രചരിച്ചു. പ്രക്ഷോഭമായപ്പോൾ മൗലവി എല്ലാരെയും വിളിച്ചുവരുത്തി.മുസ്ഹഫ് പോലെ തോന്നിക്കുന്ന ഒരു ഗ്രന്ഥം ഞാൻ മൗലവി സാഹിബിന്റെ കയ്യിൽ കൊടുത്തു. ആ ഗ്രന്ഥം കാണിച്ചുകൊണ്ട് മൗലവി സാഹിബ് ജനങ്ങളോട് ചോദിച്ചു: "ഇതല്ലേ ഞങ്ങൾ 'വുസു' ഇല്ലാതെ എടുത്തത്?"

'അതെ.' ജനങ്ങൾ സമ്മതിച്ചു. ഉടനെ അദ്ദേഹം ഗ്രന്ഥം തുറന്നു കാണിച്ചുകൊടുത്തു. അത് 'മുഖ്താർ' ആയിരുന്നു: അറബി ഭാഷയിലെ ഏറ്റവും വലിയ നിഘണ്ടു. അതോടെ ജനം ഒരുവിധം ശാന്തരായി തിരിച്ചു പോയി.

ക്ലാസ്സെടുക്കുന്നതിനിടയിൽ പലപ്പോഴും തന്റെ സ്വപ്നം മൗലവി സാഹിബ് തുറന്നു പറയാറുണ്ട്. അറബിക്കോളേജിൽനിന്ന് അറബിയും ഇസ്ലാമിക വിഷയങ്ങളും, ആർട്സ് കോളേജിൽനിന്ന് ഇംഗ്ലീഷും മറ്റു ബിരുദവിഷയങ്ങളും പഠിക്കാനുതകുന്ന വിശാലമായ ഒരു കാമ്പസ്സായിരുന്നു അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത്. മൗലവി സാഹിബ് അസ്ഹറിൽ പഠിക്കുന്ന കാലത്ത് മൗലാനാ മുഹമ്മദലി അവിടെയുണ്ടായിരുന്നു. അദ്ദേഹത്തിൽനിന്നാണ് ഇങ്ങനെ.യൊരു ആശയം ലഭിച്ചതെന്ന് മൗലവി സാഹിബ് പറയാറുണ്ട്. ഒരു ദിവസം അപ്രതീക്ഷിതമായി ഞങ്ങളോട് ഒരുചോദ്യം: "കേരളത്തിൽ ഒരു മുസ്ലിം ഖലീഫയുടെ പേരുള്ള സ്ഥലമുണ്ട്. അറിയാമോ?" ഞങ്ങൾ ഉത്തരം തേടി തപ്പിത്തടഞ്ഞു. "ഫാറൂഖ്" അദ്ദേഹം പറഞ്ഞു

“ഉമറുൽ ഫാറൂഖിന്റെ നാമധേയത്തിലുള്ള സ്ഥലമാണത്. അവിടെയായിരിക്കണം നമ്മുടെ കോളേജ്.” അദ്ദേഹം കൂട്ടിച്ചേർത്തു.

1944-ൽ പരീക്ഷ കഴിഞ്ഞു, ചാവക്കാട് ഹൈസ്കൂളിൽ അധ്യാപകനായി ചേരാനുള്ള ഒരുക്കത്തിലായിരുന്നു ഞാൻ. മൗലവി സാഹിബിനോട് സമ്മതം ചോദിക്കാൻ ചെന്നു. അദ്ദേഹം ചോദിച്ചു. ‘ഇവിടെനിന്ന് എന്നെ ഒന്ന് സഹായിച്ചുകൂടെ. അങ്ങനെയാകാമെന്ന് ഞാനും സമ്മതിച്ചു. മഞ്ചേരിയിൽ അധ്യാപകനായി. പിന്നീടാണ് കോളേജ് ഇങ്ങോട്ടു മാറ്റിയത്. കോളേജിന് ആദ്യമായി സംഭാവന നല്കിയത് രാജാ അബ്ദുൽഖാദർ ഹാജിയാണ്. 10,000 ഉറുപ്പിക വാഗ്ദാനം ചെയ്തുകൊണ്ട് രാജാ സാഹിബ് മൗലവി സാഹിബിന് കത്തയയ്ക്കുമ്പോൾ ഞാൻ അവിടെയുണ്ട്. ത ന്റെ കാര്യസ്ഥൻ അബ്ദുറസാഖിന് കത്തെഴുതാനുള്ള വാചകങ്ങൾ രാജാ സാഹിബ് പറഞ്ഞുകൊടുക്കുകയാണ്. ‘പതിനായിരം’ എന്ന് പറഞ്ഞപ്പോൾ കാര്യസ്ഥൻ എഴുത്ത് നിർത്തി: ‘എന്താണ് മുതലാളി പറയുന്നത്? പതിനായിരം ഉറുപ്പിക എടുത്താൽ പിന്നെ കച്ചവടം നടത്താൻ കഴിയുമോ?’ അയാൾ ആശ്ചര്യത്തോടെ ചോദിച്ചു. അത്രയും വലുതായിരുന്നു അന്നു പതിനായിരം. പക്ഷേ , ‘അതൊക്കെ അല്ലാഹു തരും; നീ എഴുത്’ എന്നായിരുന്നു രാജാ അബ്ദുൽ ഖാദിർ ഹാജിയുടെ മറുപടി.

ആദ്യഘട്ടത്തിൽ ജാതിമതപരിഗണനകൾക്കതീതമായി എല്ലാ വിഭാഗം ആളുകളും ഫാറൂഖ് കോളേജിനെ സഹായിച്ചിട്ടുണ്ട്. കോപ്പറേറ്റീവ് സ്റ്റോറിന്റെ കെട്ടിടം ഇന്ത്യൻ അച്യുതൻ നായരാണ് സംഭാവന ചെയ്തത്. അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് മന്നത്തു പദ്മനാഭനും.


**K.M. Seethi Saheb**

## THE GENESIS

*In one of my courtesy calls on Dr. Abdul Haq, the Deputy Director of Public Instructions, he devoted the major part of his conversation with me to an exposition of the advantages of establishing a College in Malabar in accordance with the policy of the University, and pointed out the instance of opening the Usmaniya College, Kurnool. He made an impressive appeal to me to move the matter without any avoidable delay.*

*“I told Dr. Abdul Haq that I would immediately consult my friends and colleagues and explore the possibility of starting a College on the new premises of the Rouzathul Uloom Arabic College at Feroke which had been endowed by Janab P. Abdulla Kutty Saheb and to which was the College to be shifted from Manjeri. I lost no time in broaching the matter to Mr. M.V. Hydross Saheb, MLA, who was the Secretary of the Rouzathul Uloom Association, Mr. Hydross Saheb who had even spoken to me a couple of days back about the possibility of having a First Grade College as an adjunct of the Arabic College, accorded a hearty welcome to the idea. We immediately decided to write to Moulavi Abussabah Ahmed Ali Sahib, the Founder and President of the Rouzathul Uloom Association and Principal of the Arabic College, about the matter and sent a letter to him that very day. Moulavi Saheb had only to receive the letter to start to Madras with his characteristic energy and optimism. It was Moulavi Saheb's cherished ambition to have a College under the Rouzathul Uloom and he naturally jumped at the idea. On his arrival in Madras, we had hurried consultation with Janab Muhammed Ismail Saheb, MLA, the President of the Indian Union Muslim League, and Mr. B. Pocker Saheb, and the application for opening the Farook First Grade College, was filed in the month of October 1947. The great encouragement given to us by Dr. A Lakshmana Swamy Mudaliar, the Vice Chancellor, before filing the application, was of invaluable help to us at that stage, and also at all subsequent stages. Soon after the application was made there was a meeting of the prominent Moplah gentlemen who were then in Madras at the business premises of Mr. N.V. Umar Saheb. Mr. Mohammed Ismail Saheb, MLA presided over the meeting and a Committee to promote the College Scheme was formed with Muhammed Ismail Saheb as President. He issued an appeal exhorting the public, especially the Muslim Public, to extend all possible help to the College.”*

**(Extract from Silver Jubilee Souvenir)**



**Syed Abdul Wahab Bukhari**

## APPLICATION FILED

*They had to pay an application fee of Rs. 600/-, I think the money was raised as a loan, and the application was submitted to the University. I happened to be in Malabar at that time. A campaign of collections was set afoot, with Mr. Seethi, Moulana Abussabah, Mr. Hydross and myself. We decided to go to Khan Bahadur Unnikammu Sahib, a merchant prince of Malabar. He received us well and was very favourably impressed with the idea of opening an Arts and Science College in Malabar. He promised to start with Rs. 5000/- and in case we also collected Rs. 5000/- he would be willing to give another equal amount. Thus, he not only helped us but encouraged us in our collections. In a short time we were able to reach the figure of Rs. 30,000/-.*

*“It was some time in April 1948 that the University Commission in which I was also a member, visited the College. Mr. Syed Mohideen Shah, the Principal designate, received and introduced us to the members of the Managing Committee. The Commission's visit was noised about and quite a large gathering of enthusiastic people had collected there. But beyond a*

*few bare walls and a hall with a few hundred books, which the Principal had furnished to the College, there was nothing ready that could be called a College. The Management wanted to start the College in July of that year. The Commission could not possibly agree to give recognition. It was argued on behalf of the Management that since enthusiasm for the College had been generated, it would be possible to mobilise it and the College will come into existence at the end of June. The Commission had been advised favourably by the Vice-Chancellor who was keen that the College should come into existence in Malabar.*

*"It was therefore agreed that a one man Commission should visit Feroke towards the end of June and see how far the construction and other arrangement had been carried out. Prof. K.S.U. Nair was suggested as the Commission subject to the approval of the Vice-Chancellor. But for this lenient attitude of the University led by that Educationalist par excellence, Dr. Lakshmanna Swamy Mudaliar, the enthusiasm of the people would have petered away and then there would have been no Farook College today. Our thanks are primarily due to Allah, who guided our Vice-Chancellor to take that great step towards the higher education of Muslim Community.*

**(Extract from Silver Jubilee Number.)**

വി.എം. മമ്മുസാഹിബ്


## ഒരു വാഗ്ദാനം

## ഒരു തുടം കണ്ണീർ

പരേതനായ ഹൈദ്രോസ് വക്കീൽ മുഖേന യാണ് ഫാറൂഖ് കോളേജ് സ്ഥാപിക്കുന്ന കാര്യം ഞാൻ ആദ്യമായി അറിയുന്നത്. ഒരു കേസ് സംബന്ധമായി അദ്ദേഹത്തെ കാ ണാൻ ചെന്നതായിരുന്നു ഞാൻ. പുളിയാളി അബ്ദുള്ളക്കുട്ടി ഹാജി കോളേജിന് സ്ഥലം കൊടുത്തതായി പിന്നീടാണ് ഫറൂ ക്കിൽ നിന്നറിഞ്ഞത്. ഏറെത്താമസിയാതെ അബുസ്സബാഹ് മൗലവി സാഹിബിന്റെ ആവശ്യപ്രകാരം എന്റെ മണ്ണിൽ തൈക്കാട്ട് തറവാടിന്റെ വക ഏതാനും ഏക്കർ സ്ഥലം റൗളത്തുൽ ഉലൂം അസോസിയേ ഷന് നല്കാമെന്ന് ഞങ്ങൾ വാഗ്ദാനം നല് കി.

ഭാരിച്ച സാമ്പത്തികബാധ്യതയോർത്ത് ഫസ്റ്റ്ഗ്രേഡ് കോളേജ് തുടങ്ങുന്ന കാര്യ ത്തിൽ അസോസിയേഷൻ അറച്ചുനിന്ന ഘട്ടമായിരുന്നു അത്. കോളേജ് സ്ഥാപിക്ക ണമെന്ന ഉൽക്കടമായ ആഗ്രഹം സിക്രട്ടറി യായിരുന്ന ഹൈദ്രോസ് വക്കീലിനുണ്ടായി രുന്നു. അദ്ദേഹം കാര്യങ്ങളുടെകിടപ്പ് എനിക്ക് വിശദീകരിച്ചു തന്നു. അങ്ങനെ എന്റെ ജ്യേഷ്ഠൻ വി.എം. മുഹമ്മദ് സാ ഹിബ്, അനുജൻ മൊയ്തീൻകുട്ടി, ഉമ്മ ചാ ക്കീരി ബിയ്യാത്തുട്ടി എന്നിവരുടെ പേരിലു ണ്ടായിരുന്ന കുറെ ഏക്കർ സ്ഥലം ഞങ്ങൾ ഫാറൂഖ് കോളേജ് കമ്മറ്റിക്ക് വിട്ടു കൊടുത്തു. രജിസ്റ്റർ ചെയ്ത ദിവസം രജിസ്ട്രാരോട് ഒരു കത്തു വാങ്ങി. അന്ന് ആധാരം കിട്ടണമെങ്കിൽ കുറെ ദിവസം പി ടിക്കുമായിരുന്നു. അതുകൊണ്ട് ആ കത്താണ് സ്ഥലപരിശോധനയ്ക്ക് വന്ന രണ്ടാം യൂണിവേഴ്സിറ്റി കമ്മീഷന് സമർപ്പി ച്ചിരുന്നത്. അബുസ്സബാഹ് മൗലവിയുമായി നേരത്തെ ചെയ്ത വാഗ്ദാനപ്രകാരം സ്വന്തം പേരിലുണ്ടായിരുന്ന ഒരു നിലം റൗസത്തുൽ ഉലൂം അറബിക്കോളേജിനും വിട്ടുകൊടു ത്തു.

കോളേജിന് അംഗീകാരം കിട്ടാൻ അഞ്ചു ലക്ഷം ഉറുപ്പിക ആവശ്യമായി വന്നു. 1948—'49 മലബാറിലൊട്ടാകെ ക്ഷാമവും വറുതിയുമുള്ള കാലമായിരുന്നു. അഞ്ചുല ക്ഷം രൂപ പിരിക്കുക അന്ന് ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല. കോളേജ് കാമ്പസ്സിൽ ഈ പ്രശ്നം ചർച്ചചെയ്യാൻ ഒരു യോഗം ചേർന്നു. പല പ്രമുഖരും കോളേജ് സ്ഥാപിക്കേണ്ടതില്ലെന്നുപോലും അഭിപ്രാ യപ്പെട്ടു. യോഗം തീർന്നപ്പോൾ ഹൈദ്രോസ് വക്കീൽ കരയുകയായിരുന്നു. ഇത് കണ്ട ആറ്റക്കോയ തങ്ങൾ പറഞ്ഞു: "എനിക്ക് നട ക്കാൻ വയ്യ, വാതം പിടിച്ച് എന്റെ കാലു കൾ കുഴഞ്ഞുപോയിരിക്കുന്നു. നിങ്ങൾ എന്നെ ഏറ്റിക്കൊണ്ടു നടക്കുകയാണെങ്കിൽ ഫാറൂഖ് കോളേജിന് വേണ്ട പണം ഞാൻ പിരിപ്പിച്ച് തരാം." ആ പ്രഖ്യാപനമാണ് കോ ളേജ് ആരംഭിക്കാനുള്ള ധൈര്യം പകർന്നത്. കെട്ടിടം പണിക്ക് ധാരാളം പണം ആവശ്യ മായി വന്ന ഘട്ടത്തിലാണ്, മൊറയൂരിലെ കോടിത്തൊടി അഹമ്മദ്കുട്ടി ഹാജി കോ ളേജിന് വലിയ ഒരു തെങ്ങിൻതോട്ടം സംഭാ വന ചെയ്തത്. കോളേജിന് വേണ്ടി സ്വന്തം വീടും പറമ്പും പോലും പണയം വെക്കാൻ ഹൈദ്രോസ് വക്കീൽ തയ്യാറായി. ഒരർത്ഥ ത്തിൽ ഹൈദ്രോസ് സാഹിബിന്റെ ആവേ ശം കോളേജ് സ്ഥാപനത്തിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. അതുപോലെ കോളേജി ന്റെ പില്ക്കാല വളർച്ചയിൽ ജലീൽ സാ ഹിബ് വലിയ പങ്ക് വഹിച്ചു. മലബാർ ക്രിസ് ത്യൻകോളേജ് പ്രിൻസിപ്പലായിരുന്ന ശ്രീ പാ വമണി ഒരിക്കൽ എന്നോടു പറഞ്ഞു: 'മി. ജലീൽ ഞങ്ങളുടെയൊക്കെ ഗൈഡാണ്.'



**T.C. Sankara Menon**

## THE COMMISSION VISITS

*"It was on 23rd March 1948 I took up the Railway Guide to see how distant was Feroke from Chittur. A letter had just reached me to say that the Syndicate of Madras University had appointed a Commission "to make a local enquiry and report on the application for affiliation of a new college at Feroke". The letter said that I was to be a member of the Commission. At that time, I was the Principal of the first Grade College newly started at Chittur (Palghat) by the government of Cochin state.*

*The other memebrs of the Commission were Prof. V.K. Ayyappan Pillai, Professor of English, Presidency College, Madras as Chairman, K.S. Unni and Bukhari Saheb Bahadur from Madras, and Principal K.S.U. Nair of Victoria, Palghat. We agreed on a programme to have the inspection on 9th and 10th April, then write our report.*

*"We were at the Beech Hotel, in Calicut on 9th April. We met the representatives of the Rouzathul Uloom Association who had applied for the College. As our discussion progressed, our embrassement increased, because ready provisions were so scanty, compared to requirements. "Any way let us see the site" we agreed. Driving to the site at Feroke, we found little to raise our hopes. My diary says: "site good, but nothing of buildings etc."*

*We saw, if my memory is correct, a roofless plinth, partly enclosed with bamboo mats, and at one end, a few old tables, three or four almirahs and shelves with some books, many of these old. Even for a subject specially emphasised namely Islamic Culture, there were only ten books. According to the application, even the foundation for the proposed College had to come up, every bit of furniture for the classes had to be found, libraries and laborataries had to be constructed, leboratory equipment and books had to be obtained. The sports ground had to be prepared. Everything had to be ready in two months time when the sponsors wanted to start the College! We knew that no Aladdin's lamp was available.*

*Under such circumstances, we would have summerised our report saying that the provisions were yet very inadequate, and that sponsors might apply for affiliation after one year. However, the Commission felt that this case deserved a different approach. We were much impressed by the superb collective enthusiasm of the sponsors and the public. The region in general and the sponsors community in particular had few facilities for higher education. We knew that ample resources were available, such as property, finance and efforts. Only some guidance was required about the rules of affiliation and priority of provisions. We wanted to recommend affiliation and see the institution started as soon as possible.*

*To my knowledge the prompt affiliation granted to this College is one of the very rare instances where the Madras University relaxed some of its regulations so that a College might start work. This was possible because of the consideration which Dr. Lakshmana Swamy Mudaliyar had for you, the special interest which one of the world's great gynaecologists took in the birth of the College. This was professionally, a special case, a prima, the first degree College in the region, and the first degree College sponsored by the Kerala Muslims. You have done rightly well in naming one of your hostels after him and immoratalising his association with the College.*

(Extract from Silver Jubilee Souvenir)



സി.എച്ച്. മുഹമ്മദുകോയ

## ചന്ദ്രികയിൽ പിറന്ന കലാലയം

ഫാറൂഖ് കോളേജിനെ സംബന്ധിച്ച് ഒരാവേശം സമുദായമദ്ധ്യത്തിൽ പരത്തുന്നതിനും കോളേജിനു ലഭിച്ച സംഭാവനകൾക്ക് പ്രസിദ്ധീകരണം നല്കുക വഴി കൂടുതൽ ഉദാരതയ്ക്ക് പ്രചോദനം നല്കുന്നതിനും 'ചന്ദ്രിക' വഹിച്ച പങ്ക് ആ പത്രത്തിലെ ഒരു പ്രവർത്തകനായിരുന്ന ഞാൻ അഭിമാനപൂർവ്വം സ്മരിക്കുന്നു. കുറെക്കാലം ചന്ദ്രികയുടെ താളുകളിലാണ് കോളേജ് ജീവിച്ചത്. സമുദായം പൊതുവെ ആവേശം കാണിച്ചെങ്കിലും സാമ്പത്തികമായ ബാലാരിഷ്ടതകൾ സ്ഥാപനം മുതലെ കോളേജിനെ ഞെക്കിഞെരുക്കിക്കൊണ്ടിരുന്നു.

കെ.യം. സീതിസാഹിബ് അന്ന് മലബാർ ജില്ലാ മുസ്ലിം ലീഗിൻെറ സിക്രട്ടറിയായിരുന്നു. അദ്ദേഹത്തിൻെറയും ഖജാൻജി എ.കെ. കാദർകുട്ടി സാഹിബിൻെറയും (ഇപ്പോഴത്തെ ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മറ്റി പ്രസിഡൻറ്.) പരിശ്രമഫലമായി ജില്ലാ ലീഗ് ഫണ്ടിൽനിന്നും 25,000 ഉറുപ്പിക ഫാറൂഖ് കോളേജ് ഫണ്ടിനു നല്കുവാൻ ജില്ലാ ലീഗ് സമ്മതിച്ചു. അന്നത്തെ നിലയ്ക്ക് അതൊരു വലിയ സംഭാവനയായിരുന്നു. അതിനു പുറമെ ഒരു കാറും കോളേജിനു വേണ്ടി നല്കിയിരുന്നു.

സമുദായം ഇന്നുള്ളത്ര വിദ്യാഭ്യാസപരമായി ഉയർന്നിട്ടില്ലാത്ത ഒരു കാലഘട്ടത്തിൽ അനുഭവിക്കേണ്ടിവന്ന സാമ്പത്തിക ക്ലേശങ്ങളെക്കുറിച്ചു ജ: സീതിസാഹിബും മറ്റും പറഞ്ഞു കേട്ടിട്ടുണ്ട്. കോളേജിന് അപേക്ഷ അയക്കാനുള്ള 600 ക തന്നെ മദിരാശിയിൽ ഒരുവർത്തകപ്രമാണിയായിരുന്ന എൻ. വി. അബ്ദുല്ലാ സാഹിബിൽനിന്ന് കടമായി വാങ്ങിയതായിരുന്നു.

സീതിസാഹിബിന് ഫാറൂഖ് കോളേജ് എന്നു പറഞ്ഞാൽ ജീവനായിരുന്നു. എപ്പോൾ കണ്ടാലും കോളേജിനെക്കുറിച്ച് സംസാരിക്കണം. അദ്ദേഹം സ്പീക്കറും ഞാൻ നിയമസഭാ മുസ്ലിം ലീഗ് പാർട്ടി നേതാവുമായിരുന്ന കാലത്ത് ഞങ്ങൾ തമ്മിൽ നടന്ന അവസാനത്തെ സംഭാഷണം കോളേജിനെപ്പറ്റിയായിരുന്നു. കോളേജ് വക മുനമ്പത്തുള്ള സ്വത്ത് പി.എസ്.പി.ക്കാർ കയ്യേറിയിരുന്നു. അവരെ അവിടെനിന്നിറക്കുന്നതിനെപ്പറ്റി മന്ത്രിമാരുമായി സംസാരിക്കാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു. ഇത് സംബന്ധമായി സംസാരിക്കാൻ അന്ന് പ്രിൻസിപ്പൽ ജലീൽ സാഹിബും തിരുവനന്തപുരത്തു വന്നിരുന്നു. ഇതിനുശേഷം മറ്റൊരുകാര്യവും സീതിസാഹിബ് എന്നോട് സംസാരിച്ചിട്ടില്ല.

S.A. JIFRI SAHIB

## 'THE COLLEGE HAS TO FIND A CAR'

*Though not officially, I was associated with the Farook College from the very*

*time of its inception. As my father late Attakoya Thangal was not well, I had to officiate on his behalf for many things like public collections and tours.*

*My memory of Farook College is closely connected with its real founder late Abdussabah Moulavi, Avaran Kutty Haji, Adv. M.V. Hydross, Seethi Saheb, Unnikkammu Saheb and others without whom the college would not have come into being.*

*I recall an incident that had happened at one of our meetings. Once we wanted some money by early morning next day. We sat up till 3'O clock in the night. Still there was a shortage of about Rs. 30,000. Then Mr. Kader Kutty told us "Will you please let me go. If I find the money". So the money was found.*

*My father used to be funny some times. Late Kunhahammed Kutty Hajee and Hassan Koya were brothers in law, and we used to get together in the eveninigs. Once they said that they were in a hurry to have diner at thier wive's house. My father excused himself and coolly moved out. He sent our driver, telling him to fetch the food which was prepared at Hassan Koya's place. The driver brought it. Hassan Koya and Kunhammed Kutty Hajee had left. When they reached home there was nothing for them and they came back to share food with us.*

*Another anecdote that comes to my mind is the purchase of a car for the college. We used to go around collecting funds. In our fund-collection tours, we used to go in the committee members cars one after the other. But sometimes no one may find it convenient to spare a car. So my father came out with the idea of having a car for the college and it was very much appreciated by all members. Actually Late P.P. Hassan Koya used to refer to it very often. He said: whatever it may be, the College has to find a car, and thus we bought one.*

*I became an official member on the managing committee after my father's death in 1954. At that time P.P. Hassan Koya was one of the leading lights; but for him Farook training college would not have come into being. It was entirely on his effort, well backed by the then Principal Mr. Jaleel. Of course, others too very strongly supported it. There was such a unity and co-operation among the members. I am greatly happy that the coming generation is also co-operative. We have in our present secretary a very enthusiastic young man, and so are others in the committee. I have no doubt, with the co-operation and enthusiasm, this premier Muslim institution in Kerala will go ahead from success to success. It has encouraged and paved the way for similiar institutions. Actually even the Calicut University, I would like to say, was an offspring of Farook College. C.H. Mohammed Koya, a very particular friend of mine, was very devoted to Farook College. It gave him the idea of establishing a university in Calicut. So Allah bless us to do this good work with the same spirit and enthusiasm.*

ഡോ. എം.കെ. മുഹമ്മദുകോയ

## "നിങ്ങടെയല്ല നമ്മടെ....."

ഒരിക്കൽ എന്റെ ഒരു സുഹൃത്തിന്റെ മകന് കോളേജിൽ ഒരു സീറ്റു കിട്ടേണ്ടതിനായി ഞാൻ പരേതനായ കുഞ്ഞമ്മുട്ടി ഹാജിയെ സമീപിച്ചു. 'നിങ്ങളുടെ ഫാറൂഖ് കോളേജിൽ നമ്മുടെ ഒരാൾക്ക് സീറ്റു കൊടുക്കാൻ പറ്റുമോ?' ഞാൻ ചോദിച്ചു, കുഞ്ഞമ്മുട്ടി ഹാജിയുടെ മറുപടി എന്നെ അത്ഭുതപ്പെടുത്തി. 'നിങ്ങടെ കോളേജെന്നല്ല നമ്മടെ കോളേജെന്ന് പറയിൻ.' അങ്ങനെയാണ് ഫാറൂഖ് കോളേജ് എന്റേതുമാണെന്ന ബോധം ആദ്യമുണ്ടായത്. പിന്നീടാണ് ഞാൻ കോളേജ് കമ്മറ്റിയിൽ അംഗമാവുന്നത്. കമ്മറ്റി യോഗങ്ങളിൽ നടക്കുന്ന തുറന്ന ചർച്ചകളും ഒറ്റക്കെട്ടായി തീരുമാനമെടുക്കുന്നതിൽ കാണിക്കുന്ന പ്രതിബദ്ധതയും അത് നടപ്പാക്കുന്നതിൽ കാണിക്കുന്ന ദാർഢ്യവും എന്നെ അത്ഭുതപ്പെടുത്താറുണ്ട്.

ഫാറൂഖ് ട്രെയിനിംഗ് കോളേജിൽ സീറ്റിന്റെ കാര്യത്തിൽ ഗവർമെൻറ് നല്കിയ 'നോംസി'ന്റെ പ്രശ്നത്തിൽ സാഹസികമായ ഒരു തീരുമാനമെടുത്ത യോഗം ഞാനിന്നും ഓർക്കുന്നു. സമുദായത്തിന്റെ സ്ഥാപനമെന്ന നിലയിൽ മുഴുവൻ സീറ്റും നമ്മുടെകുട്ടികൾക്ക് തന്നെ നല്കണമെന്ന് ഞാനും കാദർകുട്ടി സാഹിബും മറ്റും വാദിച്ചു. ഹൈഡ്രോസ് വക്കീൽ, ജലീൽ സാഹിബ് തുടങ്ങിയവരാകട്ടെ ഗവർമെൻറ് നിർദ്ദേശം ചെവിക്കൊണ്ടില്ലെങ്കിൽ കോളേജിനുണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ നിരത്തിവച്ചു. ഏറെ നേരത്തേക്ക് തീരുമാനമായില്ല. മഗ്രിബിന് ശേഷം വീണ്ടും കൂടിയപ്പോൾ കാദർ കുട്ടി സാഹിബ് 2000 ക. എടുത്ത് ഹൈഡ്രോസ് വക്കീലിന്റെ കയ്യിൽ കൊടുത്തു. 'നിങ്ങൾ നാളെത്തന്നെ എറണാകുളത്തു പോയി അഡ്വ. സൂര്യനാരായണ റാവുവിനെ കാണണം.' ആ കേസിൽ ഞങ്ങൾ വിജയിച്ചു. പിന്നീട് പ്രവേശനം ഗവർമെൻറ് 'നോംസ്' പ്രകാരം തന്നെയായി.

സ്വന്തമായി ആവശ്യങ്ങളൊന്നുമില്ലാത്ത ഒരു അത്ഭുതമനുഷ്യനായിരുന്നു അബുസ്സബാഹ് മൗലവി. ഒരിക്കൽ അദ്ദേഹത്തിന്റെ അവസ്ഥ കണ്ടറിഞ്ഞ് 500 രൂപ കവറിലിട്ട് ഞാൻ മൗലവി സാഹിബിന് നല്കി. രണ്ടു ദിവസം കഴിഞ്ഞ് എനിക്കതിന്റെ റസീറ്റു കിട്ടി. ആ പണം ഞാൻ മൗലവിക്ക് വ്യക്തിപരമായി നല്കിയതാണെന്ന് പറഞ്ഞിട്ടും അദ്ദേഹം അത് അസോസിയേഷന് സംഭാവന ചെയ്യുകയാണുണ്ടായത്.

കമ്മറ്റിയും അധ്യാപകരും എല്ലാം ആത്മാർത്ഥമായി ശ്രദ്ധിക്കുന്നുണ്ടെങ്കിലും കോളേജിന്റെ ഇപ്പോഴത്തെ അവസ്ഥ പ്രതീക്ഷക്കൊത്ത് ഉയരാത്തതുപോലെ തോന്നുന്നു.



## അബുസ്സലാഹ് മൗലവി

## സൗഹൃദം സ്ഥാപനത്തിലും സമൂഹത്തിലും

കോളേജിന്റെ സ്ഥലം കാണാൻ മഞ്ചേരിയിൽനിന്ന് അബുസ്സബാഹ് മൗലവി ഇവിടെ വന്നപ്പോൾ എന്നെ അദ്ദേഹം ക്ഷണിച്ചു. ഞാൻ മഞ്ചേരിയിൽ ചെന്ന് അധ്യാപകനായി ചേർന്നു. ഇപ്പോൾ അറബിക് കോളേജിന്റെ ഹോസ്റ്റൽ നില്ക്കുന്ന സ്ഥലത്ത് ഒരു ഓലഷെഡ്ഡുണ്ടാക്കി കോളേജ് അങ്ങോട്ടു മാറ്റി. നാലുകൊല്ലം ഓലഷെഡ്ഡിൽ അറബിക് കോളേജ് നടന്നു. മഴക്കാലത്ത് നെരിയാണി വരെ വെള്ളത്തിൽനിന്നുപോലും അക്കാലത്ത് ഞങ്ങൾക്ക് ക്ലാസ്സെടുത്തിട്ടുണ്ട്. അറബി കോളേജിന് വേണ്ടി നിർമ്മിച്ച കെട്ടിടം താല്ക്കാലികമായി ഫാറൂഖ് കോളേജിനു വിട്ടുകൊടുത്തു. അതു തിരിച്ചെടുക്കാൻ ഒരു ശ്രമം നടത്തിയെങ്കിലും പിന്നീടത് സ്ഥിരമായി കോളേജിന് കൊടുത്തു. അറബി കോളേജിന് വേണ്ടി ആറ് ക്ലാസ്സ് മുറികളുള്ള കെട്ടിടം അവറാൻകുട്ടി ഹാജി നിർമ്മിച്ചു തന്നു. അതാണ് ഇപ്പോൾ ഹൈസ്കൂളിന്റെ യു.പി. ക്ലാസ്സ് നടക്കുന്ന കെട്ടിടം. പിന്നീടാണ് പുതിയ കെട്ടിടം ഉണ്ടാക്കുന്നത്. 'റൗസ്വത്തുൽ ഉലൂം' എന്ന പേര് മൗലവിസാഹിബ് തന്നെ നല്കിയതാണ്. 'വിജ്ഞാനത്തിന്റെ പൂന്തോപ്പ്' എന്നാണ് ഇതിനർത്ഥം. സ്വന്തം വീടിനെക്കാൾ മൗലവി സാഹിബ് സ്നേഹിച്ചത് കോളേജിനെ ആയിരുന്നു. വിദ്യാർത്ഥികൾ ഒരു ദിവസം പട്ടിണിയാണെന്ന് കണ്ടാൽ എവിടെയെങ്കിലും പോയി കടമായിട്ടെങ്കിലും അരിയും സാധനങ്ങളും വാങ്ങിക്കൊണ്ടുവന്ന് കൊടുക്കും. ഒരു ദിവസം മൗലവി സാഹിബ് വന്നപ്പോൾ കോളേജിന്റെ വരാന്തയിൽ ചാണകം കണ്ടു. നേരത്തെ വന്ന അധ്യാപകരും വിദ്യാർത്ഥികളും കോളേജിലുണ്ട്. മൗലവി സാഹിബ് പോയി ഒരു കൈക്കോട്ട് കൊണ്ടുവന്ന് ആ ചാണകം കോരിക്കളഞ്ഞു . കണ്ടുനിന്ന അധ്യാപകരും വിദ്യാർത്ഥികളും ഉരുകിപ്പോയി.

അധ്യാപകരായി അന്ന് ആറുപേരുണ്ടായിരുന്നു. ഞങ്ങൾക്ക് ശമ്പളമില്ല. സംഭാവന കിട്ടുന്നതിൽ നിന്ന് വല്ലതും തരും. വളരെ ചെറിയ തുക. അതും സ്ഥിരമായി കിട്ടുകയില്ല. അങ്ങനെയൊക്കെയാണെങ്കിലും ആത്മാർത്ഥത കൊണ്ടാവണം ഞങ്ങൾ സംതൃപ്തരായിരുന്നു. പിന്നീട് കോളേജിന് അംഗീകാരം കിട്ടുകയും നേരിട്ട് ശമ്പളം കിട്ടിത്തുടങ്ങുകയും ചെയ്തപ്പോൾ 'കൂലിപ്പണി'ക്കാരായി മാറിയ ഞങ്ങൾക്ക് പഴയ ആത്മാർത്ഥത ഉണ്ടായിരുന്നോ എന്ന് എനിക്ക് സംശയമാണ്.

ഈ സ്ഥാപനത്തിന്റെ സുപ്രധാനമായ സവിശേഷത സമുദായ സൗഹൃദമാണ്. മുജാഹിദ്, സുന്നി വ്യത്യാസം ഒരിക്കലും മൗലവി സാഹിബിനുണ്ടായിരുന്നില്ല. ഖുർആനും സുന്നത്തും പഠിച്ചാൽ ആരും നന്നാകുമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. 'ആദ്യം പഠിക്കുക, പിന്നെ ത ർക്കം' എന്നായിരുന്നു അദ്ദേഹത്തിന്റെ രീതി. ഇപ്പോഴുംഏറെക്കുറെ ഈ ആശയത്തോടെ തന്നെയാണ് കോളേജ് നീങ്ങുന്നത്. കോളേജിൽ മാത്രമല്ല സമൂഹത്തിലും ഐക്യമുണ്ടാക്കാൻ മൗലവി സാഹിബ് ശ്രമിച്ചിരുന്നു. മിക്കവാറും പള്ളികളിൽ വെള്ളിയാഴ്ച മൗലവി പോയി പ്രസംഗിക്കും. ഒന്നുകളിൽ ജുമുഅ: ഖുത്തുബ. അല്ലെങ്കിൽ ജുമുഅക്ക് ശേഷം പ്രസംഗം.

### പ്രൊഫ: വി. മുഹമ്മദ്


## ഒളിമങ്ങാത്ത ഒന്നാം വർഷം

1948-ൽ മദിരാശി മുഹമ്മദൻ (ആർട്ട്സ്) കോളേജിൽ ബി.എ. പരീക്ഷ നടന്നുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ പ്രശസ്തനായ അധ്യാപകൻ സെയ്യിദ്. അബ്ദുൽ വഹാബ് ബുഖാരി സാഹിബ് പരീക്ഷാഹാളിൽവന്ന് എന്നോട് പറഞ്ഞു. 'പരീക്ഷ കഴിഞ്ഞു പോകുമ്പോൾ എന്റെ റൂമിൽ വരണം. ഒരു കാര്യം സംസാരിക്കാനുണ്ട്.' ഞാൻ ചെന്നു കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. നിങ്ങളുടെ നാട്ടിൽ മുസ്ലിങ്ങൾ ഒരുകോളേജ് തുടങ്ങുന്നു[...] ഒരപേക്ഷ കൊടുക്കണം. ഇപ്പോൾ [...] എഴുതിക്കോളൂ. അദ്ദേഹം കടലാസ്[...] തന്നു. ജോലി ചെയ്യാൻ താല്പര്യമു[...] കാണിച്ചുകൊണ്ടു ഞാൻ അപേക്ഷ [...] അതിന്റെ ചുവടെ ബുഖാരി സാഹി[...] ശുപാർശയും എഴുതി. അന്നുതന്നെ [...] ചെയ്തു. 1948 ആഗസ്റ്റ് മാസം ആദ്യ[...] എനിക്കൊരു കത്തു കിട്ടി. ഫാറൂഖ് [...] മാനേജിംഗ് കമ്മിറ്റിയുടെ ലെറ്റർഹെഡ്[...] ജോയിന്റ് സിക്രട്ടറി പി.ഐ. കു[...]ദുകുട്ടി സാഹിബ് ഒപ്പിട്ട കത്ത്. 'കോ[...] നിങ്ങളുടെ സേവനം ആവശ്യ[...] ആഗസ്റ്റ് 12-നു മുമ്പ് എത്തിച്ചേരാൻ [...]പര്യം.' അതനുസരിച്ച് 12-ാം തീയതി[...]ത്ത് പട്ടാമ്പിയിൽ നിന്ന് തീവണ്ടി [...] ഫറോക്കിൽ വന്നിറങ്ങി. ചുങ്കത്തുവന്ന് [...]ലകം വീടന്വേഷിച്ചു കണ്ടുപിടിച്ചു.

ഞാൻ ചെന്നപ്പോൾ ആ കെട്ടിടത്[...] ഒരുവശത്തുള്ള മുറിയിൽ നിറഞ്ഞ പു[...]യുമായി ഒരാൾ ഇരിക്കുന്നു. "വി. മു[...] സാഹിബല്ലേ ഇരിക്കൂ." 1948 ആ[...] 12-ന് ഉച്ചയ്ക്ക് മുമ്പ് ഞാൻ ആസ്വ[...] പുഞ്ചിരി ഇപ്പോഴും എന്റെ കൺ[...] തെളിഞ്ഞു നില്ക്കുന്നു. ജ: സി.പ[...] മൊയ്തീൻകോയ സാഹിബായിരുന്നു[...] ഞങ്ങൾ സംസാരിച്ചിരുന്നു. ഒരുമ[...] കഴിഞ്ഞപ്പോൾ കോട്ടുധരിച്ച (ഞാനു[...]ട്ടു ധരിച്ചിരുന്നു) അല്പം പ്രായം ക[...] ഒരാൾ കടന്നുവന്നു. 'I am Kuriakose' [...]ഹം സ്വയം പരിചയപ്പെടുത്തി. [...] ഹൈസ്കൂളിൽ അധ്യാപകനായിരുന്ന[...]ഹം ജോലി ഉപേക്ഷിക്കാൻ തയ്യാറാ[...]യാളം ലക്ചറർ പോസ്റ്റിന് അ[...]താണ്. അങ്ങനെ ഞങ്ങൾ മൂന്നുപേ[...]

ഉച്ചയായപ്പോൾ ഞങ്ങളോട് ആറ്റ[...] തങ്ങളുടെ വീട്ടിലേക്ക് ചെല്ലാൻ വി[...]ട്ടി. ഞങ്ങൾ ബസ് മാർഗ്ഗം തങ്ങളുടെ [...]ലെത്തി. ഞങ്ങളെ രണ്ടു പേരെയും [...] സാഹിബ് തങ്ങൾക്ക് പരിചയപ്പെ[...]ക്കൊടുത്തു. കുറച്ചുനേരം സംസാ[...]ഷം തങ്ങൾ എഴുന്നേറ്റ് നിന്ന് —[...] ചൊല്ലി എന്നാണെന്റെ ഓർമ്മ— [...] നമ്മൾ ഫാറൂഖ് കോളേജ് ആരം[...]യാണ്.' എന്നു പറഞ്ഞു ആററക്കോയ[...]ളുടെ ആ പ്രഖ്യാപനമാണ് യഥാർത്ഥ[...] ഫാറൂഖ് കോളേജിന്റെ ഉദ്ഘാടനം.

ക്ലാസ്സും ഓഫീസും ലൈബ്രറിയു[...]റ്റാഫ്റൂമും പ്രിൻസിപ്പലിന്റെ [...] ഹോസ്റ്റലും എല്ലാം മൂന്നിലകം വീ[...]ന്നു. വീടിന്റെ തൊഴുത്ത് സിമന്റിട്ട് [...]



യാക്കി രണ്ട് ക്ലാസ്സ് റൂമാക്കി മാറ്റി. ഒന്ന് വലുതും മറ്റൊന്നു ചെറുതും. വലിയ ക്ലാസ്സ് ഇൻററർമീഡിയറ്റിനും ചെറുത് ബി.എ.യ്ക്കും. അറബിക്കിന് ഞാനും മലയാളത്തിന് കുര്യാക്കോസും മാത്രമാണ് ആദ്യമുണ്ടായിരുന്നത്. ഇംഗ്ലീഷിന് ജലീൽ സാഹിബ് ഉടനെ വരുമെന്ന് അറിഞ്ഞു. ഹിന്ദിക്ക് ഒരാളെ കിട്ടാൻ ഞാനും കുര്യാക്കോസും കൂടി ടി. നാരായണൻ നമ്പീശൻെറ വീട്ടിൽ രണ്ടു പ്രാവശ്യം പോയി. അദ്ദേഹം മഞ്ചേരി. ഡിസ്ട്രിക്ട് ബോർഡ് ഹൈസ്ക്കൂളിൽ അധ്യാപകനായിരുന്നു. ജോലി രാജിവച്ച് അദ്ദേഹം ഇവിടെ വന്ന് ചേർന്നു. അധ്യാപകരേയും വിദ്യാർത്ഥികളെയുമെല്ലാം തേടിപ്പിടിച്ചുകൊണ്ടുവരികയായിരുന്നു അന്ന് ഹോസ്റ്റൽ കുക്കായിരുന്ന മുഹമ്മദ്ക്കായെ എൻെറ കാരണവന്മാർ മുഖേന തേടിപ്പിടിച്ച് കൊണ്ടുവന്നതാണ്.

കോളേജിനാവശ്യമായ ഫർണിച്ചർ ഉണ്ടായിരുന്നില്ല. നിലത്ത് പായ വിരിച്ച് കുട്ടികളെ ഇരുത്തും. ഞങ്ങൾ നിന്ന് ക്ലാസെടുക്കും. പക്ഷെ കുട്ടികൾക്കൊക്കെവലിയ ആവേശമായിരുന്നു. അപ്പോഴേക്കും കോളേജ് കമ്മറ്റി ട്രഷററായിരുന്ന ഇസ്മയിൽ സാഹിബ് പേട്ടയിൽ ഒരു കെട്ടിടമുണ്ടാക്കി. 'ഇസ്മായിൽ ബിൽഡിങ്ങ്' എന്ന ആ കെട്ടിടത്തിൻെറ മുകളിലെ നിലയിൽ വിദ്യാർത്ഥികൾ താമസമാക്കി. ഞങ്ങൾ മുന്നിലകത്തു തന്നെ താമസിച്ചു. ഭക്ഷണം എല്ലാവർക്കും മുന്നിലകത്ത് തന്നെയായിരുന്നു. ഞാനായിരുന്നു ഡെപ്യൂട്ടി വാർഡൻ.

ഇരുമൂളിപ്പറമ്പിൽ കോളേജ്കെട്ടിടത്തിൻെറ ഏതാനും മുറികൾ പണി പൂർത്തിയായപ്പോൾ കോളേജ് ഇങ്ങോട്ടു മാറ്റി. രാവിലെ പ്രാതലിനുശേഷം ഞങ്ങൾ കോളേജിലേക്കു വരും. പിന്നാലെ അടുക്കളക്കാരും. വലിയ പാത്രങ്ങളുമായി വരും. കോളേജിനടുത്തുള്ള ഷെഡ്ഡിൽ അടുപ്പുണ്ടാക്കി ചോറും കറിയുമുണ്ടാക്കും. ഞങ്ങൾക്കു വിളമ്പിത്തന്നശേഷം അവർ വീണ്ടും മുന്നിലകത്തേക്ക് മടങ്ങും. വൈകുന്നേരത്തെ ചായയുണ്ടാക്കാൻ. ഇങ്ങനെയാണ് ഒരു കൊല്ലം മുഴുവൻ തുടർന്നുവന്നത്. മിസിസ്സ് തോമസ് (ലോജിക്) സി.ആർ. ജോസഫ് (ഫിസിക്കൽ എജ്യൂക്കേഷൻ) എന്നീ അധ്യാപകരും, ഓഫീസിൽ ടൈപ്പിസ്റ്റ് ആയി കെ. മൊയ്തീൻ കോയയും ഇതിനിടെ പുതുതായി വന്നു ചേർന്നു. കോളേജ് ചരിത്രത്തിലെ ആദ്യവർഷം ജീവിതത്തിലെ മറക്കാനാവാത്ത കാലം തന്നെയാണ്. പ്രിൻസിപ്പലും അധ്യാപകരും വിദ്യാർത്ഥികളും അടങ്ങിയ കുടുംബം. പഠിക്കുകയും പഠിപ്പിക്കുകയും മാത്രമായിരുന്നില്ല. കോളേജ് കെട്ടിത്തിൻെറ ജോലിക്ക് വിദ്യാർത്ഥികൾ ആവേശപൂർവ്വം കല്ലും ചുമന്നിട്ടുണ്ട്. ഫറോക്കിലെ മിക്ക വീടുകളിലേക്കും അന്ന് ഞങ്ങളെ ഭക്ഷണത്തിന് ക്ഷണിക്കുമായിരുന്നു. പ്രിൻസിപ്പലും അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും വീടുകളിൽ സമ്മേളിച്ചു സുഭിക്ഷമായ സദ്യ.

വീട്ടുകാർക്ക് ഞങ്ങളെ ഒന്നിച്ചു കിട്ടുന്നതും സൽക്കരിക്കുന്നതും ഒരു ആവേശമാണ്. അവസാനം കുറ്റിക്കാട്ടിൽ മാധവമേനോൻെറ വീട്ടിലും ഞങ്ങൾ പോയി. മാധവമേനോൻെറ അമ്മാവൻെറ ആതിഥ്യം സ്വീകരിച്ച് വെജിറ്റേറിയൻ സദ്യ ഞങ്ങൾ ആസ്വദിച്ചു. നാലുമണിക്ക് ബെല്ലടിച്ചാൽ പിന്നെ വിദ്യാർത്ഥികളും അധ്യാപകരും കൂടിയിരുന്ന് തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിക്കും. വൈകുന്നേരമായാൽ ഷാ സാഹിബ് കോളേജിൻെറ കാര്യങ്ങൾക്കായി പല വീടുകളും സന്ദർശിക്കും. മിക്കവാറും ഞാനും കൂടെയുണ്ടാകും. രാത്രി ഒമ്പതുമണി കഴിഞ്ഞേ തിരിച്ചെത്തുകയുള്ളു. ചൂട്ടുകത്തിച്ചാണ് രാത്രിയിൽ ഞങ്ങളുടെ യാത്ര. അക്കാലത്ത് ഫറോക്കിലും പരിസരത്തും ചൂട്ടുനല്ല കച്ചവടമാർഗ്ഗമാണ്.

അന്ന് ഫറോക്കിലെ നാല് പ്രധാനികളെ 'കോളേജിൻെറ 'ചതുശ്ശക്തികൾ' എന്നു വിളിച്ചിരുന്നു. അബ്ദുല്ലക്കുട്ടി ഹാജി, അവറാൻകുട്ടി ഹാജി, ഹസ്സൻ ഹാജി, ഇസ്മായിൽ സാഹിബ് എന്നിവരുടെ വീടുകളിൽ മിക്കദിവസവും എന്തെങ്കിലും ആവശ്യത്തിനായി ഷാ സാഹിബിനോടൊപ്പം ഞാനുംപോകാറുണ്ട്.

1949-ൽ ആസാദ് ഹോസ്റ്റലിൻെറ പണി പൂർത്തിയായപ്പോൾ ഞങ്ങൾ അവിടെ താമസമാക്കി. 40 മുറികളുള്ള ഹോസ്റ്റലിൻെറ ഡെപ്യൂട്ടി വാർഡൻ ഞാൻ. തന്നെയായിരുന്നു. ഹോസ്റ്റൽ ജീവിതത്തിൽ മറക്കാനാവാത്ത ഒട്ടേറെ മുഖങ്ങളുണ്ട്. പഠനത്തിലും മറ്റെല്ലാ രംഗങ്ങളിലും മുൻപന്തിയിൽ നിന്ന ബുദ്ധിശാലികളായ ഏഴുപേരെ 'സപ്തർഷികൾ' എന്നാണ് അവർ തന്നെ വിശേഷിപ്പിച്ചിരുന്നത്. പ്രൊഫസർ ടി.പി. മുഹമ്മദ് കുഞ്ഞി, ഡോ. ബാവക്കുഞ്ഞി (നിര്യാതനായി), ഡോ. അബ്ദുൽ ഖാദർ, വി. അബ്ദുൽ ഖാദർ, ഡോ. അന്തുഞ്ഞി എന്നീ മുഖങ്ങൾ സപ്തർഷികളുടെ കൂട്ടത്തിൽനിന്ന് ഇപ്പോഴും എൻെറ ഓർമ്മയിലെത്തുന്നു.

ഹോസ്റ്റലിൻെറ ആരംഭകാലം (1949—'50) രൂക്ഷമായ അരിക്ഷാമം അനുഭവപ്പെട്ട കാലമായിരുന്നു. അന്ന് എവിടെയെങ്കിലും പോയി ഹോസ്റ്റലിലേക്കാവശ്യമായ അരി സമ്പാദിക്കുക വല്ലാത്തൊരു സാഹസം തന്നെയായിരുന്നു. അക്കാര്യത്തിൽ വളരെയധികം ത്യാഗമനുഷ്ഠിച്ച രണ്ടു വിദ്യാർത്ഥികളെ ആർക്കും വിസ്മരിക്കാനാവില്ല. കാനായിക്കുളം സ്വദേശി. സി.വി. ഇബ്രാഹിം കുട്ടിയും തിരൂർ പൊന്മുണ്ടം സ്വദേശി എ.എ. ഹൈദ്രോസും. അല്പം പ്രായവും നല്ല തടിയുമുള്ള ഇവർക്ക് ധാരാളം ഭക്ഷണം കഴിക്കണം. ഞാൻ കുറച്ചു മാത്രമേ കഴിക്കുകയുളളു. ബാക്കി അവർക്കു കൊടുക്കും. 'ഞങ്ങൾ ഗുരുവിൻെറ കൂടെ കഴിക്കാം' എന്നു പറഞ്ഞ് എന്നും എന്നോടൊപ്പമാണ് അവർ ആഹാരം കഴിക്കുക പതിവ്. എന്നാൽ ഇവർ രണ്ടു പേരും ആഴ്ചയിലൊരിക്കൽ മഞ്ചേരിയിലും അതിനപ്പുറവും പോയി അരി സമ്പാദിക്കും. കൊണ്ടുപോരുന്നതു കണ്ടാൽ പോലീസ് പിടിക്കും. ഒരിക്കൽ കോളേജിൻെറ കാറിൽ (കാറ് ഓടുന്നതിലേറെ ഉന്തുകയാണ് പതിവ്) മഞ്ചേരിയിൽനിന്ന് അരികൊണ്ടുവരുമ്പോൾ കൊണ്ടോട്ടി പോലീസ് സ്റ്റേഷനു മുമ്പിൽവച്ച്കാറ് ബ്രേക്ക് ഡൗണായി. 'യാസീൻ' ഓതി; കാറ് ശരിയായി; അരി ഇവിടെ എത്തിച്ചു. അങ്ങനെ ഇന്നോർക്കുമ്പോൾ രസകരമായ എത്രയെത്ര കഥകൾ!

അന്ന് ഞങ്ങളെ വളരെയേറെ സഹായിച്ച ഒരു മഹാമനസ്കനാണ് അഴിഞ്ഞിലത്തെ അലവിക്ക. നെല്ലുകുത്തിയ അരി കുറച്ചാണെങ്കിലും സ്ഥിരമായി എത്തിച്ചുതന്ന അദ്ദേഹത്തെ എനിക്ക് മറക്കാനാവില്ല.



സി.കെ. ഇമ്പിച്ചിക്കോയ

## അദ്ധ്വാനത്തിൻെറ രാപ്പകലുകൾ


*1939—'42* കാലത്ത് ഞാൻ മലപ്പുറം ഹൈസ്കൂളിൽ ഷാ സാഹിബിൻെറ ശിഷ്യനായിരുന്നു. പിന്നീട് 1949-ൽ ഒരിക്കൽ എൻെറ ഗുരുനാഥനും ചാലിയം മദ്രസ്സത്തുൽ മനാർ ഹയർ എലിമെൻററി സ്കൂൾ ഹെഡ്മാസ്റ്ററുമായിരുന്ന ഹനീഫ മാസ്റ്റർ ഫാറൂഖ് കോളേജിൽ ഒരു ക്ലാർക്കിൻെറ ഒഴിവുണ്ടെന്ന് എന്നോട് പറഞ്ഞു. അദ്ദേഹം അന്ന് റൗസത്തുൽ ഉലൂം അറബി കോളേജിൻെറ കറസ്പോണ്ടൻറായിരുന്നു. ഫാറൂഖ് കോളേജിൽ അന്ന് സീനിയർ ക്ലാർക്കായിരുന്ന ജ: സി.പി.എം.മൊയ്തീൻ കോയ സർക്കാർ ജോലി സ്വീകരിച്ചു പോയപ്പോഴാണ് ഒഴിവു വന്നത്. അന്ന് പ്രിൻസിപ്പലായിരുന്ന ഷാ സാഹിബിനെ ഞാൻ ചെന്നു കണ്ടു. അപ്പോൾ അദ്ദേഹം ആശാരിമാർക്ക് നിർദ്ദേശങ്ങൾ നൽകുകയായിരുന്നു. എന്നെ തിരിച്ചറിഞ്ഞ അദ്ദേഹം എനിക്ക് വേണ്ടി മാനേജിംഗ് കമ്മറ്റിയിൽ ശുപാർശ ചെയ്തു. അങ്ങനെ ഞാൻ നിയമിക്കപ്പെട്ടു. 40 ക. ശമ്പളവും 21 ക. അലവൻസുമടക്കം 61 ക.യായിരുന്നു ആദ്യത്തെ വേതനം.

മുന്നിലകത്താണ് കോളേജ്. കുന്നിൻമുകളിൽ കെട്ടിടത്തിൻെറ പണി നടക്കുന്നു. എനിക്കു പുറമെ ടൈപ്പിസ്റ്റ് കം ഫീ കലക്ഷൻ ക്ലാർക്കായി മൊയ്തീൻകോയ, ലൈബ്രേറിയൻ കുഞ്ഞബ്ദുല്ല (മാതൃഭൂമി) എന്നിവർ മാത്രമാണ് ഓഫീസിലുള്ളത്. തിരക്കുപിടിച്ച ജോലികൾക്കായി ഷാ സാഹിബിനോടൊപ്പം പലപ്പോഴും ഉറക്കമിളക്കേണ്ടിവന്നിട്ടുണ്ട്. 1949-ൽ കോളേജ് കുന്നിൻപുറത്തെ പുതിയ കെട്ടിടത്തിലേക്ക് മാറി. അധികം താമസിയാതെ കോളേജിന് വേണ്ടി അപേക്ഷിച്ചിരുന്ന പോസ്റ്റ് ഓഫീസ് അനുവദിച്ചു കിട്ടിയപ്പോൾ അതേറ്റെടുത്ത് നടത്താനും പ്രിൻസിപ്പൽ എന്നോടാവശ്യപ്പെട്ടു. അങ്ങനെ ഫാറൂഖ് കോളേജ് പോസ്റ്റോഫീസിൻെറ സ്ഥാപക പോസ്റ്റ് മാസ്റ്റർ എന്ന പേരിനും ഞാൻ അർഹനായി. കോളേജ് കെട്ടിടത്തിൽ തന്നെയാണ് പോസ്റ്റ് ഓഫീസ് ആരംഭിച്ചത്.

കോളേജിൽ ചേരുമ്പോൾ നിർബന്ധമായും അടക്കേണ്ട ഫീസുകൾ നൽകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്വന്തം കയ്യിൽനിന്ന് പണം കൊടുത്താണ് ഷാ സാഹിബ് അവരെ ചേർത്തത്. പിന്നീട് ആ വിദ്യാർത്ഥികൾക്ക് സർക്കാരിൽനിന്ന് സ്കോളർഷിപ്പ് ലഭിക്കുമ്പോൾ പ്രിൻസിപ്പലിൻെറ കടം വീട്ടാൻ തിരിച്ചു തരുന്ന സംഖ്യകൾ 'സാധുവിദ്യാർത്ഥി ഫണ്ടി'ലേക്ക് വകയിരുത്താനാണ് പ്രിൻസിപ്പൽ നിർദ്ദേശിച്ചത്.

ഷാ സാഹിബിൻെറ താങ്ങും തുണയുമായിരുന്ന മാനേജിംഗ് കമ്മിറ്റി പ്രസിഡണ്ട് കല്ലടി ഉണ്ണിക്കമ്മുസാഹിബ്, ഖജാൻജി കളത്തിങ്ങൽ ഇസ്മായിൽ സാഹിബ് എന്നിവരുടെ അപ്രതീക്ഷിതമായ മരണം ഷാ സാഹിബിനു വലിയൊരാഘാതമായി അനുഭവപ്പെട്ടു. ഷാ സാഹിബിൻെറ ഡെപ്യൂട്ടേഷൻ കാലാവധി 1955-ൽ അവസാനിച്ചപ്പോൾ അദ്ദേഹത്തിൻെറ സേവനം തുടർന്നും ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു വിഭാഗം വിദ്യാർത്ഥികൾ അന്ന് സമരം നടത്തിയത് കോളേജ് ചരിത്രത്തിലെ ഒരു വലിയ സംഭവമാണ്. അന്നത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ ഏറെക്കുറെ തിക്താനുഭവങ്ങളോടെ ഷാ സാഹിബിന് കോളേജിനോട് വിടപറയേണ്ടി വന്നത് വിധിവൈപരീത്യം മാത്രമാകാം.

തുടർന്ന് ജ. ബീരാൻ സാഹിബ് ആക്ടിംഗ് പ്രിൻസിപ്പലായി ചാർജെടുത്തു. ഷാ സാഹിബുമായുണ്ടായിരുന്ന എൻെറ സ്നേഹബന്ധം ഒരു പക്ഷേ ചില തെറ്റിദ്ധാരണകൾ സൃഷ്ടിച്ചിരിക്കാം. ചുറ്റുപാടുകളാണല്ലോ സംഭവങ്ങൾക്ക് വിവിധ മാനങ്ങൾ നൽകുന്നത്. അങ്ങനെ 1956-ൽ ഞാനും ഫാറൂഖ് കോളേജ് വിടേണ്ടിവന്നു. എന്നാൽ എൻെറ ഔദ്യോഗിക ജീവിതം ആരംഭിച്ച സ്ഥാപനം എന്ന നിലയിൽ, സ്വന്തം മക്കളുടെയും കുടുംബത്തിൽ പലരുടെയും ഉന്നതവിദ്യാഭ്യാസം സാധിതമാക്കിയ വിദ്യാലയമെന്ന നിലയിൽ ഫാറൂഖ് കോളേജിനോടുള്ള എൻെറ കടപ്പാട് നിസ്സീമമാണ്. അത് മായാതെ, മങ്ങാതെ നിലനില്ക്കുകയും ചെയ്യും.



K. MOIDEEN KOYA

## A COLLEGE OFFICE WITHOUT A TYPE WRITER

*I was appointed clerk cum typist on 10th August 1948. Janab C.P.M. Moideen Koya, who later retired from Govt: Service, and myself were the only two members on the non-teaching staff. Sri. T. Mammutty was the only last grade staff. The college had not had even the essential office requirements such as type writer, furniture etc. Therefore I had to take all papers required to be typed everyday to Feroke Match Factory at Petta owned by Janab Kalathingal Mohammed Saheb where there was a portable typerwiter. He rendered me all help and gave me carbon papers, white papers etc. The students and staff members except day-scholors lived in the college itself taking meals from the neighbouring hotels. The bus charge from Calicut to Chungam was only one Anna ie ($^{1}/_{16}$th of a rupee) at that time.*

*The starting of a training college on 1st August 1961 in the Farook College Campus was a landmark in the history of the Farook College Managing Committee. My services were transferred to the Training College with effect from 1st August 1961.*

*The keen interest and enthusiasm of late Moulavi Abussabah Ahmed Ali Saheb in establishing all the institutions in the campus cannot be ignored. He is truly "the light of the campus".*



**P. MAMMAD**

## SHAH SAHEB STARTS PBF..."

*On passing the intermediate examination in 1947 from Zamorin's College, I had to discontinue studies owing to the unfacourable financial condition of my parents. So I accepted a clerical job at Manjeri. When Farook College started enlisting students in August 1948, there were only three students for I year B.A. and 28 for intermediate. There was no Muslim students among the three enrolled. As such, the authorities were on the look out for one. It was at that time the late P.P. Mohamed, a colleague of mine at Manjeri, persuaded me to meet Principal Syed Mohideen Shah. I explained to him my difficulty to join the colege as a regular fee paying student. Sympathised, he granted me full exemption from payment of fee and I got myself enrolled as the fourth student of the college's first B.A. batch, and also became the first full fee concession holder. This actually was the start of the Poor Boys Fund (PBF) in Farook College. I remember that among our teachers then Prof. Allusious, ws deadly afraid of snakes which were rampant on the hilltop at that time and so he never stepped out after night fall without an escort. Sri Kuriakose was extremely fond of cigars, but he never smoke during class hours.*

*The endearing character of M.A. Mohamed Saheb of the first intermediate batch is still fresh in my mind. He used to be more serious about services to fellow students than his own studies. He could be found day and night beside any student who fell sick. He was an odd type of man. He used to sit at his studies late in the night when others were fast asleep; and managed to sleep when all others were active in studies. He was so endeared to the entire students that Mr. P.A. Lathief, one of his class mates, organised his birthday celebration on a grand scale to which even the locals were invited.*

*I was fortunate to become the first foot ball captain of the college. I was also elected the College Union Secretary. I recollect some unforgettable figures of those days like late N.P. Damodarn who chose to have his higher education in later years of his life! Late Hydros Kutty, N.P's dining table Campanion who took his sruplus; and T. Damodaran, a highly talented actor who was honoured by Dr. Abdul Haq for his brillant role in the drama 'Kandom becha kottu". The college day variety entertainments in those days lasted for four days which attracted large crowds of local people also.*

*In 1953 I joined the college office as Cashier in realisation of my great desire to serve my Alma Mater. Inspired by a deep sense of gratitude, I worked hard in disregard of the throughly disproportionate remuneration I used to receive. I recollect that the then college chairman Sri. Gopinath (now in the States) headed the agitation for continuation of Principal Shah Saheb in 1955. Prof. N.N. Beeran Saheb took over as Prof-in-charge. The courage and firmness shown by him at that critical time was truly admirable.*

*The pace of development in the College got a boost with Sri. Jaleel Sahib's taking over charge as Principal in 1957. The 1959-75 period witnessed great activities in the sector of college ex pansion, which was facilitated by the lavish grants by the University Grants Commission. I feel much gratified that I have also contributed my mite though as a clerical cog in the wheel of its developmental activities, till I retired voluntarily in 1979.*

പി.എ. ലത്തീഫ്

## സത്യാഗ്രഹംകൊണ്ട് തുടങ്ങി......

**1948**-ൽ ഞാൻ S.S.L.C. പാസ്സായി. കോളേജിൽ പഠിപ്പിക്കാൻ വീട്ടുകാർക്ക് താല്പര്യമില്ലായിരുന്നു. അതുകൊണ്ട് ബിസിനസ്സിലേക്ക് തിരിഞ്ഞപ്പോഴാണ് ചന്ദ്രിക, പൗരശക്തി തുടങ്ങിയ പത്രങ്ങളിൽ ഫാറൂഖ് കോളേജ് തുടങ്ങുന്ന വിവരം വായിക്കാനിടയായത്. മുസ്ലിങ്ങൾക്കായി ഒരു വലിയ വിദ്യാഭ്യാസകേന്ദ്രം തുടങ്ങുന്നുവെന്നു കേട്ടപ്പോൾ രക്ഷിതാക്കൾക്ക് താല്പര്യമായി. കൊച്ചിയിൽനിന്ന് എന്റെ അയൽവാസികളായ അബ്ദുറസാഖും അബ്ദുറഹ്മാനും. ഞങ്ങൾ 3 പേർ ഫാറൂഖ് കോളേജിൽ ചേരാൻ തീരുമാനിച്ചു.

അന്ന് കൊച്ചിയിലുള്ള പ്രൊഫ: സി.ജെ. വർക്കിയാണ് കോളേജിന്റെ പ്രിൻസിപ്പലാകുന്നതെന്നു കേട്ടു, ഞങ്ങൾ അദ്ദേഹത്തെ ചെന്നുകണ്ടു. "ക്ലാസ്സൊക്കെ ഉടനെ തുടങ്ങും, ഞാൻ ചാർജ്ജെടുത്തിട്ടില്ല. നിങ്ങൾ കോഴിക്കോട്ടുപോയി ഹൈദ്രോസ് വക്കീലിനെ കാണണം." അദ്ദേഹം നിർദ്ദേശിച്ചു. ഞങ്ങൾ പെട്ടിയും സർട്ടിഫിക്കറ്റുകളുമായി വണ്ടികയറി. ആദ്യത്തെ തീവണ്ടിയാത്ര! കല്ലായ് റെയിൽവെ സ്റ്റേഷനിലാണ് വണ്ടിയിറങ്ങിയത്. ഹൈദ്രോസ് വക്കീലിന്റെ വീട്ടിലേക്ക് പോകാൻ കുതിരവണ്ടിയിൽ കയറി. അധികദൂരം പോകുന്നതിനു മുമ്പ് വണ്ടി നിന്നു. അപ്പോഴാണ് അമളി പറ്റിയതറിയുന്നത് സ്റ്റേഷനിൽനിന്നു നോക്കിയാൽ ഹൈദ്രോസ് വക്കീലിന്റെ വീടു കാണാം.

ഹൈദ്രോസ് സാഹിബിന് ഞങ്ങളെ കണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം, ഞങ്ങൾക്ക് ചായ തന്നു. കുറെ തമാശ പറ

ഞ്ഞു. ഫറോക്ക് ചുങ്കത്തിനടുത്തുള്ള മൂന്നിലകം വീട്ടിലാണ് തൽക്കാലം കോളേജ് തുടങ്ങുന്നതെന്നും ഇന്നുതന്നെ അവിടെപ്പോയി അപേക്ഷ കൊടുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. "കുതിരവണ്ടിയിലൊന്നും പോകണ്ട കെട്ടോ" ചിരിച്ചുകൊണ്ട് അദ്ദേഹം ഞങ്ങളെ യാത്രയാക്കി.

ബസ്സിൽ ചുങ്കത്തുവന്നു. മൂന്നിലകത്തു ചെന്നപ്പോൾ ഒരു ചെറിയ മുറിയിൽ ആദ്യത്തെ ക്ലർക്കായ സി.പി.എം. മൊയ്തീൻ കോയ സാഹിബ് ഇരിക്കുന്നു. ആദ്യമായി മൂന്നു വിദ്യാർത്ഥികളെ ഒരുമിച്ചുകണ്ട സന്തോഷം ആ മുഖത്ത് കാണാമായിരുന്നു. അപേക്ഷാ ഫാറം പൂരിപ്പിച്ച് ഫീസടച്ചശേഷം ഞങ്ങൾ നാലുപേരും കൂടി 'കുട്ടായി'യുടെ ചായക്കടയിൽ ചെന്ന് ഭക്ഷണം കഴിച്ചു. ഒരാഴ്ച കഴിഞ്ഞേ ക്ലാസ് തുടങ്ങുന്നുന്നുള്ളുവെന്ന് മൊയ്തീൻ കോയ സാഹിബ് പറഞ്ഞതനുസരിച്ച് ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു.

അടുത്ത ആഴ്ച വന്നപ്പോഴും മൂന്നിലകത്ത് ആരുമില്ല. പിന്നീട് മൊയ്തീൻ കോയ സാഹിബ് വന്നു മുറി തുറന്നു തന്നു. ഞങ്ങൾ പെട്ടിയും മറ്റും അകത്തുവെച്ച് കതകടച്ചപ്പോൾ അതിന്റെ 'സാക്ഷ' വീണുപോയി. അങ്ങനെയൊരു വിദ്യ ഞങ്ങൾക്കറിയില്ലായിരുന്നു. എന്തു ചെയ്യണമെന്നറിയാതെ ഞങ്ങൾ പുറത്തങ്ങനെ കുത്തിയിരുന്നു. അപ്പോഴാണ് അപരിചിതരായ രണ്ടു പേർ അങ്ങോട്ടു വന്നത്. സുമുഖനായ ഒരു ചെറുപ്പക്കാരനും പ്രായംകൂടിയ മറ്റൊരാളും. ഞങ്ങൾ പരസ്പരം പരിചയപ്പെട്ടു. ചെറുപ്പക്കാരൻ വി. മുഹമ്മദ് സാഹിബും അപരൻ കുര്യാക്കോസ് മാഷുമായിരുന്നു. ഞങ്ങൾക്കു പറ്റിപ്പോയ അമളി ഞാൻ വിശദീകരിച്ചു. "കതകടഞ്ഞു എന്നത് സത്യവും തുറന്നുകിട്ടണമെന്നത് നിങ്ങളുടെ ആഗ്രഹവുമാണ്. അപ്പോൾ നിങ്ങൾ 'സത്യാഗ്രഹ'ത്തിലാണ്. ഫാറൂഖ് കോളേജിലെ ക്ലാസുകൾ തുടങ്ങിയിട്ടില്ലെങ്കിലും കോളേജിലെ ആദ്യത്തെ സത്യാഗ്രഹം ഞാൻ ഉദ്ഘാടനം ചെയ്തിരിക്കുന്നു" — കുര്യാക്കോസ് മാഷുടെ ആ പ്രഖ്യാപനമുയർത്തിയ കൂട്ടച്ചിരി ഇന്നും ഞാനോർക്കുന്നു.

കളിയും ക്ലാസ്സും താമസവും എല്ലാം മൂന്നിലകത്ത് തന്നെ. രാവിലെ എഴുന്നേറ്റ് റെയിൽവേ സ്റ്റേഷൻ വരെ ഓടും. കഞ്ഞിയും കടലയും കഴിച്ചാണ് കോളേജിൽ പോയിരുന്നത്. പല പ്രായത്തിലുള്ള വിദ്യാർത്ഥികളാണ് ഒരേ ക്ലാസ്സിൽ പഠിച്ചിരുന്നത്. 48 വയസ്സുള്ള ഭാസ്കരേട്ടൻ ഞങ്ങളുടെ കൂടെ ഇൻറർമീഡിയേറ്റിനുണ്ടായിരുന്നു; 43 വയസ്സുള്ള എൻ.പി. ദാമോദരൻ ബി.എ.ക്കും. ക്ലാസ്സെടുക്കുന്നതു കാണാൻ ധാരാളം നാട്ടുകാർ പുറത്തുവന്നു നിൽക്കുമായിരുന്നു. അധ്യാപകർ ഇംഗ്ലീഷിൽ തകർക്കുന്നതു കാണുമ്പോൾ അവർക്കൊന്നും മനസ്സിലായില്ലെങ്കിലും വലിയ കൗതുകമാണ്. ഒരിക്കൽ കുര്യാക്കോസ് മാഷ് മലയാളം പഠിപ്പിക്കുന്നതു കണ്ടപ്പോൾ മാനേജിംഗ് കമ്മിറ്റിയിലെ ഒരംഗം ചോദിച്ചു: "ഇത് പഠിപ്പിക്കാൻ മാഷ് വേണോ? ഞങ്ങൾ പോരെ?!!"

കോളേജ് കുന്നിൻ മുകളിലേക്ക് മാറ്റിയപ്പോൾ കെട്ടിടത്തിന്റെ പണി പൂർത്തിയായിരുന്നില്ല. ക്ലാസ്സിലിരുന്നാൽ ആകെ ചെളിയാകുമായിരുന്നു. വൈകുന്നേരങ്ങളിൽ ചാലിയാറിന്റെ തീരത്തുള്ള പാറപ്പുറത്ത് പോയിരിക്കും. മത്സ്യവള്ളങ്ങൾ കടന്നുപോകുമ്പോൾ വിളിച്ചു വരുത്തും. മത്സ്യം വാങ്ങി ഹോസ്റ്റലിൽ കൊണ്ടുപോയി കൊടുത്താൽ ഞങ്ങളുടെ ഇഷ്ടംപോലെ പാകം ചെയ്തുകിട്ടും. കൊടുങ്ങല്ലൂർക്കാരൻ കുഞ്ഞാലി എന്നു പേരുള്ള ഒരു രസികൻ വിദ്യാർത്ഥിയുണ്ടായിരുന്നു. തുരുതുരെ തമാശ പൊട്ടിക്കുന്ന കുഞ്ഞാലി ഒരു ദിവസം വഞ്ചിക്ക് കൈ നീട്ടിയപ്പോൾ വീണുപോയി. വെള്ളത്തിൽനിന്ന് പൊക്കിയെടുത്തപ്പോൾ അവന്റെ തോളെല്ല് പൊട്ടിപ്പോയിരുന്നു. റൂറൽ ഫാർമസിയിൽ (ഇന്നത്തെ കോയാസ് ഹോസ്പിറ്റൽ) എത്തിച്ചു. ഞങ്ങളെല്ലാം അവിടെത്തന്നെ കൂടി. 15 ദിവസം കഴിഞ്ഞപ്പോൾ നടന്ന യൂനിയൻ തിരഞ്ഞെടുപ്പിൽ കുഞ്ഞാലിയും മത്സരിച്ചു. വാശിയേറിയ മത്സരത്തിൽ എല്ലുപൊട്ടിയതിന്റെ സഹതാപവോട്ട് നേടി കുഞ്ഞാലി ജയിച്ചു; ഫൈൻ ആർട്ട്സ് സിക്രട്ടറിയായി. ആ കുഞ്ഞാലിയാണ് പിൽക്കാലത്ത് പ്രസിദ്ധനായ സിനിമാനടൻ ബഹദൂർ.



പി.എം. ഹസ്സൻകോയ ഹാജി

## ഒരു വിദ്യാർത്ഥിയെ കിട്ടാൻ

ഒരു ദിവസം രാവിലെ ഷാ സാഹിബ് എന്റെ വീട്ടിൽ വന്നു. എസ്.എസ്.എൽ.സി. പാസ്സായിരിക്കുന്ന എന്റെ മകൻ എൻ.എം. അബൂബക്കർ കോയയെ കോളേജിലയക്കണമെന്നായിരുന്നു ആവശ്യം. മൂന്നിലകത്ത് വീട്ടിലാണ് കോളേജ്. ഹോസ്റ്റൽ ഇല്ലാത്തതുകൊണ്ട് ദൂരദിക്കിൽനിന്നു വരുന്ന കുട്ടികൾ ഫറോക്കിലെ ചില പീടികയുടെ മാളികയിലായിരുന്നു താമസിച്ചത്. കോളേജ് ലൈബ്രറിക്ക് വേണ്ടി ഹിമായത്തുൽ ഇസ്ലാം സ്കൂളിൽനിന്ന് വളരെയേറെ പുസ്തകങ്ങൾ കൊടുത്തിട്ടുണ്ട്. കോഴിക്കോട്ടുവന്ന് ഫറോക്കിലേക്ക് മടങ്ങാൻ കഴിയാത്ത ദിവസങ്ങളിൽ ഈ സ്കൂളിലാണ് ഷാ സാഹിബ് ഉറങ്ങിയിരുന്നത്.

കോളേജ് കുന്നിൻപുറത്തേക്ക് മാറ്റിയപ്പോൾ ചുങ്കത്ത് നിന്ന് കുട്ടികൾ നടന്നുപോയി. ഭക്ഷണം കിട്ടാൻ ഹോട്ടലുകൾ പോലുമുണ്ടായിരുന്നില്ല. ഉച്ചഭക്ഷണം രാവിലെത്തന്നെ പാത്രങ്ങളിൽ കൊണ്ടുപോവുകയായിരുന്നു അന്നൊക്കെ കുട്ടികൾ ചെയ്തിരുന്നത്.



ഡോ: എൻ.എ. കരീം

## പുനർജന്മത്തിൻെറ കുളുർമ്മ

**ഫാ**റൂഖ് കോളേജ് എന്ന് കേൾക്കുമ്പോൾ എൻെറ ഓർമ്മയിൽ തെളിഞ്ഞു വരുന്നത് വിജന ഭീകരമായ ഒരു കുന്നിൻപരപ്പും അവിടെ ബാരക്കു കണക്കെ ഒറ്റപ്പെട്ടു നിൽക്കുന്ന ഒരുനിലക്കെട്ടിടവുമാണ്. ഞാൻ കോളേജിൻെറ ആദ്യത്തെ ബി.എ. ബാച്ചിൽ രണ്ടാം വർഷം ചേർന്ന നാളുകളിൽ കോളേജ് പ്രവർത്തിച്ചിരുന്നത് ഫറോക്കിലെ ചുങ്കത്തിനടുത്തുള്ള ഒരു 'ഭാർഗ്ഗവീനിലയ'ത്തിലായിരുന്നു. ഞങ്ങളുടെ താമസം പേട്ടയിലുള്ള കടകളുടെ മുകളിലെ മുറികളിലും. വൈദ്യുതിയില്ല; കട്ടിലില്ല; കസേരയില്ല; എങ്കിലും എനിക്ക് പരാതിയില്ലായിരുന്നു.

എറണാകുളം മഹാരാജാസ് കോളേജിൽ സീനിയർ ബി.എ. ക്ലാസ്സിൽ പഠിക്കുമ്പോൾ രാഷ്ട്രീയത്തിൻെറ പേരിൽ കോളേജിൽ നിന്ന് പുറത്താക്കപ്പെട്ടു. നാലു കൊല്ലം പത്രപ്രവർത്തനവും രാഷ്ട്രീയവുമായി കഴിഞ്ഞു. എന്നന്നേക്കുമായി നഷ്ടപ്പെട്ടു പോയെന്ന് കരുതിയിരുന്ന എൻെറ വിദ്യാഭ്യാസം പുനരാരംഭിച്ചു പൂർത്തീകരിക്കുവാൻ എനിക്കഭയവും സൗകര്യവുമേകിയ ഫാറൂഖ് കോളേജിനോട് എനിക്കുള്ള വൈകാരികമായ ബന്ധം മറക്കുക സാദ്ധ്യമല്ല.

മഹാരാജാസ് കോളേജിൻെറ വൈവിദ്ധ്യമോ വർണ്ണശബളിമയോ അന്നത്തെ ഫാറൂഖ് കോളേജിനില്ലായിരുന്നുവെങ്കിലും പ്രിൻസിപ്പൽ അടക്കമുള്ള അധ്യാപകരും വിരലിലെണ്ണാവുന്ന വിദ്യാർത്ഥികളും ഒരേ കുടുംബമായി അനൗപചാരികമായി ജീവിച്ചത് ഒരപൂർവ്വ വിദ്യാഭ്യാസാനുഭവം തന്നെയായിരുന്നു.

കോളേജിൻെറ ശൈശവദശയിൽ പല കാര്യങ്ങൾക്കായി ഓടിനടക്കേണ്ടിയിരുന്ന ഷാ സാഹിബ് പഠിപ്പിക്കുന്നത് വല്ലപ്പോഴുമൊക്കെയായിരുന്നു. ഒരിക്കൽ കുളിക്കാൻ തലയിൽ എണ്ണയും തേച്ച് കുറെനേരം ഞങ്ങളെ പഠിപ്പിച്ച ഷാ സാഹിബിൻെറ ചിത്രം ഇന്നും ഓർമ്മയിൽ തെളിഞ്ഞു നില്ക്കുന്നു. പിന്നീട് പ്രിൻസിപ്പലായിത്തീർന്ന ജലീൽ സാഹിബ് അന്നൊരു ഇംഗ്ലീഷ് അധ്യാപകന് അനുയോജ്യമായ വേഷഭൂഷാദികളോടുകൂടിത്തന്നെയായിരുന്നു നടപ്പ്. തനി നാടനായ കുര്യാക്കോസ് സാറിൻെറ കോട്ടുപോലെതന്നെ രസകരമായിരുന്നു ക്ലാസ്സും.

ഞങ്ങൾ നാലുപേർ മാത്രമാണ് കോളേജിൻെറ ആദ്യ ബി.എ. ബാച്ചിൽ ഉണ്ടായിരുന്നത്. നാലുപേരും ജയിച്ചു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ എന്നെ കോളേജിൻെറ ഇംഗ്ലീഷ് വിഭാഗത്തിൽ അധ്യാപകനായി നിയമിച്ചു. മൂന്നു കൊല്ലം ജോലി ചെയ്തശേഷം എനിക്ക് പിരിയേണ്ടി വന്നു. അത് മറ്റൊരു കഥ. അതിനിവിടെ പ്രസക്തിയില്ല.



**N.P. Damodaran**

## "I was only 43 years old...."

*I joined the college in the B.A. Calss in 1949, just one year after it had got started. You need not stand aghast staring on vacuum. I was full forty three years old then. All the teachers with the exception of two or three were far younger to me.*


*At the very first sight I fell in love with the college. Not that it was attractive or pretty looking but that it impressed me as one with a character, a rare and invaluable asset to any institution, any individual and to any nation at that. I am afraid, my love gradually grew being promiscuous. I began finding myself in love with everybody and everything in the college. It will be a shocking amazement to you that we had no strike or protest of anykind whatsoever during those days. There was only allround co-operation.*

*We were only twenty one in the first year B.A. class. Girls had not started being admitted. All worked hard for a good result and it was really good. All my classmates who passed got well employed in less than a year's time. I was already a senior editor on the staff of the Mathrubhumi, tolerably well paid.*

*On the first day of my arrival in the college, a few minutes before the bell, I happened to listen to a senior class student announce to his friends nearby: "Grand seventh week", - an advertisement bit borrowed from cinema. Soon came in sight at a distance an aged lecturer (retired Tamilian gentleman reemployed). He was slovenly dressed in a none-too-clean unbleached 'Kora' dhoti and somewhat aged coat to match. He, it seemed, was wearing the dress for several days without a change. This little first experience led me to expect good fun and a jolly time at the college. Thanks to fellow students I was not at all disappointed.*

*Looking at the phenominal growth both in quality and quantity of the college now, and the enviable result produced year after year, I suspect my love is giving place to pride- the pride of being an old boy of a college of that grandeur.*

*(Extract From Silver Jubilee Sovenir)*



പ്രൊഫ: ടി.എൻ. നമ്പീശൻ


## 'ഇരുമൂളിപ്പറമ്പി'ന്റെ ഇന്നലെകൾ

ഫാറൂഖ് കോളേജിലെ പ്രഥമ ഹിന്ദി അദ്ധ്യാപകനായി ഈ ലേഖകൻ മൂന്നിലകത്ത് വീട്ടിൽ ചെന്നുചേർന്നത് 1948 ഡിസംബർ 9-ന് വൈകുന്നേരം 4 മണിക്കാണ്. മൂന്നിലകത്തെ തെക്കേ കളപ്പുരയിൽ കോളേജിന്റെ ആദ്യവർഷത്തെ 'യൂണിയൻ മഹായോഗം നടന്നുകൊണ്ടിരിക്കുന്നു. അന്നത്തെ സർവ്വവ്യാപിയായ വിദ്യാർത്ഥി എം.എ. മുഹമ്മദുസാഹിബിന്റെ ഉജ്ജ്വല പ്രസംഗം കേൾക്കുന്നു. അംഗസംഖ്യ കുറവാണെങ്കിലും ഉശിരിന്റെ ഡിഗ്രി ഉയർന്നതുതന്നെ. ചിരിയും കൈയ്യടിയും കൂടി ബഹളമയം. ഒരു ഹൈസ്ക്കൂളിൽനിന്ന് കോളേജിലേക്കു കയറിച്ചെന്ന എനിക്ക് അത് അത്ഭുതമുളവാക്കി. അതിനിടയിൽ വി. മുഹമ്മദു സാഹിബും തോട്ടുങ്ങൽ കുര്യാക്കോസു മാസ്റ്ററും പുറത്തുവന്ന് എന്നെ സ്വീകരിച്ചു. മൂന്നിലകത്തു വീട് ഒരു പ്രതീക്ഷാലയം മാത്രമാണെന്നും നമ്മുടെ ആസ്ഥാനം 'ഇരുമൂളി'പ്പറമ്പാണെന്നും മനസ്സിലായി. അടിവാരം വരെ സുൽത്താൻ റോഡ് എന്നു പറയുന്ന ഇടവഴിയും അവിടുന്ന് മുകളിലേക്ക് മുൾക്കാട്ടിലൂടെ ഒറ്റയടിപ്പാതയും കടന്ന് ഇരുൾക്കാട്ടിനകത്ത് കടന്നു നോക്കിയാൽ ലൈബ്രറിയും ചുരുക്കം ചില മുറികളും നിൽക്കുന്ന ഫാറൂഖ് കോളേജ് കെട്ടിടത്തിന്റെ വെട്ടുകൽത്തറ കാണാം.

കുറേ പഴമയുള്ളവരോടു ചോദിച്ചാൽ ഒരേതരം സമാധാനമാണ് കിട്ടുക. ഇത് കാടായിരുന്നു. പന്നി, മുള്ളൻ, മൂർഖൻ പാമ്പ് എന്നിവയുടെ വിഹാരകേന്ദ്രം. പതിറ്റടിക്കു ശേഷം ജീവനിൽ കൊതിയുള്ളള ഒരാളും ഇതിലേ ഒറ്റക്കു പോകാൻ ധൈര്യപ്പെടില്ല. ഇത് വെളിച്ചത്ത് ഭയമുള്ളവരുടെ അഭയകേന്ദ്രമായിരുന്നു. രാത്രികാലങ്ങളിൽ കൊള്ളയും കൊലയും നടത്തുന്നവരുടെ പകൽസങ്കേതവും. പതിനെട്ടടവു പയറ്റിയിട്ടും പോലീസിനു പിടികിട്ടാത്ത വട്ടേലത്തു വേലു തുടങ്ങിയ മഹാക്രൂരന്മാരായ കൊള്ളക്കാരുടെ രക്ഷാസങ്കേതമായിരുന്നു. പണ്ടേക്കുപണ്ടേ പശുക്കൾ സ്വതന്ത്രമായി മേയുന്ന സ്ഥലം. തങ്ങളുടെ പശുക്കൾ പ്രസവിച്ചിട്ടുണ്ടെന്നു കേട്ടാൽ ഉടമസ്ഥർ അകമ്പടിയോടെ കൂട്ടിക്കൊണ്ടു പോകുകയായിരുന്നു പതിവ്.

കുറച്ചുകൂടി 'വിവര'മുള്ളവർ നിഗൂഢത നിറഞ്ഞ ഒരു ഭയാനകലോകത്തിലേക്കാണ് നമ്മെ കൊണ്ടുപോവുക. അവരുടെ ദൃഷ്ടിയിലിത് അരൂപികളും അദൃശ്യശരീരികളുമായ ഭൂതപ്രേതപിശാചുക്കളുടെ ആവാസഭൂമിയാണ്; നാലു ഭാഗത്തും മരിച്ചു ഗതികിട്ടാത്ത നീചപ്രേതങ്ങളും ബ്രഹ്മരക്ഷസ്സുകളും ദുർമൂർത്തികളും ആഗ്നേയശരീരികളായ പിശാചുക്കളും വായവ്യശരീരികളായ ഭൂതങ്ങളും രാപ്പകലില്ലാതെ വിഹരിക്കുന്ന രംഗം. ആ വഴി പോയവർ എത്രയോ മടങ്ങാതെയുണ്ടു പോലും. എത്രയോ ദുർമ്മരണങ്ങൾക്കവരെ കുറ്റപ്പെടുത്താറുണ്ട്. ഒന്നുകിലവരുടെ ബാധ, അല്ലെങ്കിൽ ദൃഷ്ടി അഥവാ കൈക്രിയ തന്നെ. ആട്ടിൻകൂട്ടം മേയാൻ പോയാൽ ഒന്നോ രണ്ടോ കുറയും, മടങ്ങി വരുമ്പോൾ. പിശാചുക്കളല്ലാതെ ആരുണ്ടു പിടിക്കാൻ! കുട്ടികൾക്ക് മത്സ്യവുമായി ഇതിലേ കടന്നു പോകാൻ വയ്യ. പഞ്ചസാരപ്പായസം കഴിക്കുന്ന സ്വൽപ്പം ബ്രാഹ്മണരാക്ഷസന്മാരുണ്ടെങ്കിലും അധികവും കടുത്ത രക്തദാഹികളായ ഘോരപ്രേതങ്ങളാണ്, ഭീകരന്മാർ. പുറമേ ശവപ്പറമ്പുകളും കൂളികളുമുണ്ട്. നാറാണിയാട്ട്, മുല്ലപ്പള്ളി, കണക്കിഴി, കുറ്റിക്കാട്ടിൽ, മണ്ണിൽ, തൈക്കാട്ട് തുടങ്ങിയ പ്രാചീന തറവാട്ടുകാരെല്ലാം ഇരുമൂളിമ്പറമ്പിനകത്തു താഴെ ഒതുങ്ങിക്കൂടിക്കഴിയും. കാരണം ഭയം തന്നെ.

എന്നാൽ അപ്രകാരമെ ല്ലാമായിരുന്ന ഇരുമൂളിപ്പറമ്പ് ഇന്ന് ഒരു മഹാപ്രസ്ഥാനമായി. അവിടുത്തെ ഭൂതപ്രേതാദികൾ അവരുടെ പരിചിതമായ റാഗിംഗ് നിർത്തി പരിഷ്കൃതമായി. ഉദാരചരിതരും മനുഷ്യസ്നേഹികളുമായ മഹാനുഭാവന്മാരുടെ വിചാരപ്രക്രിയയാൽ ഉൾപ്പുകി, മനുഷ്യമഹാപ്രയത്നത്തിന്റെ യജ്ഞവേദിയായി, ഒരു മഹാവിദ്യാലയമായി മഹാന്മാർ ഇച്ഛരിച്ചു പ്രയത്നിച്ചു അതുണ്ടായി. ഇന്ന് പ്രകാശം വിതറുന്ന സ്ഥാപനമാണ് ഇരുമൂളിപ്പറമ്പ്. ഉജ്ജ്വലമായ ഒരു സമഗ്രസംസ്കാരത്തിന്റെ ഉറവിടമാണ്. വിഭിന്ന സംസ്കാരങ്ങൾ സമരസമായി വളർന്നു വികസിക്കുന്നതിന്റെ നിദർശനം. ഒന്നിനെയൊന്നു പോഷിപ്പിക്കുന്ന കേരളത്തിനു മാത്രമല്ല ഭാരതത്തിനാകെ അത്യാവശ്യവും ആരോഗ്യകരവുമായ ഒരു സാംസ്കാരിക പ്രഭാവത്തിന്റെ ഊർജ്ജ കേന്ദ്രമാണ് ഫാറൂഖ് കോളേജ് എന്നു ഞാൻ കരുതുന്നു. സ്വകാര്യവ്യക്തികൾക്ക് പ്രയത്നം കൊണ്ട് എന്ത് സാധിക്കുമെന്നതിന് ഇത് മാർഗ്ഗദർശനം ചെയ്തു. തുടർന്നു കുറേ കോളേജുകളുണ്ടാക്കാൻ ഇതൊരു പ്രേരണയായി എന്നതൊരു പരമാർത്ഥമാണ്. തദ്വാരാകാലിക്കറ്റ് യൂണിവേഴ്സിറ്റി സ്ഥാപിതമാകാൻ ഇത് കാരണമായി എന്നു പറഞ്ഞാൽ അതിശയോക്തിയായി കരുതരുത്. ഫാറൂഖ് കോളേജിന്റെ വളർച്ച അതിന്റെ ഉത്ഭവം പോലെ തന്നെ അത്ഭുതാവഹമാണ്.



ഗോപാലൻ ആശാരി

## മരപ്പണിക്കാരന്റെ എളിയ പങ്ക്

പറങ്കിമാവായിരുന്നു ഈ കുന്നിൻപുറത്ത് കാര്യമുണ്ടായിരുന്ന മരം. കൂടാതെ ഉയരം കൂടിയ ചെങ്ങണപ്പുല്ലും പനമ്പുല്ലും. പിന്നെ

നല്ല പൂക്കളുണ്ടാകുന്ന കണ്ണാന്തളി എന്ന മരം. ഓണക്കാലത്ത് ഞങ്ങൾ അതിൻെറ പൂ പറിക്കാറുണ്ടായിരുന്നു. പിന്നെ 'മണ്ണാത്തിച്ചെന' എന്നു പേരുണ്ടായിരുന്ന കിണറ്റിൽ കുംഭമാസത്തിൽ പോലും വെള്ളമുണ്ടായിരുന്നു. ('കാൻറീനി'ൻെറ പടിഞ്ഞാറുഭാഗത്ത് ആ ചെന ഇപ്പോഴുമുണ്ട്.)

1948 ആദ്യം മൂന്നിലകത്ത് ഒരു കോളേജ് തുടങ്ങിയിട്ടുണ്ടെന്ന വിവരം ഞാൻ അറിഞ്ഞു. കോളേജിനുവേണ്ടി കുറെ ബഞ്ചും ഡെസ്കും ആരൊക്കെയോ സംഭാവന ചെയ്തതായും അവയുടെ കേടുപാടുകൾ തീർക്കാൻ ഒരു ആശാരിയെ ആവശ്യമുണ്ടെന്നും കേട്ടു. പിറ്റേന്ന് രാവിലെ ഞാൻ മൂന്നിലകത്ത് ചെന്നു. വി. മുഹമ്മദ് സാഹിബിനെയാണ് ആദ്യം കണ്ടത്. സംസാരിച്ച ശേഷം റിപ്പയറിന് എന്നെ ഏല്പിച്ചു. അതാണ് കോളേജിനു വേണ്ടി ഞാൻ ആദ്യം ചെയ്ത ജോലി.

കോളേജ് ഇരുമൂളിപ്പറമ്പിലേക്കു മാറ്റിയ ശേഷം അസംബ്ലിഹാളിൻെറ (ഇന്നത്തെ ലൈബ്രറി) പണി ഒരുവിധം പൂർത്തിയായ ഘട്ടത്തിൽ ഷാ സാഹിബ് എന്നെ വിളിച്ചു. "കൂലി കുറവായതുകൊണ്ട് പണിക്കാരൊക്കെ പോയി, നീ സഹായിക്കുമോ?" ഞാൻ സമ്മതിച്ചു. പിന്നെ പലരും ഓരോ ബ്ലോക്കായി സംഭാവന ചെയ്ത കെട്ടിടത്തിൻെറ പണി; ആസാദ് ഹോസ്റ്റൽ, എ.എൽ.എം. ഹോസറ്റൽ, സ്റ്റാഫ് കോർട്ടേഴ്സ്, പ്രസിഡൻറ് ഹോസ്റ്റലിൻെറ പകുതി ഭാഗവും ഞാനെടുത്തു. സഹായത്തിന് മറ്റു പല ആശാരിമാരുമുണ്ടായിരുന്നു.


ഓഡിറ്റോറിയം നില്ക്കുന്ന സ്ഥലം പണ്ട് ഒരു ശ്മശാനമായിരിക്കണം. അവിടെ വലിയൊരു പാലമരത്തിനു പുറമെ പറങ്കിമാവും കാഞ്ഞിരവുമുണ്ടായിരുന്നു. ബുൾഡോസർ കൊണ്ടുവന്ന് അവിടം നിരപ്പാക്കുന്ന കാഴ്ച നല്ല രസമായിരുന്നു. വലിയ മരങ്ങളൊക്കെ വേരോടെ പറിച്ചെടുത്ത് ഒരു മൂലയ്ക്ക് കൊണ്ടുപോയിട്ടു. കല്ലും മണ്ണും നിരപ്പാക്കിയപ്പോൾ അനേകം അസ്ഥികൂടങ്ങൾ കണ്ടുകിട്ടി.

തുടക്കത്തിൽ മൂന്നു രൂപയായിരുന്നു ഞങ്ങൾക്കു കൂലി. അതുതന്നെ മാസത്തിലൊരിക്കലൊക്കെ ആരോടെങ്കിലും വാങ്ങിത്തരികയായിരുന്നു. ഒരു പതിനഞ്ചു കൊല്ലത്തിനു ശേഷമാണ് എടുക്കുന്ന പണിക്ക് അന്നന്ന് കൂലി തരാൻ കഴിയുന്ന നിലയിൽ കോളേജ് എത്തിയത്. വീട്ടി കൊണ്ടുള്ള കസേരക്ക് അന്ന് മൂന്ന് രൂപയേ വിലയുള്ളു എന്നോർക്കുക.

ലാബറട്ടറിക്കു വേണ്ടി നിർമ്മിക്കേണ്ട ഉപകരണങ്ങൾ ഞാൻ കണ്ടിട്ടുപോലുമില്ലായിരുന്നു. അവ കണ്ടു പഠിക്കാൻ ഷാ സാഹിബിൻെറ കത്തുമായി ഞാൻ ക്രിസ്ത്യൻ കോളേജിൽ ചെന്നു. അവിടുത്തെ മാതൃകയിൽ പ്ലാൻ വരച്ചുണ്ടാക്കി. പല പാർട്ടുകളായാണ് പണി തീർത്തത്. മരങ്ങൾ മിക്കവാറും പലരും സംഭാവന ചെയ്യുകയായിരുന്നു. പ്രൊഫ: ലക്ഷ്മണ അയ്യരാണ് ഫിസിക്സ് ലാബിൽ ആദ്യമായി വന്നത്. കെമിസ്ട്രിയിലാണെങ്കിൽ പ്രൊഫ: കുഞ്ഞൻ രാജയും. ലാബിൽ പല മാറ്റങ്ങളും വരുത്തിയത് അദ്ദേഹമാണ്. രാവിലെ വന്ന് ഷർട്ടഴിച്ചിട്ട് ബനിയനും മുണ്ടും മാത്രം ധരിച്ച് ഞങ്ങളോടൊപ്പം പണിയെടുത്തിരുന്ന അദ്ദേഹത്തെ മറക്കാനാവില്ല. സുവോളജി, ബോട്ടണിലാബുകളുടെ പണി താരതമ്യേന എളുപ്പമായിരുന്നു.

ഷാ സാഹിബ് ഇന്ത്യയുടെ പല ഭാഗത്തും പിരിവിനുവേണ്ടി ഓടിനടക്കുകയായിരുന്നു. അദ്ദേഹത്തിൻെറ പ്രൈവറ്റ് സിക്രട്ടറിയായിരുന്ന അന്തോണിയാണ് പണികളൊക്കെ ശ്രദ്ധിച്ചിരുന്നത്. ആദ്യമായി കോഴിക്കോട്ടു നിന്ന് കോളേജിലേക്കു വന്ന ബസ് ജാനകീറാം ആയിരുന്നു. രണ്ടു കൊല്ലത്തോളം ആ ബസ് മാത്രമാണുണ്ടായിരുന്നത്. അന്ന് ഫറോക്ക് പോലീസ് സ്റ്റേഷൻ വരെ വന്നിരുന്ന സി.ഡബ്ല്യൂ.എം.എസ്. എന്ന ബസ് കോളേജ് വരെ നീട്ടിക്കിട്ടാൻ കുട്ടികൾപ്രക്ഷോഭമുണ്ടാക്കി. അങ്ങനെ രണ്ടാമതായി സി.ഡബ്ല്യൂ.എം.എസ്. കോളേജിലേക്ക് വന്നുതുടങ്ങി.

മുപ്പത്തിമൂന്നു കൊല്ലത്തോളം ഞാൻ കോളേജിനു വേണ്ടി മരപ്പണികൾ ചെയ്തിട്ടുണ്ട്. 1948 മുതൽ 1981 വരെ. പിന്നീടുള്ള പണികളെല്ലാം കരാറാണ്. ഇന്നു കോളേജിൻെറ പുരോഗതി കാണുമ്പോൾ ഒരു വല്ലാത്ത സന്തോഷം.



Prof: H.M.A. SHUKOOR

# THE MEMORY OF A 'CHOOT'

*Whenever I think of my service in Farook College in the department of Economics, my mind goes back to my first visit to Kerala. In Trichur I had the privilege of meeting Prof. Mohideen Shah Saheb, the founder principal of Farook College, who, during the course of our talk, had informed me of the possibility of a placement for me in the next academic year.*

*I received orders of appointment and left my native town, Holenarsipur in Hassan Dist, in the erstwhile Mysore State. On reaching Calicut, late in the evening, raining incessantly, by the only rickety bus then available it was a problem to reach Farook College. Some people knew of it and some were ignorant about its very existence. One good natured gentleman, understanding my lack of Malayalam language and locations of the places, put me in a bus. All along I was anxiously reading the sign boards, and after Feroke Railway station, it was almost sunset. Oil lamps were lit. The bus passed Feroke area but no sign of the expected College buildings and at a place (Chungam) clus-*

*tered by a few thatched tea shops. I was asked to alight. Somebody voluntarily asked me my destination. When I told him of the Collge, he replied "Principal" amusingly pronounced as 'Muncipal,' picked up my luggage and, by gesture and signs asked me to follow on. The on-lookers throughout were staring at me, amused at a person in suit, hat and shoes.*

*I just followed his bidding and direction blindly and he talked a lot in Malayalam, but I could understand very little. By then it was pitch-dark and I got panicky to walk along narrow mud-road under palm groves and among shrubbery. The most amusing thing (to me) was to see, here and there one or two persons walking about with glowing torch, which on jerks of hand lights up and spreads light showing the way (lateron I came to know it was the local torch made of twisted dried palmleaves called 'Choot')*

*After walking blindly, though in panic, for considerable distance, the porter pointed at a house. It was on an elevation and on climbing up I saw Mr. Shah Saheb. I greeted him along with Mr. Jaleel Sahib (later Principal and Vice-Chancellor) studying tabulated mark lists of admission seekers. I forgot all anxiety and worry. I felt relaxed and had the advantage of living with him in the same house till I shifted residence to Calicut.*

*Next morning we moved to the College, climbing a hillock in rural settings, inhabitants starring at us as though we were a curious lot. We reached the College, just a completed portion of unostentatious tiled building on the hillock, the Feroke river flowing down below.*

*The observation of the Madras University Affiliation Commission came true-as though a miracle of "Aladin's Lamp" from a humble begining-a modest building to almost a mini university. Farook college is recommended for the status of an "Autonomous College".*

*I cannot forget my personal and intimate association with my collegues - some of them no more, some of them retired and some are still continuing in service and some of our old students have replaced us, the list is inexhaustible.*

*My relationship with the students used to be almost like friends, when student discipline and response to teaching was admirable. I had the opportunity of leading student tours to Mysore (several times) Coimbatore, Peechi Dam etc. and most memorable is one under the planning forum to the rural parts of Mandya Dt.*



**അഡ്വ.പി.എം.മുഹമ്മദുകുട്ടി**

## ഉല്ലാസയാത്ര ഉണർത്തിയ ചിന്തകൾ


എസ്.എസ്.എൽ. സി. പരീക്ഷയുടെ ഫലപ്രഖ്യാപനം പ്രതീക്ഷിച്ചുകൊണ്ടിരിക്കെ 1949 മെയ് മാസത്തിലാണ് ചില സുഹൃത്തുക്കളോടൊപ്പം ഞാൻ ഫാറൂഖ് കോളേജ് കാണാൻ പോയത്. വിശാലമായ ആ കുന്നിൻപുറത്ത് മനോഹരമായ ഒരു കെട്ടിടം പണിതീർന്നതേയുള്ളു. അതിന്റെ അവസാന മിനുക്കുപണികൾ ധൃതിയിൽ നടന്നുകൊണ്ടിരിക്കുന്ന സമയമായിരുന്ന അത്. കുറെ ജോലിക്കാരെയും അവരുടെ മേസ്തിരിയെയുമല്ലാതെ മറ്റാരെയും ഞങ്ങളവിടെ കണ്ടില്ല; കെട്ടിടത്തിന് മുമ്പിൽ ഒരു കാർ പാർക്ക് ചെയ്തിരുന്നു. മർഹും പുളിയാളി അബ്ദുല്ലക്കുട്ടി ഹാജിയുടെതായിരുന്നു കാറ്. അദ്ദേഹവും ഷാ സാഹിബും ആ കുന്നിൻപുറത്തെവിടെയോ ഉണ്ടെന്നും ഡ്രൈവറിൽ നിന്ന് മനസ്സിലായി.

ഞങ്ങൾ കെട്ടിടം ചുറ്റിനടന്ന് കാണുന്നതിനിടയിൽ മൂന്നാളുകൾ പടിഞ്ഞാറു ഭാഗത്തു നിന്ന് നടന്നുവരുന്നത് കണ്ടു. സൂക്ഷിച്ച് നോക്കിയപ്പോൾ സാഹിബും അബ്ദുല്ലക്കുട്ടി ഹാജിയും മൗലാനാ അബുസ്സബാഹ് മൗലവിയും ആണെന്ന് മനസ്സിലായി. അവർ നേരെ കാറിനടുത്തേക്ക് പോയി. കുറെനേരം അവിടെനിന്ന് സംസാരിച്ചശേഷം ഷാ സാഹിബും അബ്ദുല്ലക്കുട്ടി ഹാജിയും കാറിൽ കയറി സ്ഥലംവിട്ടു. ഉടനെ ഞങ്ങൾ മൗലവി സാഹിബിനെ സമീപിച്ചു; സലാംചൊല്ലി സ്വയം പരിചയപ്പെടുത്തി.

ഞാൻ മലപ്പുറം ഹൈസ്കൂളിലാണ് പഠിച്ചതെന്നും മർഹും സി.ഒ.ടി. കുഞ്ഞിപ്പക്കി സാഹിബിന്റെ ശിഷ്യനാണെന്നും അറിഞ്ഞപ്പോൾ മൗലവി സാഹിബിന് ഉത്സാഹമായി. റൗളത്തുൽ ഉലൂം അറബിക്കോളേജ് മഞ്ചേരിയിൽ ആയിരുന്നപ്പോൾ മൗലവി സാഹിബ്, കുഞ്ഞിപ്പക്കി സാഹിബുമായി കൂടിക്കാഴ്ചകൾ നടത്തുക പതിവായിരുന്നു. രണ്ടുപേരും വിദ്യാഭ്യാസരംഗത്തെ മുസ്ലിംകളുടെ പിന്നോക്കാവസ്ഥയിൽ ഒരുപോലെ ദുഃഖിതരായിരുന്നു.

അരമണിക്കൂറിലേറെ ഞങ്ങൾ സംസാരിച്ചു. അന്നദ്ദേഹം ഊന്നിപ്പറഞ്ഞ കാര്യങ്ങൾ ഇന്നും എന്റെ മനസ്സിലുണ്ട്. "വിജ്ഞാനത്തിന്റെ ഒരു മണ്ഡലവും നിങ്ങൾക്ക് നിഷേധിക്കപ്പെട്ടിട്ടില്ല. പക്ഷേ പാശ്ചാത്യ സംസ്കാരത്തിന്റെ പൊങ്ങച്ചംകണ്ട് ഭ്രമിച്ച് പവിത്രമായ ഇസ്ലാമിക സംസ്കാരത്തെ നിങ്ങൾ ബലിയർപ്പിക്കരുത്. ഒരു യഥാർത്ഥ മുസ്ലിമായിക്കൊണ്ടുതന്നെ ഒരു യഥാർത്ഥ ഡോക്ടറും എഞ്ചിനീയറും അഡ്വക്കറ്റും, അധ്യാപകനും മറ്റുമായിത്തീരാൻ നിങ്ങൾക്കു സാധിക്കണം. അവിടെയാണ് ഈ സമുദായത്തിന്റെ വിജയം."

തുടർന്ന് ഫാറൂഖ് കോളേജിലെ വിദ്യാർത്ഥിയായിരുന്നപ്പോഴും പിൽക്കാലത്ത് കോഴിക്കോട് ബാറിൽ വക്കീലായി പ്രാക്ടീസ് ചെയ്തപ്പോഴും പിന്നീട് മാവൂർ ഗ്വാളിയോർ റയോൺസിലെ ഒരു ഉദ്യോഗസ്ഥനായിരുന്നപ്പോഴുമൊക്കെ ഞാൻ മൗലവി സാഹിബിനെ സന്ദർശിക്കാറുണ്ടായിരുന്നു.



ഒ. മുഹമ്മദ്

## ഒന്നാം വാർഷിക സമ്മേളനം

**1950**-ൽ നടന്ന ഫാറൂഖ് കോളേജിന്റെ ഒന്നാം വാർഷികാഘോഷ സമ്മേളനം ആദ്യ കാല വിദ്യാർത്ഥികളിൽ ഒരാളായ എന്റെ മനസ്സിൽ ഇന്നും പച്ചപിടിച്ചു നില്ക്കുന്നു. മദിരാശി മുഖ്യമന്ത്രി, പി.എസ്. കുമാരസ്വാമി രാജയാണ് അദ്ധ്യക്ഷൻ. ഉൽഘാടകൻ വിദ്യാഭ്യാസമന്ത്രി കെ. മാധവമേനോനും. മദിരാശി സർവകലാശാല വൈസ് ചാൻസലർ ഡോ: എ.എൽ. മുതലിയാരുടെ നാമധേയത്തിൽ ഒരു കെട്ടിടത്തിന് അന്ന് മുഖ്യമന്ത്രി തറക്കല്ലിടുകയുണ്ടായി. അതിനുപയോഗിച്ച ചട്ടുകം വിദ്യാഭ്യാസമന്ത്രിയുടെ സഹധർമ്മിണി, എ.വി. കുട്ടിമാളു അമ്മ വാർഷകിത്തിൽ ലേലം ചെയ്തു. പ്രമുഖരുൾക്കൊള്ളുന്ന സദസ്സിൽനിന്ന് പലരും ലേലത്തിൽ വാശിയോടെ പങ്കെടുത്തു. അരമണിക്കൂർ നീണ്ടുനിന്ന ലേലത്തിന്റെ അവസാനം കമ്മറ്റി പ്രസിഡണ്ട് ഉണ്ണിക്കമ്മു സാഹിബ് 4,000 ഉറുപ്പിക വിളിച്ചപ്പോൾ ലേലം ഉറപ്പിച്ചു. ചട്ടുകം പ്രസിഡണ്ടിനു നല്കി.

ഫാറൂഖ് കോളേജിന്റെ അസൂയാർഹമായ പുരോഗതിയിൽ ആവേശം പൂണ്ട് വൈസ് ചാൻസലർ ഡോ: മുതലിയാർ തന്നെ വന്ന് കാണുകയും, "I have fallen in love with your Farook College" എന്നു പറയുകയും ചെയ്ത കാര്യം വിദ്യാഭ്യാസമന്ത്രി മാധവമേനാൻ ഉണർത്തിയപ്പോൾ സദസ്സിൽനിന്ന് നീണ്ട കരഘോഷങ്ങളുയർന്നു.

ശ്രദ്ധേയമായ മറ്റൊരു സംഭവത്തിനുകൂടി ഈ സമ്മേളനം സാക്ഷ്യം വഹിച്ചു. വിദ്യാഭ്യാസമന്ത്രി തന്റെ പ്രസംഗമദ്ധ്യേ സദസ്സിനെ ആകമാനം ഒന്നു സൂക്ഷ്മമായി വീക്ഷിച്ചു. തന്റെ പൂർവ്വകാല സുഹൃത്തും ഖിലാഫാത്ത് പ്രസ്ഥാനത്തിൽ തന്റെ സഹപ്രവർത്തകനുമായിരുന്ന കെ.എം. മൗലവി സാഹിബിനെശ്രോതാക്കൾക്കിടയിൽ കണ്ടെത്തി. പ്രസംഗം കഴിഞ്ഞയുടനെ മാധവമേനോൻ വേദിയിൽ നിന്ന് ചാടിയിറങ്ങി മൗലവി സാഹിബിന്റെ അരികിലേക്ക് ഓടി അടുക്കുകയും അദ്ദേഹത്തെ ആശ്ലേഷിക്കുകയും ചെയ്തു. പിന്നീട് ഏറെ നേരം സദസ്സിൽ തന്നെ അവർ കുശലം പറഞ്ഞിരുന്നു. മന്ത്രിയുടെ അപ്രതീക്ഷിതമായ ഈ നീക്കങ്ങൾ സദസ്യർ കൗതുകപൂർവ്വം ആസ്വദിച്ചെങ്കിലും സെക്യൂരിറ്റി ഓഫീസർമാർക്ക് അല്പം അമ്പരപ്പുണ്ടാകാതിരുന്നില്ല.

പ്രൊഫ: കെ.എ. ജലീൽ

## ഉയരങ്ങളിലേക്ക്

**ഞാ**ൻ വാണിയമ്പാടി ഇസ്ലാമിയ കോളേജിൽ ലക്ചററായിരിക്കുമ്പോഴാണ് ഫാറൂഖ് കോളേജ് സ്ഥാപി ക്കുന്നതായി പരസ്യം കണ്ടത്. ഉൽസാഹത്തോടും പ്രതീക്ഷയോടും കൂടി 1948 ജൂൺ മാസത്തിൽ ഫറൂക്ക് റെയിൽവെ സ്റ്റേഷനിൽ വണ്ടിയിറങ്ങി. പലരോടും അന്വേഷിച്ചിട്ടും കോളേജിനെക്കുറിച്ച് ആർക്കും അറിവില്ലായിരുന്നു. സ്റ്റേഷനുമുമ്പിൽ സംശയിച്ചു നില്ക്കുമ്പോൾ ഒരു ജീപ്പ് മുമ്പിൽ വന്നു നിന്നു. മൗലവി അബുസ്സബാഹ് അഹ്മദലി സാഹിബാണ് ജീപ്പിലുണ്ടായിരുന്നത്. എന്റെ പ്രത്യേക വേഷം കണ്ട് സംശയിച്ച് നിർത്തിയതായിരിക്കണം. ഞങ്ങളൊരുമിച്ച് കോഴിക്കോട് ഹൈദ്രോസ് വക്കീലിന്റെ വീട്ടിൽ പോയി. അന്ന് രാത്രി തന്നെ കോളേജ് മാനേജിങ് കമ്മറ്റിയുടെ യോഗം കോഴിക്കോട്ട് നടക്കുന്നുണ്ടെന്നും അതിൽ പങ്കെടുത്തശേഷം തിരിച്ചു പോകാമെന്നു അവർ പറഞ്ഞു. അതനുസരിച്ച് അന്ന് രാത്രി താമസിക്കാൻ താജ്മഹൽ ഹോട്ടലിൽ മുറിയെടുത്തു. നേരാംവണ്ണം കുളിക്കാൻ പോലും സൗകര്യമില്ലാത്ത ആ ഹോട്ടലിലെ താമസം ഇപ്പോഴും ഓർമ്മയുണ്ട്.

ആറ്റക്കോയ തങ്ങളുടെ വീട്ടിലാണ് കമ്മറ്റി യോഗം. ഞാനെത്തിച്ചേർന്നയുടെതന്നെ തലശ്ശേരിയിൽനിന്ന് സീതിസാഹിബും വന്നു ചേർന്നു. ഞങ്ങൾ ഏറെ നേരം സംസാരിച്ചു. യോഗത്തിൽവച്ചുണ്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇസ്ലാമിയാ കോളേജിൽ നിന്ന് രാജിവച്ച് ഫാറൂഖ് കോളേജിൽ ലക്ചററായി ചേർന്നു. ഫറൂക്ക് ചുങ്കത്തെ മൂന്നിലകത്താണ് അന്ന് കോളേജ്. ഷാ സാഹിബാണ് പ്രിൻസിപ്പൽ.

ഷാ സാഹിബ് ഫാറൂഖ് കോളേജിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള വ്യക്തിയായിരുന്നു. കോളേജിന്റെ നിലനില്പിനും പുരോഗതിക്കും വേണ്ടി സ്വയം മറന്ന് അദ്ധ്വാനിക്കുന്നതോടൊപ്പം നിർദ്ധനവിദ്യാർത്ഥികളെ കണ്ടറിഞ്ഞ് സഹായിക്കുന്നതിലും അദ്ദേഹം അതീവ തല്പരനായിരുന്നു. പക്ഷെ ഏതാനും വർഷങ്ങൾക്കകം ഷാ സാഹിബും മാനേജ്മെന്റും തമ്മിൽ ചില അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തു. കമ്മറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളും ഷാ സാഹിബിനെ തിരിച്ചയയ്ക്കണമെന്ന അഭിപ്രായത്തിൽ എത്തിച്ചേർന്നു. ഒരു വിഭാഗം ഷാ സാഹിബ് തന്നെ തുടരണമെന്ന് വളരെയേറെ തീവ്രതയോടെ വാദിക്കുകയും ചെയ്തു. അങ്ങനെ ഒരു സംഘർഷാവസ്ഥ 1953 മുതൽ ആരംഭിച്ചു.

1953 മുതൽ 1955 വരെയുള്ള കാലഘട്ടം കോളേജിന്റെ വളർച്ചതന്നെ വഴിമുട്ടിപ്പോയ കാലമായിരുന്നു. അപ്പോഴേക്കും 1955-ൽ ഏറ്റവും ദൗർഭാഗ്യകരമായ മറ്റൊരു സംഭവം കൂടിയുണ്ടായി.

കോളേജിലെ ഒരദ്ധ്യാപകൻ കൊലക്കുറ്റത്തിന് അറസ്റ്റുചെയ്യപ്പെട്ടു. അമിതമായ പ്രചാരണമാണ് ആ വാർത്തയ്ക്ക് അന്ന് മാദ്ധ്യമങ്ങൾ നല്കിയത്. "മാതൃഭൂമി"യിൽ ശ്രീ. കേളപ്പൻകോളേജിനെ ആക്ഷേപിച്ചുകൊണ്ട് ഒരുലേഖനം തന്നെ എഴുതുകയുണ്ടായി. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ ആ

ആരോപണങ്ങൾക്കു മറുപടി പറയാനും കഴിയുമായിരുന്നില്ല. യഥാർത്ഥത്തിൽ കോളേജുമായി ആ കൊലപാതകത്തിന് യാതൊരു ബന്ധവുമുണ്ടായിരുന്നില്ല.

1955-ൽ ഷാ സാഹിബ് സർക്കാർ സർവ്വീസിലേക്ക് തിരിച്ചു പോയി. പോകുന്ന ഘട്ടത്തിലും പല തരത്തിലുള്ള പ്രക്ഷോഭങ്ങളുണ്ടായി. വിദ്യാർത്ഥികൾ അന്നാദ്യമായി സമരം പ്രഖ്യാപിച്ചു. ഏതാനും ദിവസം കോളേജ് അടച്ചിടുകയുണ്ടായി. പിന്നീട് കോളേജ് തുറന്നപ്പോഴും പ്രക്ഷുബ്ധമായ അന്തരീക്ഷം നിലനിന്നു. പുതിയ പ്രിൻസിപ്പലിനെ നിയമിക്കാൻ മാനേജ്മെന്റിന് ബുദ്ധിമുട്ടായി വന്നു. തൽക്കാലത്തേക്ക് പ്രൊഫ: എൻ.വി. ബീരാനെ ചാർജ് ഏൽപിച്ചു. ഏതാനും ആഴ്ചത്തേക്കുള്ള ഒരു സംവിധാനമെന്ന നിലക്കാണ് ഏറ്റെടുത്തതെങ്കിലും അദ്ദേഹത്തിന് ഒന്നരവർഷത്തോളം തുടരേണ്ടിവന്നു. പ്രിൻസിപ്പലിനുവേണ്ടിയുള്ള അന്വേഷണം പല വഴിക്കും തുടരുന്നുണ്ടായിരുന്നു. അവസാനം 1957 മെയ് അഞ്ചാം തീയതി ഞാൻ പ്രിൻസിപ്പലായി ചാർജെടുത്തു.

കോഴിക്കോട് അന്നുണ്ടായിരുന്ന മറ്റു കോളേജുകൾ സന്ദർശിക്കുകയാണ് ഞാൻ ആദ്യംചെയ്തത്. ദേവഗിരി കോളേജ്, പ്രൊവിഡൻസ് കോളേജ്, ഗുരുവായൂരപ്പൻ കോളേജ് എന്നീ കോളേജുകൾ സന്ദർശിച്ചപ്പോൾ നമ്മുടെ പിന്നോക്കാവസ്ഥ എന്നെ വല്ലാതെ അലട്ടി. മാത്രമല്ല, അക്കൂട്ടത്തിൽ ഒരു കോളേജിന്റെ പ്രിൻസിപ്പലിന്റെ സമീപനം എന്നെ വല്ലാതെ വേദനിപ്പിച്ചു. ഫാറൂഖിൽ ഒരു കോളേജുണ്ടെന്ന് അംഗീകരിക്കാൻ പോലും അദ്ദേഹം തയ്യാറായില്ല.

തുടർന്ന് അഡ്മിഷൻ രീതിയിൽ സാരമായ പരിഷ്കാരങ്ങൾ വരുത്തി. പുതിയ കോഴ്സുകൾക്കുവേണ്ടിയുള്ള ശ്രമങ്ങളും നടത്തി. സുവോളജി, ഫിസിക്സ്, കെമിസ്ട്രി എന്നീ സയൻസ് കോഴ്സുകൾ ആരംഭിച്ചു. പരിചയസമ്പന്നരായ റിട്ടയേർഡ് പ്രൊഫസർമാരെ വകുപ്പു മേധാവികളായി നിയമിച്ചു. വികസനപ്രവർത്തനങ്ങൾക്കായി കോളജിനു ചുറ്റുമുള്ള 22 ഏക്കർ സ്ഥലം കൂടി പല ഘട്ടങ്ങളിലായി ചുരുങ്ങിയ വിലയ്ക്ക് പലരിൽനിന്നുമായി വാങ്ങിച്ചേർത്തു.

കോളേജിന് സ്വന്തമായി ഹോസ്റ്റലുകൾ വേണമെന്ന് എനിക്ക് തോന്നി. അന്ന് വിദ്യാഭ്യാസ സിക്രട്ടറിയായിരുന്ന പി.കെ അബ്ദുല്ല സാഹിബിന്റെ സഹായത്തോടെ ലോണായി കിട്ടിയ 50,000 രൂപകൊണ്ട് ഒരു ഹോസ്റ്റലിന്റെ പണിയാരംഭിച്ചു. അതാണ് ഇന്നത്തെ എ.എൽ.എം. ഹോസ്റ്റൽ. യു.ജി.സി. ഗ്രാന്റുകൊണ്ട് നിർമ്മാണം ആരംഭിച്ചതാണ് എസ്.എസ്. ഹോസ്റ്റൽ. മാനേജിംഗ് കമ്മിറ്റി പ്രസിഡണ്ടായിരുന്ന കുഞ്ഞിമായിൻ ഹാജിയാണ് പ്രസിഡൻറ്സ് ഹോസ്റ്റൽ നിർമ്മിച്ചു തന്നത്. ഹോസ്റ്റൽ കെട്ടിടങ്ങളുടെയും തുടർന്ന് ഓഡിറ്റോറിയത്തിന്റെയും പ്ലാൻ തയ്യാറാക്കിയത് അന്ന് ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിന്റെ ആർക്കിടെക്ട് എന്ന നിലയിൽ പ്രശസ്തനായ ഇ.ജി. പണിക്കരായിരുന്നു. പിന്നീട് യുനെസ്കോ ഹെഡ് ക്വാർട്ടേഴ്സിന്റെ മാതൃകയിൽ മൂന്ന് ഘട്ടങ്ങളായി നിർമ്മിച്ച മെയിൻ ബിൽഡിങ്ങിന്റെ പണി 1973-ലാണ് പൂർത്തിയാക്കിയത്. കോളേജ് ഗെയ്റ്റിന്റെ സാമ്പത്തിക ബാദ്ധ്യത രാജാ അബ്ദുൽ ഖാദർ ഹാജിയാണ് ഏറ്റെടുത്തത്. ഗേറ്റിന്റെയും സയൻസ് ബ്ലോക്കിന്റെയും നിർമ്മാണത്തിൽ ടി.പി. കുട്ട്യാമ്മു സാഹിബിന്റെ സേവനം സ്മരണീയമാണ്.

1959-ൽ പെൺകുട്ടികൾക്ക് പ്രവേശനം നല്കിയത് പ്രധാനപ്പെട്ട ഒരു സംഭവമാണ്. അന്ന് ആകെ ചേർന്ന പതിമൂന്ന് പെൺകുട്ടികളിൽ ഒരേയൊരു മുസ്ലിം പെൺകുട്ടി മാത്രമേയുണ്ടായിരുന്നുള്ളു. രണ്ടു വർഷത്തിനകം പെൺകുട്ടികളുടെ എണ്ണത്തിൽ സാരമായ വർദ്ധനവുണ്ടായി. അതോടെ പെൺകുട്ടികൾക്കായി ഒരു ഹോസ്റ്റലും ഞങ്ങൾ നിർമ്മിച്ചു. സയൻസ് ബ്ലോക്കിന്റെ മുൻവശത്തുള്ള ഗ്രൗണ്ട് നിരത്തി കളിസ്ഥലമാക്കി മാറ്റാൻ നീണ്ട പന്ത്രണ്ട് വർഷങ്ങൾ വേണ്ടിവന്നു. ഈ കുന്നിൻപുറം പച്ചപിടിപ്പിക്കാനാണ് ഏറെ കഷ്ടപ്പെട്ടത്. വളരെയേറെ ഗ്രന്ഥങ്ങൾ വരുത്തിവായിച്ചും പരീക്ഷണങ്ങൾ നടത്തിയുമാണ് ഇന്ന് കാണുന്ന മരങ്ങൾ വച്ചുപിടിപ്പിച്ചത്.

1960-ലാണ് ഒരു ട്രെയിനിംഗ് കോളേജിനുള്ള അപേക്ഷ കൊടുത്തത്. 'സീതിസാഹിബ് മെമ്മോറിയൽ ബിൽഡിങ്ങ് എന്ന പേരിൽ പെട്ടെന്നുപണിത കെട്ടിടത്തിൽ ട്രെയിനിംഗ് കോളേജ് ആരംഭിച്ചു. മദ്രാസ് ഗവൺമെന്റിന്റെ കോപ്പറേറ്റീവ് ഹൗസിംഗ് സ്കീമിൽനിന്നുള്ള വായ്പകൊണ്ട് 14 സ്റ്റാഫ് ക്വാർട്ടേഴ്സുകൾ പണിതു. പിന്നീടു യു.ജി.സി. ഗ്രാന്റോടെ ആറ് ക്വാർട്ടേഴ്സുകളുമുണ്ടാക്കി. ഫാറൂഖ് കോളേജിൽ ഗവേഷണത്തിൽ താല്പര്യമുണ്ടാക്കാനായി അധ്യാപകനിയമനത്തിൽ ഗവേഷണബിരുദമുള്ളവർക്കു മുൻഗണന നല്കി. ഇംഗ്ലീഷ് വകുപ്പും സുവോളജി വകുപ്പും ഗവേഷണകേന്ദ്രങ്ങളായി സർവ്വകലാശാലയെക്കൊണ്ടംഗീകരിപ്പിച്ചു. യു.ജി.സി.യിൽനിന്ന് ഏറ്റവും കൂടുതൽ ധനസഹായം ലഭിച്ചിട്ടുള്ള കോളേജാണ് ഫാറൂഖ് കോളേജ്. കുഞ്ഞാലി മരയ്ക്കാർ ഇൻഡോർ സ്റ്റേഡിയം, സ്റ്റുഡൻറ്സ് സെൻറർ കഫേറ്റീരിയ, വർക്ക്ഷോപ്പ്, ഹെൽത്ത് സെൻറർ എന്നിവ ഉദാഹരണങ്ങൾ മാത്രം. ശുദ്ധജല വിതരണത്തിനായി ചാലിയാറിന് സമീപം അല്പം സ്ഥലം വാങ്ങിയതും അങ്ങോട്ടൊരു വഴിയുണ്ടാക്കിയതും കഷ്ടപ്പെട്ടാണ്. അവിടെ മൂന്നു വലിയ കിണറുകൾ കുഴിച്ച് പൈപ്പ് വഴി വെള്ളമെത്തിക്കുകയായിരുന്നു.

കോളേജിന്റെ ഭൂസ്വത്തുക്കൾ സംബന്ധിച്ച കേസുകൾക്കായി വളരെയേറെ സമയവും അദ്ധ്വാനവും നഷ്ടപ്പെടുത്തേണ്ടിവന്നു. 1973-ൽ നടന്ന കോളേജ് സിൽവർ ജൂബിലി ആഘോഷങ്ങൾ വളരെ ശ്രദ്ധേയമായ പരിപാടിയായിരുന്നു. പത്ത് ദിവസം നീണ്ടുനിന്ന പ്രദർശനം, സമ്മേളനങ്ങൾ, ഫിലിം; സുവനീർ എന്നിവ പിൻതലമുറയ്ക്ക് ആവേശകരമാണ്.

അങ്ങനെ നീണ്ട 22 വർഷം പ്രിൻസിപ്പലായശേഷം 1979-ൽ ഞാൻ കാലിക്കറ്റ് യൂനിവേഴ്സിറ്റി വൈസ് ചാൻസലറായി. അന്നും ഇന്നും എന്റെ ഓർമ്മകളും സ്വപ്നങ്ങളും ഫാറൂഖ് കോളേജുമായി അടിഞ്ഞുകിടക്കുന്നു. അതൊരു ദൗർബല്യം തന്നെ.

**Dr. A.P. Ibrahim Kunju,**

## FOND MEMORIES OF THE HILLOCK LIFE

*I joined Farook College in 1950, when the College was still suffering from teething troubles. Situated away from the main arteries of traffic, the hillock had many disadvantages. As transport facilities were scarce, I remember that, to avoid the evening rush at Calicut bus stand, some*

*of us used to proceed to Malaparamba and by the same Malaparamba-Feroke bus to Feroke and trudge all the way from Feroke to the College. But the teaching staff and students bore these inconveniences with fortitude. Teachers of the College worked with such devotion that Farook College soon established itself on the education map of the Madras State of which Malabar was a part at that time.*

*I remember with fond memories those early years, when members of staff, without distinction of caste, creed or religion, worked with dedication and produced not only excellent examination results from an educationally backward area, but also showed wonderful communal harmony, at a time when North India was being rent by communal clashes. I remember boys who had been ripped from their homes and forced to live under strange conditions in the College campus feeling lonely and uncomfortable, soon acclimatising themselves with the new surroundings and leading normal and happy lives. One of the most exhilarating experiences of Farook College life was that both teachers and students on this hillock were in close contact and knew each other very well, as most of them lived in the hostels and lodges on the hillock. I am confident that all those who had their College education through Farook College will remember with nostalgia their happy years in the College.*

*Even after leaving the College in 1967, I had kept in touch with the events and developments in the College. The general decline in educational standards and teacher–student relations appears to have affected Farook College also. Necessary measures are urgently needed to remedy the situation and redeem the earlier standards achieved by the College in examinations, sports and other extra curricular activities.*



## Prof. V.K. Achutha Menon

## "VYING WITH ONE ANOTHER IN GOOD DEED..."

*I was Professor of Commerce in Farook College for less than a decade and retired from there in 1961. The change in the Campus which has its own natural beauty, has been just sepectacular.*

*Away from the 'maddening' crowd, it is on a small hillock, but with all transport fecilities, extending to the bank of a river. Indeed it is a pleasure to work under such pleasant physical surroundings with no fear of environmental pollution unlike the Colleges situated in the midst of urban centres forming what are called 'Conurbations' or Megalapolis.*

*Now, with respect to the psycological atmosphere which is more important for the creation of proper academic conditions in any collegiate institution, and the attitude of the authorities concerned in their dealings with the staff, I should say, they were as explained in the Holy Quran: "Vying with one another in good deed." (5:48). The consideration and regard, and shall I say respect-for what I do not know-they had for me went to such an extent that I often got overwhelmed. Surely, there cannot be a more congenial atmosphere for a Professor, and whether he did the work to the satisfaction of the authorities and more than that to the satisfaction of the students, it is not for me to judge. The most important section of my official career was as the Director of Industries and Commerce of the erstwhile Cochin state. This period has been sandwiched, so to say, between two periods of about ten years each of Professorial work in two first grade colleges. And I can assert without any hesitation whatever, that I had the best of time while I was working as Professor of Commerce in Farook College. The staff of the College has not finished with me with my retirement; whenever there is any function in the College they never forget me; whenever any memebr of the staff has occasion to come to my place of residence, he never failed to visit me and make personal enquiries about me.*

*(Extract from Silver Jubilee Souvenir)*



### പ്രൊഫ: എസ്. അബ്ദുള്ള

## പതിനാറുകാരൻെറ സേവനം

എനിക്ക് 16 വയസ്സുള്ളപ്പോൾ പയ്യന്നൂർ ഹൈസ്കൂളിൽ പഠിക്കുന്ന കാലത്താണ് കോളേജുമായുള്ള എൻെറ വൈകാരിക ബന്ധം ആരംഭിക്കുന്നത്. ഫാറൂഖ് കോളേജിൻെറ സ്ഥാപനത്തെക്കുറിച്ച് 'ചന്ദ്രിക' ദിനപ്പത്രത്തിൽ വെണ്ടക്കയക്ഷരത്തിൽ നിരത്തിയിരുന്ന വാർത്തകൾ വായിച്ചപ്പോൾ എനിക്ക് എന്തെന്നില്ലാത്ത ഒരാവേശമുണ്ടാ



പ്രൊഫ.ടി. അബ്ദുല്ല

# വ്യക്തിത്വമുള്ള കലാലയം

ഒരൊറ്റ വ്യക്തിയുടെ അദ്ധ്വാനം ഇത്രയേറെ അലിഞ്ഞുചേർന്ന ഒരു ചരിത്രം ഫാറൂഖ് കോളേജിനല്ലാതെ മറെറാരു കോളേജിനും കാണില്ല. ഷാ സാഹിബിൻെറ ആവേശം ഒരു സമുദായത്തിൻെറ മുഴുവൻ ആവേശമായിരുന്നു. ഇവിടുത്തെ കല്ലിനും മണ്ണിനുമൊക്കെ ആ മനുഷ്യൻെറ വിയർപ്പിൻെറ മണമുണ്ട്. റംസാനില നോമ്പെടുത്ത് പകൽ മുഴുവൻ കഠിനാദ്ധ്വാനം. അത്താഴത്തിനാണെങ്കിൽ പലപ്പോഴും ഉണങ്ങിയ അവിലാണുണ്ടായിരുന്നത്. വൈകുന്നേരങ്ങളിൽ പണക്കാരുടെ വീടുകൾ തോറും കയറിയിറങ്ങും. അവരുടെ സൗകര്യത്തിന് രണ്ടും മൂന്നും ദിവസം താമസിച്ച് വാഗ്ദാനങ്ങൾ വാങ്ങും. രാത്രിയിൽ ചൂട്ടും കത്തിച്ച് ഫറൂക്കിൽനിന്ന് കുന്നിൻപുറത്തേക്ക് നടന്നെത്തും. ഏതു വിഷയവും അനായാസം പഠിപ്പിക്കുന്ന അധ്യാപകനും അപാരമായ വിജ്ഞാനമുള്ള പണ്ഡിതനുമായിരുന്നിട്ടും ഒരു പിതാവിനെപ്പോലെയായിരുന്നു അദ്ദേഹം. ഓരോ മനുഷ്യനും അടുത്തറിഞ്ഞ് അലിഞ്ഞു ചേർന്ന ഒരു അസാധാരണ മാനുഷിക ബന്ധം ഈ കുന്നിൻപുറത്ത് അദ്ദേഹം വളർത്തിയെടുത്തു. ഒരു വലിയ പ്രിൻസിപ്പലിൻെറ ഭാവം ഒരിക്കലും അദ്ദേഹത്തെ തീണ്ടിയില്ല. ഒരേ സമയം പ്രിൻസിപ്പലും പ്യൂണും ആശാരിയും കൽപ്പണിക്കാരനുമാകാൻ ഷാ സാഹിബിന് ഒരു പ്രയാസവുമുണ്ടായില്ല. പല വിദ്യാർത്ഥികൾക്കും സ്വന്തമായി പണം കൊടുത്ത് സഹായിച്ചു. വ്യക്തമായ ലക്ഷ്യത്തിനുവേണ്ടി നില കൊള്ളുന്ന ഒരു മഹാസ്ഥാപനം ഇല്ലായ്മയിൽനിന്ന് കെട്ടിപ്പടുത്ത നേട്ടം ഷാ സാഹിബിൻെറതു മാത്രമാണ്. എങ്കിലും അന്നിവിടെ ഒരു കോളേജിൻെറ അന്തരീക്ഷമുണ്ടായിരുന്നില്ല എന്നു പറയാം. മൈസൂർ സ്വദേശി പ്രൊഫ. എച്.എം.എ. ഷുക്കൂർ പലപ്പോഴും പറയാറുണ്ടായിരുന്നു. *"This is an expanded High School"* തനിക്കു തോന്നുന്ന കാര്യം ആരോടും അപ്പപ്പോൾ തുറന്നു പറയുന്ന പ്രകൃതമായിരുന്നു ഷാ സാഹിബിൻെറത്. അതായിരിക്കണം പിന്നീട് പലരുടെയും അപ്രീതിക്കു കാരണമായത്.


യി.അന്ധവിശ്വാസത്തിലും കേവല മദ്രസാ-ദർസ് വിദ്യാഭ്യാസത്തിലും ഒതുങ്ങിനിന്ന മുസ്ലിം സമുദായത്തിന് ഫാറൂഖ് കോളേജ് വലിയ പ്രയോജനം ചെയ്യുമെന്ന് എനിക്കു തോന്നി. സമുദായത്തിൽ കോളേജിനെക്കുറിച്ച് ഒരാവേശമുണ്ടാക്കാനും പണപ്പിരിവ് പ്രോത്സാഹിപ്പിക്കുന്നതിനും 'ചന്ദ്രിക'യും പരേതനായ സി.എച്. മുഹമ്മദുകോയ സാഹിബും ചെയ്ത സേവനങ്ങൾ ഒരിക്കലും മറക്കാനാവുകയില്ല. കണ്ണൂർ ജില്ലയിലെ പ്രമുഖ മുസ്ലിം ലീഗ് നേതാവായിരുന്ന ജ. ഒ.കെ. മുഹമ്മദു കുഞ്ഞി സാഹിബിൻെറ കൂടെ ഫാറൂഖ് കോളേജ് ബിൽഡിങ്ങ് ഫണ്ടിലേക്ക് പിരിവു നടത്തിയത് ഞാൻ ഓർക്കുന്നു. അത്രയും ചെറുപ്പത്തിൽ കോളേജിന് നല്കിയ കൊച്ചു സേവനം ഇന്നോർക്കുമ്പോൾ എനിന്ന് അഭിമാനവും സന്തോഷവുമുണ്ടാകുന്നു.

1953-ൽ ഒരു വിദ്യാർത്ഥിയായി ഫാറൂഖ് കോളേജിലെത്തിയപ്പോൾ എൻെറ സന്തോഷത്തിനതിരില്ലായിരുന്നു. ഏകനായി ഒരു ചെറിയ പെട്ടിയുമായി ഈ വിശാലമായ കുന്നിൻ പുറത്തെത്തിയപ്പോൾ ആദ്യം കണ്ട കെട്ടിടം (ഇന്നത്തെ ആസാദ് ഹോസ്റ്റൽ) കോളേജ് കെട്ടിടമാണെന്ന് തെറ്റിദ്ധരിച്ചു. പാൻറും കോട്ടും ടൈയുമായി ക്ലാസ്സിൽവന്ന് ചരിത്രവും സാമ്പത്തിക ശാസ്ത്രവും ലോജിക്കും പഠിപ്പിക്കുന്ന പ്രൊഫസർമാരെ കാണുമ്പോൾ എനിക്ക് പേടിയായിരുന്നു. ഏറ്റവും മുമ്പിലുള്ള ബഞ്ചിലിരുന്ന് അധ്യാപകരുടെ വായിൽനിന്നുതിർന്നു വീഴുന്നു വാക്കുകൾ ഒന്നൊഴിയാതെ വേദവാക്യം പോലെ ഉൾക്കൊള്ളുമായിരുന്നു. ഒരു ഇംഗ്ലീഷ് ക്ലാസ്സിൽ അധ്യാപകൻ എന്നോട് ചെറിയൊരു ചോദ്യം ചോദിച്ചപ്പോൾ ഞാൻ അടിമുടി വിയർത്തുകുളിച്ചുപോയി. വൈദ്യുതിയോ പൈപ്പ് വെള്ളമോ ടെലിഫോണോ അന്നുണ്ടായിരുന്നില്ല. മണ്ണെണ്ണവിളക്ക് കത്തിച്ചായിരുന്നു പഠിച്ചത്. രാവിലെയായാൽ ബക്കറ്റും കയറുമായി ദൂരെയുള്ള കിണറ്റിൻകരയിലേക്കു യാത്രയാവും. വറ്റാറായ കിണറ്റിനടിയിൽ അവശേഷിച്ച വെള്ളംകൊണ്ടു കുളിച്ചെന്നു വരുത്തുകയായിരുന്നു ഞങ്ങളുടെ പതിവ്. ഇൻറർമീഡിയറ്റും ബി.എ.യുമായി നാലു കൊല്ലം നീണ്ടുനിന്ന ഇവിടുത്തെ വിദ്യാഭ്യാസമാണ് എനിക്ക് വിശാലമായൊരു ജീവിതവീക്ഷണമുണ്ടാക്കിത്തന്നത്. പ്രാകൃതമായ ഒരു കുഗ്രാമത്തിൽ അന്ധവിശ്വാസത്തിൻെറയും അജ്ഞതയുടെയും മദ്ധ്യത്തിൽ ജനിച്ചു വളർന്ന എൻെറ ഏറ്റവും വലിയ ഭാഗ്യവും അതു തന്നെ.

1963 ജനുവരി 14-ാം തീയതി ഇവിടെ ഒരു ലക്ചററായി ചേർന്നതോടെ ഞാൻ ഫാറൂഖ് കോളേജിൻെറ ഭാഗമായിത്തീർന്നു. ലക്ചററായും പ്രൊഫസറായും സാമ്പത്തിക ശാസ്ത്ര വിഭാഗം തലവനായും 25 കൊല്ലത്തോളം എളിയ കഴിവനുസരിച്ച് ഞാൻ എൻെറ മാതൃസ്ഥാപനത്തെ സേവിച്ചു. എൻെറ സഹപാഠികളും ശിഷ്യന്മാരുമായ ആയിരക്കണക്കിനാളുകൾ ഇന്ന് ജീവിതത്തിൻെറ വിവിധ മേഖലകളിൽ വിജയം കണ്ടെത്തിയിരിക്കുന്നു. അവരെയെല്ലാം ഫാറൂഖ് കോളേജിൻെറ അംബാസഡർമാരായാണ് ഞാൻ കണക്കാക്കുന്നത്.

1973-ലെ കോളേജ് സിൽവർ ജൂബിലി ആഘോഷസംബന്ധമായി മലേഷ്യയിലും സിങ്കപ്പൂരിലും ഞാൻ ഒരു പ്രചരണ പര്യടനം നടത്തുകയുണ്ടായി. അന്നെനിക്ക് ലഭിച്ച അത്ഭുതകരമായ ആദരവും സ്വീകരണങ്ങളും എന്നെ കോരിത്തരിപ്പിച്ചു. 'മലേഷ്യാ മലയാളി' പത്രാധിപർ ജ. വി.പി. അബ്ദുള്ളാ സാഹിബ്, മലബാർ മുസ്ലിം ജമാഅത്തിൻെറ അന്നത്തെ പ്രസിഡണ്ടായിരുന്ന പൂക്കോയ തങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ എനിക്ക് ലഭിച്ച സ്വീകരണം പഞ്ചനക്ഷത്ര നിലവാരത്തിലുള്ളതായിരുന്നു. "ഫാറൂഖ് കോളേജ്" എന്ന സ്ഥാപനത്തോട് അവർക്കുണ്ടായിരുന്ന അടക്കാനാവാത്ത സ്നേഹം എന്നിൽ അടിച്ചേല്പിക്കുകയായിരുന്നു എന്നതാണ് വാസ്തവം.

ഇസ്ലാം മതത്തിൻെറ അടിസ്ഥാനംതന്നെ വിദ്യാഭ്യാസം, സംസ്കാരം, സാഹോദര്യം, സമഭാവന മുതലായവയാണല്ലോ. അതിരുകളും പരിമിതികളുമില്ലാത്ത വിദ്യാഭ്യാസമാണ് ഇസ്ലാം വിവക്ഷിക്കുന്നത്. ശുദ്ധമായ ജീവിതചര്യയും ശക്തിയേറിയ നേതൃത്വസിദ്ധികളും, മാതൃകാപരമായ നീതിപാലനവും അപാരമായ ജ്ഞാനവും ഒത്തിണങ്ങിയ മഹാനായ ഉമർ-അൽ-ഫാറൂഖിൻെറ ഉത്തമമായ മാതൃകയ്ക്ക് കളങ്കമേല്പിക്കാതെ ഫാറൂഖ് കോളേജ് അതിൻെറ ജൈത്രയാത്ര തുടരുകയാണ്.



പാവപ്പെട്ട കുട്ടികളുടെയും ബുദ്ധിയുള്ള കുട്ടികളുടെയും ഉന്നമനമാണല്ലോ ഈ കോളേജിന്റെ പ്രത്യേക ലക്ഷ്യം. ആ വ്യക്തിത്വത്തിന്റെ പിതൃത്വവും ഷാ സാഹിബിന് അവകാശപ്പെട്ടതാണ്. ആദ്യ വർഷം മുതൽ തന്നെ പി.ബി.എഫ് അദ്ദേഹം ആരംഭിച്ചു. പള്ളി ദർസിന്റെ മാതൃകയിൽ ചില വീടുകളിലേക്ക് വിദ്യാർത്ഥികളെ ഭക്ഷണത്തിനയയ്ക്കുന്ന പതിവ് ആദ്യകാലത്തുണ്ടായിരുന്നു. ക്രമേണ ഹോസ്റ്റലുകളിൽനിന്ന് കുറെ കുട്ടികൾക്ക് സൗജന്യമായി ഭക്ഷണം കൊടുക്കാൻ ഏർപ്പാടുണ്ടാക്കി. സാധുക്കൾക്ക് വേണ്ടി നിർമ്മിച്ച ഹോസ്റ്റലാണ് ഫാറൂഖ് ഹോസ്റ്റൽ. ഒരു മാസത്തെ ഭക്ഷണച്ചെലവ് 22.50 ക.യിൽ ഒതുക്കാൻ ആ ഹോസ്റ്റലിന്റെ വാർഡനായിരിക്കെ ഞാൻ അതീവ ശ്രദ്ധ ചെലുത്തിയിരുന്നു; വെണ്ടക്ക നുറുക്കുമ്പോൾ കഷണങ്ങളുടെ എണ്ണം പോലും ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. രാവിലെ കഞ്ഞിയാക്കിയതും ചെലവു ചുരുക്കാൻ വേണ്ടിയാണ്.

മുസ്ലിം കുട്ടികൾക്ക് മാത്രമല്ല, നാനാജാതിക്കാരായ സാധുക്കൾക്കും സാമ്പത്തികാനുകൂല്യങ്ങൾ നല്കാറുണ്ട്. അതുകൊണ്ടാണ് ഹരിജനങ്ങൾ ഇപ്പോഴും ഇവിടെ ചേരാൻ താല്പര്യം കാണിക്കുന്നത്. അമുസ്ലിം അധ്യാപകർക്കും പാവപ്പെട്ട കുട്ടികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. ഇംഗ്ലീഷ് വകുപ്പിലെ പത്മനാഭൻനായർ വിദ്യാർത്ഥികളുടെ സ്വകാര്യദുഃഖങ്ങളിൽ അസാധാരണമായ അനുകമ്പയാണ് കാണിച്ചത്. ഒരു ദിവസം ഞാൻ സ്റ്റാഫ് ക്ലബ്ബിൽ നിന്ന് കത്തു നോക്കി തിരിച്ചു പോരുമ്പോൾ ഒരു ദയനീയ ചോദ്യം കേട്ട് തിരിഞ്ഞുനോക്കി. 'ആരുമില്ലേ ഇവനെ ഒന്നു സഹായിക്കാൻ?' പത്മനാഭൻ നായർ വരാന്തയിൽനിന്ന് ആരോടെന്നില്ലാതെ വിളിച്ചുപറയുകയാണ്. ഞാൻ അടുത്തു ചെന്ന് കാര്യമന്വേഷിച്ചു. 'നമ്മുടെ മൊയ്തീൻകുട്ടി എഞ്ചിനീയറിങ്ങിന് സെലക്ഷൻ കിട്ടിയിട്ടും പോകുന്നില്ലത്രെ.' ആ വാക്കുകളിൽ നിസ്സഹായത നിഴലിച്ചു നിന്നു. 'ശരി, അവനെ ഞാൻ കൊണ്ടുപോകാം.' ഞാൻ അവനെ വീട്ടിൽ കൊണ്ടുവന്ന് വിവരങ്ങൾ ചോദിച്ചറിഞ്ഞു. മൊയ്തീൻകുട്ടി നഹാ കുടുംബത്തിലെ അംഗമാണ്. ദാരിദ്ര്യം പുറത്തു പറയാൻ പേടി. ഞാൻ ചന്ദ്രിക ആപ്പീസിലേക്ക് സി.എച്ചിന് ഒരുകത്തു കൊടുത്തു. സി.എച്ചിന്റെ സഹായത്തോടെ മൊയ്തീൻകുട്ടി ടി.കെ.എം. കോളേജിൽ ചേർന്നു. പി.എച്ച്.ഡി. കഴിഞ്ഞ് ഇപ്പോൾ ആർ.ഇ.സി.യിൽ പ്രൊഫസറാണ്.

കോളേജിന്റെ വ്യക്തിത്വം നിലനിറുത്തുന്ന കാര്യത്തിൽ മൗലവി അബുസ്സബാഹ് അഹ്മദലി സാഹിബ് മരണം വരെ ജാഗ്രതയും കണിശതയും പുലർത്തിയിരുന്നു. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുണ്ടായ ഒരു ഘട്ടത്തിൽ പ്രവേശനത്തിന് വരുന്ന വിദ്യാർത്ഥികളോട് സംഭാവന വാങ്ങാൻ തീരുമാനിച്ചപ്പോൾ മൗലവി സാഹിബിന് അതു സഹിക്കാനായില്ല. രോഗിയായ അദ്ദേഹം ഞങ്ങളെ വിളിപ്പിച്ചു. "എനിക്കു നടക്കാൻ വയ്യ. നിങ്ങൾ ഒരു കാറു കൊണ്ടുവന്ന് എന്നെ കോഴിക്കോട്ടേക്ക് കൊണ്ടുപോവുക കോളേജിന് വേണ്ട പണം ഞാനുണ്ടാക്കിത്തരാം. എന്നാലും കുട്ടികളോട് പണം വാങ്ങരുത്." അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തിനു മുമ്പിൽ ഞങ്ങൾക്ക് മറുപടിയില്ലായിരുന്നു. അധ്യാപകരായ ഞങ്ങൾ ഒരു മാസത്തെ ശമ്പളം കോളേജിനു സംഭാവന ചെയ്യാൻ അന്നുതന്നെ തീരുമാനമെടുത്തു. ഒട്ടുമുക്കാലും അധ്യാപകർ ഒപ്പിട്ട വാഗ്ദാനം പ്രിൻസിപ്പൽ ജലീൽ സാഹിബിന് സമർപ്പിച്ചു. അങ്ങനെയാണ് പ്രവേശനത്തിനു പണം വാങ്ങുന്ന ഏർപ്പാട് മുളയിലെ തന്നെ നുള്ളിക്കളഞ്ഞത്.

ആദ്യകാലത്ത് മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ മക്കളെപ്പോലും ഇവിടെ പഠിക്കാൻ അയച്ചില്ല. അവരിൽ ചിലർ ഗുരുവായൂരപ്പൻ കോളേജിൽ ചേരാൻ ചെന്നാൽ പ്രിൻസിപ്പൽ നമ്പ്യാർ ചോദിക്കും. "നിങ്ങൾക്കൊരു കോളേജുണ്ടല്ലോ അവിടെ പൊയ്ക്കൂടെ." അങ്ങനെ അവഹേളിച്ചു വിട്ടാലും അവരിങ്ങോട്ട് വരില്ല. എങ്കിലും മാനേജിംഗ് കമ്മറ്റിക്കാർക്ക് ഞങ്ങളോടും സ്ഥാപനത്തോടുമൊക്കെ വല്ലാത്ത സ്നേഹമായിരുന്നു.

ഞങ്ങൾ കോഴിക്കോട്ടു പോകാൻ വേണ്ടി ഫറൂക്കിലേക്ക് നടക്കുമ്പോൾ കടവത്തെ പാണ്ടികശാലയിൽ അബ്ദുല്ലക്കുട്ടി ഹാജി ഇരിക്കുന്നുണ്ടാവും. ഞങ്ങളെയെല്ലാം വിളിച്ചിരുത്തി കുറെ തമാശ പറയും. അതിനിടയിൽ ചായ തരും. "നിങ്ങൾക്ക് ശമ്പളം തരാൻ ഷാ സാഹിബ് പണം കടം വാങ്ങിയിട്ട് മാസം രണ്ടായി. ആ പൈസയിങ്ങു തരാൻ ഷാ.. സാഹിബിനോട് പറഞ്ഞേക്കണം" എന്നും പറഞ്ഞ് കാർ ഡ്രൈവറെ വിളിക്കും. "മുഹമ്മദേ, ഈ മാഷന്മാരെ ഒന്ന് കോഴിക്കോട്ട് കൊണ്ടുവിട്" ഇത് ഒന്നോ രണ്ടോ ദിവസത്തെ അനുഭവമല്ല.

അബ്ദുല്ലക്കുട്ടി ഹാജിയുമായി ബന്ധപ്പെട്ട കുറെ തമാശകൾ എന്റെ ഓർമ്മയിലുണ്ട്. ഒരു ദിവസം രണ്ടു കുട്ടികൾ മാത്രമുള്ള ഒരു ബി.എ. (മാത്തമാറ്റിക്സ്) ബാച്ചിന് ക്ലാസ് നടക്കുമ്പോൾ അദ്ദേഹം കോളേജിൽ വന്നു. "എന്തായിത്! രണ്ടു കുട്ടികളെ പഠിപ്പിക്കാനാണോ നിങ്ങൾക്ക് ശമ്പളം തരുന്നത്! ഒരു കുട്ടി വരാതിരുന്നാൽ നിങ്ങൾ എന്താക്കും?" അദ്ദേഹം ചോദിച്ചു. മറ്റൊരിക്കൽ ഒരു കുട്ടി ക്ലാസ്സിൽ പിൻബെഞ്ചിലിരുന്ന് ഉറങ്ങുന്നത് അദ്ദേഹം കണ്ടുപിടിച്ചു. എന്നെ വിളിച്ചു പറഞ്ഞു. "നിങ്ങളെന്താ ഓനെ ശ്രദ്ധിക്കാത്തത്. ഓൻറച്ചനും ഫീസു കൊടുക്കുന്നുണ്ട്." കെമിസ്ട്രി ലാബിലെ ഉപകരണങ്ങൾ കണ്ട് ഒരു ദിവസം അബ്ദുല്ലക്കുട്ടി ഹാജിയുടെ ഒരു ചോദ്യം: "ഇവിടെന്താ ആശുപത്രിയാണോ?" പരീക്ഷാഫലം വളരെ മോശമായിപ്പോയ ഒരു കൊല്ലം ഒരു മീറ്റിംഗിൽ ഷാ സാഹിബ് ഇരിക്കാൻ പോകുമ്പോൾ അബ്ദുല്ലക്കുട്ടി ഹാജി കസേര വലിച്ചു. "അയാൾക്ക് കസേര കൊടുക്കാൻ പാടില്ല. ഇക്കൊല്ലം റിസൾട്ട് മോശമാണ്." അദ്ദേഹത്തിന്റെ വിശദീകരണം.

ഏറ്റവും അപകടം പിടിച്ച ഘട്ടത്തിൽ കോളേജിനെ രക്ഷിക്കാൻ അസാമാന്യ ധീരതയോടെ മുന്നോട്ടു വന്ന ബീരാൻ സാഹിബിന്റെ സേവനം ഒരർത്ഥത്തിൽ മറ്റെന്തിനെക്കാളും വിലപ്പെട്ടതാണ്.

കോളേജിന്റെ വളർച്ചയ്ക്ക് കളമൊരുക്കിയ ഘട്ടത്തിലാണ് ജലീൽ സാഹിബ് പ്രിൻസിപ്പലായത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാർ അനേകം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന കാലം. ഒരു സൂചിപോലും വിടാതെ എല്ലാ ആനുകൂല്യങ്ങളും നേടിയെടുത്തത് ജലീൽ സാഹിബിന്റെ വൈഭവം തന്നെയാണ്. ബ്ലാക്കുബോർഡു പോലും നമുക്ക് സർക്കാരിൽ നിന്ന് കിട്ടിയിട്ടുണ്ട്. മാനേജിംഗ് കമ്മറ്റിയാകട്ടെ, ജലീൽ സാഹിബിനെ സ്വതന്ത്രമായി മുന്നോട്ടു പോകാൻ അനുവദിച്ചതും സൗകര്യമായി. അതേ സമയം മാനേജ്മെന്റിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്നതുമില്ല. ജലീൽ സാഹിബാണ് ഒരു 'മോഡേൺ' ഇൻസ്റ്റിറ്റ്യൂഷനായി കോളേജിനെ ഉയർത്തിയെടുത്തത്. അധ്യാപകരായ ഞങ്ങൾക്ക് കൃത്യമായി ഓരോമാസവും ശമ്പളം കിട്ടാനുള്ള സംവിധാനമുണ്ടാക്കിയതും ജലീൽ സാഹി

ബാണ്. പ്രവേശന സമയത്ത് എല്ലാ കുട്ടികളോടും ആദ്യ ഗഡു ഫീസ് നിർബ്ബന്ധമായി വാങ്ങിയാണ് അദ്ദേഹം അതിനുള്ള ഏർപ്പാട് ചെയ്തത്. ഫീസിളവുള്ളവർക്ക് ആ ഗഡു കൊല്ലാവസാനമേ തിരിച്ചു കൊടുത്തുള്ളു.

കോളേജിൻെറ പരിസരവാസികളിൽ കോളേജുമായി നിർലോഭം സഹകരിച്ച മൂസ്സക്കുട്ടികാക്ക എന്ന നല്ല മനുഷ്യനെ ഓർക്കാതിരിക്കാനാവില്ല. കോളേജിൻെറ വടക്കുഭാഗത്ത് താമസിച്ചിരുന്ന അദ്ദേഹം വളരെ തുച്ഛമായ വിലക്ക് നല്കിയ സ്ഥലം കോളേജിൻെറ വികസനത്തിന് വളരെയേറെ സഹായകമായി. അധ്യാപകരും വിദ്യാർത്ഥികളുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന അദ്ദേഹമാണ് കോളേജ് ഹോസ്റ്റലുകളിലേക്ക് വിറകെത്തിച്ചുതന്നിരുന്നത്.

ഷാ സാഹിബിൻെറ തിരിച്ചുപോക്കിനോടനുബന്ധിച്ചുണ്ടായ പ്രശ്നങ്ങൾക്കിടയിൽ ഒരിക്കൽ അലീഗറിൽ പോകുമ്പോൾ ഞാൻ മദ്രാസിൽ പോക്കർ സാഹിബിനെ സന്ദർശിച്ചു. കോളേജിനെക്കുറിച്ച് സംസാരിച്ചു തിരിച്ചു പോരുമ്പോൾ അദ്ദേഹം പറഞ്ഞു: 'It is Allah's College. And Allah will save it.'



പ്രൊഫ. ടി.പി. മുഹമ്മദു കുഞ്ഞി

## 'ഒരു കഞ്ഞി ഹോസ്റ്റലി'ൻെറ അനുഭൂതി




സമൂഹത്തിൽനിന്നും വല്ലതും കിട്ടുമ്പോൾ തോന്നുന്ന നിർവൃതി പൂർണ്ണമാകുന്നത് അത് സമൂഹത്തിനു തിരിച്ചു കൊടുക്കുമ്പോഴാണ്. ഈ അനുഭൂതി നുകരുവാനുള്ള പരിശീലനവും അവസരങ്ങളും ഏറ്റവും അധികം നല്കിയ സ്ഥാപനം എന്ന നിലക്കാണ് ഫാറൂഖ് കോളേജിനോടുള്ള എൻെറ കടപ്പാട് — 1949 മുതൽ '51 വരെ വിദ്യാർത്ഥി എന്ന നിലയിലും 1956 മുതൽ '65 വരെ അധ്യാപകൻ എന്ന നിലയിലും.

കോളേജിലെ ആംഗലേയ വകുപ്പിൽ ഒരൊഴിവു വന്നു; വിദൂരമായ ആന്ധ്രപ്രദേശിലെ കർണ്ണൂലിൽനിന്നു സ്വന്തം നാട്ടിലേക്കു തിരിച്ചു വരിക എന്ന വൈകാരികത സ്വാഭാവികമായും അതൊരാശയായി മാറി. അന്നത്തെ കോളേജ് കറസ്പോണ്ടൻറായ മർഹും പി.പി. ഹസ്സൻ കോയാ സാഹിബിനെ ശുപാർശകളില്ലാതെ നേരിട്ട് കണ്ടു സാധ്യത ആരായുവാൻ എനിക്കു ധൈര്യം തോന്നി. അനൗപചാരികമായി തീരുമാനിച്ചുകഴിഞ്ഞിരുന്നു. എന്നിട്ടും എനിക്കനുകൂലമായി നറുക്കു വീണതിൽ ഒരു പരിഗണന, ഞാൻ കോളേജിൻെറ 'പഴയ കുട്ടി'യായതുകൊണ്ടാണെന്ന് അദ്ദേഹം മുന്നിലധികം തവണ ആവർത്തിച്ചതായോർക്കുന്നു. എൻെറ വൈകാരികതയ്ക്ക് മൂർച്ച കൂട്ടുന്നതായി തോന്നി.

ഷാ സാഹിബ് പോയി; ബീരാൻ സാഹിബായിരുന്നു കസേരയിൽ. അന്നുമിന്നും എൻെറ ഗുരു എന്നു ഞാനഭിമാനത്തോടെയവകാശപ്പെടുന്ന പ്രൊഫ. വി. മുഹമ്മദ് സാഹിബ് ഒരു പ്രത്യേക ലക്ഷ്യത്തോടുകൂടി ഒരു പുതിയ ഹോസ്റ്റൽ ആസൂത്രണം ചെയ്തിരിക്കുകയാണ്. 'ഫാറൂഖ് ഹോസ്റ്റൽ': കുട്ടികൾ ഓമനപ്പേരായും കളിയാക്കിയും പ്രശസ്തി നല്കിയ 'കഞ്ഞി ഹോസ്റ്റൽ'. ആ പുതിയ ഹോസ്റ്റലിലെ പ്രധാന വിഭവങ്ങൾ കഞ്ഞിയോ ആ നിലവാരത്തിലൊതുങ്ങുന്നതോ മാത്രം ആയിരിക്കും. അതൊരു അനുപേക്ഷണീയത ആണെന്ന് മുഹമ്മദ് സാഹിബ് വ്യക്തമാക്കി. സാമ്പത്തിക പരാധീനതകൾ കാരണം ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന സമൂഹത്തിലെ ബുദ്ധിയുള്ള കുട്ടികൾ അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഈ ഹോസ്റ്റലിൻെറ പ്രഥമ വാർഡനാകുന്നയാൾ ഭക്ഷണത്തിലെ ലാളിത്യം മൂലം അപകർഷത തോന്നാത്തയാളായിരിക്കണം. അദ്ദേഹം അന്വേഷിച്ച് വിയർക്കുന്നതുപോലെ തോന്നി. അവസാനം അദ്ദേഹം തന്നെ വേറൊരു സന്ദർഭത്തിൽ പറഞ്ഞതുപോലെ 'മൊട്ടത്തലയുമായി നടക്കുന്ന കാലം മുതൽ അറിയാവുന്ന' ഞാൻ തന്നെയായിരിക്കട്ടെ വാർഡൻ എന്നദ്ദേഹം തീരുമാനിച്ചു. കഞ്ഞിയിലൊതുങ്ങുന്ന പശ്ചാത്തലത്തിലല്ല വളർന്നതെങ്കിലും, അതിൽ വേവലാതി തോന്നാത്ത മാനസികാവസ്ഥ എങ്ങനെയോ ഉണ്ടായതുകൊണ്ട്, ത്യാഗത്തിൻെറ കണികപോലും തോന്നാതെയാണ് ആ ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തത്. ജീവിതത്തിലെ ഏറ്റവും ധന്യമായ അവസരം നല്കിയ മുഹമ്മദ് സാഹിബിനോടും അതിന് പൂർണ്ണ പിന്തുണ നല്കിയ ബീരാൻ സാഹിബിനോടും ആ ഹോസ്റ്റലുണ്ടായതുകൊണ്ടുമാത്രം ഉന്നത ശ്രേണികളിൽ വിരാജിക്കാനവസരം കിട്ടിയ ഫാറൂഖ് ഹോസ്റ്റലിൻെറ മക്കളുടെ സ്ഥാപക വാർഡൻ, ഈ നാല്പതാം വാർഷികത്തിലും കൃതജ്ഞതയുടെ സ്നേഹബാഷ്പങ്ങളർപ്പിക്കുകയാണ്. ഫാറൂഖ് ഹോസ്റ്റലിലെ വിഭവങ്ങൾ എന്നോടൊപ്പം പങ്കിട്ട സഹാധ്യാപകനായിരുന്നു പിന്നീട് ഇൻകം ടാക്സ് ഓഫീസറായിരുന്ന മൊയ്തീൻ സാഹിബും ഇപ്പോൾ ഡി.ഇ.ഒ. ആയി ജോലി ചെയ്യുന്ന എം.എ. മുഹമ്മദ് സാഹിബും. കാണുമ്പോഴെല്ലാം അന്നത്തെ കോളേജിലെ 'പാവങ്ങൾ' ഇന്നത്തെ സമൂഹത്തിൽ എത്ര 'വലിയവർ' ആണ് എന്ന് ഞങ്ങളഭിമാനിക്കാറുണ്ട്.

മാസത്തിൽ 21 രൂപയിൽ പരിമിതമായിരുന്നു മെസ്സിൻെറ ചെലവ്. അന്ന് മറ്റ് ഹോസ്റ്റലുകളിൽ 60-ഉം 70-ഉം ആയിരുന്നു എന്നാണോർമ്മ. പക്ഷേ, ഫാറൂഖ് ഹോസ്റ്റലിലെ കുട്ടികൾ താരതമ്യേന കൂടുതൽ ആരോഗ്യമുള്ളവരായിരുന്നു. കോളേജിലെ ഏറ്റവും മികച്ച 'സ്പോർട്സ് താരങ്ങൾ' ഈ ഹോസ്റ്റലിലെ അന്തേവാസികളായിരുന്നു. കോളേജിൻെറ പ്രശസ്തമായ പരീക്ഷാഫലങ്ങളിൽ സിംഹഭാഗവും ഫാറൂഖ് ഹോസ്റ്റലിൻെറ സംഭാവനയായിരുന്നു. ആഹാരം കുറഞ്ഞാൽ ആരോഗ്യവും ബുദ്ധിയും കൂടുമോ എന്തോ?



ഇ. വാസു

## ഉച്ചപ്പട്ടിണിയുടെ ആനന്ദം

**ഫാ**റൂഖ് കോളേജിൽ എന്തുകൊണ്ടാണ് ചേർന്നതെന്ന് ഇന്നും ഞാൻ അത്ഭുതപ്പെടാറുണ്ട്.

ഫറോക്ക് ഗണപത് ഹൈസ്കൂളിൽനിന്ന് അന്ന് എസ്.എസ്.എൽ.സി. പരീക്ഷ പാസായത് 30% കുട്ടികളായിരുന്നു. ഞാൻ പാസാവുമെന്ന് ആരും പ്രതീക്ഷിച്ചതല്ല; ഞാനടക്കം. പാസായ നിലയ്ക്ക് വേറെ എന്ത് ചെയ്യും, കോളേജിൽ ചേരുകയല്ലാതെ?

അന്ന് കോളേജിൻെറ തെക്ക് ഭാഗത്തുനിന്ന് മറ്റു കോളേജുകളിൽ പ്രവേശനം അസാദ്ധ്യമായവരാണ് ഫറൂഖിൽ അഭയംതേടിയിരുന്നത്. പണമുള്ളവർ ഹോസ്റ്റലിൽ താമസിക്കും.

എന്നെ സംബന്ധിച്ച് കോഴിക്കോട്ടെ മലബാർ കൃസ്ത്യൻ കോളേജും സാമൂതിരി കോളേജുമായിരുന്നു അടുത്ത്. ഞാൻ ഒന്നും രണ്ടും ഗ്രൂപ്പുകൾക്ക് അപേക്ഷിച്ചു. മൂന്നാം ഗ്രൂപ്പ് കിട്ടി. ഫാറൂഖ് കോളേജിൽ ഒന്ന് മുതൽ മൂന്ന് വരെ ഗ്രൂപ്പുകൾക്ക് ഒഴിവുണ്ടായിരുന്നു. ഞാൻ മൂന്നാം ഗ്രൂപ്പെടുത്ത് അവിടെചേർന്നു

വിചിത്രമായ ഈ തീരുമാനത്തിൻെറ കാരണം ലാബറട്ടറി ഫീസ് വേണ്ട എന്നതായിരുന്നു.

പിന്നെ കുന്നിൻമുകളിലെ കാറ്റ്, മതനിരപേക്ഷത ഞാൻ അനുഭവിച്ചത് സീനിയർ ഇൻററിന് പഠിക്കുമ്പോൾ തെരഞ്ഞെടുപ്പിന് നിന്ന സമയത്താണ്.

'യുഖാവ്' എന്ന പേര് സ്കൂളിൽ പഠിക്കുമ്പോൾത്തന്നെ നേടിയ ഞാൻ ശ്രീ. ഹസ്സൻ കൊടിയാടനോട് മത്സരിച്ച് കോളേജ് യൂണിയൻ ജനറൽ സിക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. (ശ്രീ. ഹസ്സൻ ഈയിടെ അന്തരിച്ചു.)

ശ്രീ വി.വി. ദക്ഷിണാമൂർത്തി മലയാളം അസോസിയേഷൻ സിക്രട്ടറിയായും ജയിച്ചു.

അന്ന് വർഗ്ഗീയതയോ, ഇടുങ്ങിയ രാഷ്ട്രീയ ചേരിതിരിവോ വിദ്യാർത്ഥി സമൂഹത്തെ ബാധിച്ചിരുന്നില്ലെന്ന് തോന്നുന്നു. ഞങ്ങൾ ഒരു സമരം നടത്തിയത് ഇന്ന് അവിശ്വസനീയം എന്ന് തോന്നിക്കുന്ന ഒരാവശ്യം മുൻനിറുത്തിയായിരുന്നു. പ്രിൻസിപ്പാളെ മാറ്റാൻ പാടില്ല എന്നതായിരുന്നു ആ ആവശ്യം!

ഞാൻ രാഷ്ട്രീയത്തിൽ പ്രവേശിക്കാതിരുന്നത് ആ അനുഭവം വെച്ചാണ്. കാരണം, ഒരു സമരത്തിനുള്ള കാര്യമൊന്നും അതിലില്ലെന്ന് എനിയ്ക്കുതോന്നിയെങ്കിലും ഭൂരിപക്ഷത്തിൻെറ 'സെൻടിമെൻറ്' അങ്ങനെയായിരുന്നില്ല. സമരം പൊളിഞ്ഞു.

അതിൽനിന്ന് തലയൂരാൻ 'സ്പീക്കർ ശ്രീ. ഗോപിനാഥ് അന്തരിച്ചു' എന്ന വാർത്ത പുറത്തു വിടേണ്ടതായും വന്നു.

ശ്രീ. ഗോപിനാഥ് പിന്നീട് അമേരിക്കയിൽ പോയി.

അന്ന് സംഘടനാ പ്രവർത്തനത്തിലൊന്നും ഏർപ്പെടാതെ നടന്ന ശ്രീ എം.പി. ഗംഗാധരൻ പിന്നീട് മന്ത്രിയായി. സ്പോർട്സ് താരമായിരുന്ന ടി. ദാമോദരൻ തിരക്കഥാകൃത്തായി.

സംഘർഷം നിറഞ്ഞ നാളുകളായിരുന്നു എൻേറത്. ഫീസ് കഷ്ടിച്ച്കൊടുക്കാനുള്ള വകയേ എൻെറ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് കോളേജ് യൂണിയൻ സിക്രട്ടറി മിക്കവാറും പട്ടിണിയായിരുന്നു.

മറ്റുള്ളവർ അത് അറിയാതിരിക്കാൻ വേണ്ടി ലൈബ്രറിയിൽ അഭയം തേടി.

കോളേജിൽ അങ്ങനെയുള്ളവർക്കായി ഒരു ഫണ്ട് ഉള്ള വിവരം ഒരു സുഹൃത്ത് പറഞ്ഞു തന്നു.

അഭിമാനമെന്തെന്ന് അന്ന് പഠിച്ചത് പിന്നീട് ഞാൻ മറക്കുകയുണ്ടായില്ല.

അത്തരം അവശതാ ഫണ്ടുകളൊന്നും സ്വന്തമാക്കുന്നത് ശരിയല്ലെന്ന് ഞാൻ സ്വയം തീരുമാനിച്ചു. ഫാറൂഖ് കോളേജിലെ ദിനങ്ങൾ എൻെറ വ്യക്തിത്വം നിർണ്ണയിച്ചു എന്ന അഹങ്കാരമാണ്എന്നിലവശേഷിക്കുന്നത്.



തയ്യിൽ അബ്ദുറഹ്മാൻ ഹാജി


## 'ശരി'യുത്തരവിന് ശേഷം

**ഞാ**ൻ എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞ് വെറുതെ ഇരിക്കുന്ന കാലം. എൻെറ അമ്മാവൻ അബൂബക്കർ മുൻഷി കോളേജ് ഓഫീസിലെ ടൈപ്പിസ്റ്റ് ആയിരുന്നു. കോളേജ് ഓഫീസിൽ ഒരു ഒഴിവുണ്ടെന്ന് അദ്ദേഹമാണ് എന്നോട് പറഞ്ഞത്. 1954 ജൂൺ മാസത്തിലെ ഒരു ഞായറാഴ്ച രാവിലെ ഒമ്പതു മണിക്ക് ഫറോക്കിൽനിന്ന് ഞാനും അമ്മാവനും കൂടി കോളേജിലേക്ക് നടക്കുകയാണ്, പ്രിൻസിപ്പലിനെ കണ്ട് ജോലിക്കപേക്ഷിക്കുകയാണ് ലക്ഷ്യം.

കുറച്ചു നടന്നപ്പോൾ താറിടാത്ത റോഡിൽക്കൂടി പൊടിപറത്തിക്കൊണ്ട് ഒരു ജീപ്പ് കടന്നുവന്നു. പുളിയാളി അബ്ദുള്ളക്കുട്ടി ഹാജിയുടെ ആ ജീപ്പ് മാത്രമാണ് ആഴ്ചയിലൊരിക്കൽ ആ നിരത്തിലൂടെ കടന്നുപോകുന്ന ഏക വാഹനം. ജീപ്പ് ഞങ്ങളുടെ അടുത്ത് നിർത്തി. തുർക്കിത്തൊപ്പിവച്ച ഒരാൾ ഞങ്ങളോട് കയറാൻ പറഞ്ഞു. കൂടെയുള്ളതാരാണെന്ന് അമ്മാവനോട് അദ്ദേഹം ചോദിച്ചു. അമ്മാവൻ കാര്യങ്ങൾ വിശദമായി പറഞ്ഞു. 'ശരി' എന്നായിരുന്നു പ്രതികരണം. ആ മനുഷ്യൻ ഷാ സാഹിബായിരുന്നു. ആ 'ശരി'യായിരുന്നു എൻെറ നിയമനോത്തരവ്. 35 കൊല്ലം മുമ്പ് നടന്ന ആ സംഭവം ഇന്നും എൻെറ മനോമുകുരത്തിൽ തെളിഞ്ഞുനില്ക്കുന്നു.

അന്ന് അധ്യാപകരും വിദ്യാർത്ഥികളും മറ്റു ജീവനക്കാരും കൂടി മുന്നൂറോളം പേരുണ്ടാവും. 'കോളേജ് ഡേ'യോടനുബന്ധിച്ച് എല്ലാവർക്കും വർഷംതോറും വിദ്യാർത്ഥിക

ളുടെ വകയായി 'ടീ പാർട്ടി' നടത്തിയിരുന്നു. 'We want our own Shah' എന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് വിദ്യാർത്ഥികൾ നടത്തിയ സമരം രണ്ടു ദിവസം നീണ്ടുനിന്നു. ഷാ സാഹിബ് തന്നെ രംഗത്തെത്തി വിദ്യാർത്ഥികളെ ബോദ്ധ്യപ്പെടുത്തിയും സാന്ത്വനപ്പെടുത്തിയും തിരിച്ചയയ്ക്കുകയാണുണ്ടായത്. പ്രിൻസിപ്പലും ക്ലാർക്കും പ്യൂണും ഒന്നിച്ച് പള്ളിയിൽ പോയി 'അസർ' നമസ്കരിച്ച് നാട്ടുവർത്തമാനങ്ങൾ പറഞ്ഞ് തിരിച്ചു പോരുന്ന രംഗം ഓർക്കുമ്പോൾ രോമാഞ്ചമുണ്ടാകുന്നു. അന്നൊക്കെ വെള്ളി ശനി ദിവസങ്ങളായിരുന്നു കോളേജിന് അവധി. ഞായറാഴ്ച പ്രവൃത്തിദിവസമായിരുന്നു.



പി. മുഹമ്മദ് കുട്ടി

## പുളകിതമായ നിമിഷങ്ങൾ

**1953**ലാണ് ഞാൻ ഫാറൂഖ് കോളേജിൽ അറ്റൻററായി ജോലിയിൽ പ്രവേശിച്ചത്. അന്നത്തെ പ്രിൻസിപ്പൽ ഷാ സാഹിബും പിന്നീടു വന്ന ജലീൽ സാഹിബുമൊക്കെ വളരെ സ്നേഹവും സുരക്ഷിതത്വവും ജീവിതസൗകര്യങ്ങളുമാണ് ഞങ്ങൾക്ക് നല്കിയിരുന്നത്. ഒരു ദിവസം പുറമെ നിന്നു വന്ന ഒരാൾ എൻെറ നേരെ കൈ ചൂണ്ടി കയർത്തു സംസാരിച്ചപ്പോൾ പ്രിൻസിപ്പൽ ജലീൽ സാഹിബ് അദ്ദേഹത്തോട് പറഞ്ഞു, 'അയാൾ ഇവിടുത്തെ ഉദ്യോഗസ്ഥനാണ്. അയാളെ ചൂണ്ടാൻ അനുവദിക്കില്ല.'

34 കൊല്ലത്തെ ഔദ്യോഗിക ജീവിതം സംതൃപ്തമായിരുന്നു. അധ്യാപകരും വിദ്യാർത്ഥികളും അന്ന് ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ അടുത്താണ് കഴിഞ്ഞിരുന്നത്. അന്നത്തെ ആത്മാർത്ഥമായ ഗുരുശിഷ്യബന്ധം ഇന്ന് നമ്മുടെ കോളേജിൽ കാണാൻ കഴിയാത്തത് ഖേദകരമാണ്. ഫാറൂഖ് കോളേജിൻെറ യഥാർത്ഥ സംസ്കാരം കാത്തുസൂക്ഷിക്കുന്നത് അക്കാലത്തു പഠിച്ചുപോയ പൂർവ്വവിദ്യാർത്ഥികൾ മാത്രമാണ്.

ഒരിക്കൽ നാലഞ്ചു സുഹൃത്തുക്കളോടൊപ്പം ഞാൻ മഞ്ചേരിയിൽ ഒരു വക്കീലിനെ കാണാൻ പോയി. സിവിലും ക്രിമിനലും ഒരുപോലെ വാദിക്കുന്ന പ്രശസ്തനായ അഡ്വക്കേറ്റ് ശ്രീധരൻ. എന്നെ കണ്ട ഉടനെ അദ്ദേഹം ഓടിവന്ന് കൈപിടിച്ച് അടുത്തിരുത്തി. എനിക്കൊന്നും മനസ്സിലായില്ല. പക്ഷേ, അദ്ദേഹം മറ്റുള്ളവരോടായി പറഞ്ഞു. 'ഞങ്ങൾ ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. ഫാറൂഖ് കോളേജ് ജീവിതം ഒരിക്കലും മറക്കാനാവില്ല.' എനിക്ക് ആശ്വാസത്തേക്കാളേറെ അഭിമാനവും സന്തോഷവും തോന്നി.

സാധു വിദ്യാർത്ഥിഫണ്ടിൻെറ സേവനം ഉപയോഗപ്പെടുത്തിയ അനേകം വിദ്യാർത്ഥികൾ പിന്നീട് ജീവിതത്തിൽ ഉന്നതവിജയം നേടുകയുണ്ടായി. പാവപ്പെട്ട മുസ്ലിം വിദ്യാർത്ഥികൾക്ക് മാത്രമല്ല ഉയർന്ന ജാതിയിൽപ്പെട്ട യാതൊരു ആനുകൂല്യങ്ങളും ലഭിക്കാത്ത ഹിന്ദു വിദ്യാർത്ഥികൾക്കും ഈ ഫണ്ടിൽ നിന്ന് സഹായം നല്കിയ സന്ദർഭങ്ങൾ എനിക്കറിയാം. ഇന്ന് സാധു വിദ്യാർത്ഥി ഫണ്ടിൻെറ സേവനം തൃപ്തികരമല്ലാതിരിക്കാൻ പ്രധാന കാരണം വിദ്യാർത്ഥികൾ തന്നെയാണ് എന്നാണ് എൻെറ അഭിപ്രായം. തങ്ങൾ സാധുക്കളാണെന്ന് പുറത്തറിയുന്നത് അപമാനമായി കരുതുന്നവരാണല്ലോ ഇന്നത്തെ വിദ്യാർത്ഥികൾ.



എം.ടി. മൊയ്തൂട്ടി

## ഒരു തീവണ്ടിയാത്രയുടെ സായൂജ്യം

**1953** ജൂൺ മാസത്തിലെ ഒരു പ്രഭാതം! നേർത്ത മഴ പെയ്യുന്നു. ഉപ്പയുമൊന്നിച്ച് ഒരു ചുരുട്ടിയ പായ തലയണയോടുകൂടി ഒരു കൈയിലും, ഇരുമ്പുപെട്ടി മറ്റേ കയ്യിലും പിടിച്ച് പടി ഇറങ്ങി.

"ബിസ്മി ചൊല്ലി ഇറങ്ങ് മോനെ" ഉമ്മ കോളേജിലേക്കുള്ള യാത്രയ്ക്ക് മംഗളമോതി.

വെളിയങ്കോട് എന്ന ഗ്രാമത്തിൽനിന്ന് പൊന്നാനി വരെ അഞ്ചു നാഴികയോളം നടന്നു. പിന്നീട് ബോട്ടിൽ തിരൂരിൽ വന്നു. ഫറോക്കിലേക്ക് തീവണ്ടി കയറി. ആദ്യത്തെ തീവണ്ടിയാത്ര. ഇൻറർമീഡിയറ്റ് (ഇന്നത്തെ സെക്കൻറ് ക്ലാസ്) കമ്പാർട്ട്മെൻറിൽ. ഉപ്പ ടിക്കറ്റ് വാങ്ങി. 'ഇനി എന്നും ഈ ക്ലാസ് വേണ്ട. മൂന്നാം ക്ലാസിൽ യാത്ര ചെയ്താൽ മതി.' ഞാൻ ടിക്കറ്റിൽ ചാർജ് നോക്കി 13 അണ. വൈകുന്നേരം നാല് മണിയോടുകൂടി ഫറോക്കിൽ തീവണ്ടി ഇറങ്ങി. അപരിചിതമായ മുഖങ്ങൾ. പെട്ടിയും പായയും എടുത്ത് യാത്ര തുടർന്നു. രണ്ട് നാഴികയിലധികം നടന്നു. ഭാവനയിലെ കോളേജ് കെട്ടിടങ്ങളും കോട്ടും ടൈയും കെട്ടിയ അധ്യാപകരേയും തിരക്കി.

ഫാറൂഖ് കോളേജിൻെറ പരിസരത്ത് എത്തി. ലോഡ്ജിൽ പെട്ടിയും പായയും ഇറക്കി വച്ചു. നേരെ പ്രിൻസിപ്പലിനെ കാണാൻ പോയി. പിതാവിൻെറ പഴയ സുഹൃത്തും മലപ്പുറം ഹൈസ്കൂളിൽ സഹപ്രവർത്തകനുമായിരുന്ന പ്രിൻ: സെയ്ത് മൊയതീൻ ഷാ.

ആദരവോടും വിസ്മയത്തോടും കൂടി ആ വന്ദ്യനെ നോക്കി നില്ക്കെ ഉപ്പയും പ്രിൻസിപ്പലും കുറെ നേരം സംസാരിച്ചു. ശ്രദ്ധ മുഴുവൻ അദ്ദേഹത്തിന്റെ പുസ്തക ശേഖരത്തിലും തിളങ്ങുന്ന കണ്ണുകളിലും സംഭാഷണരീതിയിലും ആയിരുന്നു.

രാത്രി മണ്ണെണ്ണ വിളക്കിന്റെ വെളിച്ചം മാത്രം; കുറുക്കന്മാർ തുടർച്ചയായി ഓരിയിടുന്നു.

മൊട്ടക്കുന്നിലെ കോളേജ് കെട്ടിടങ്ങൾക്ക് ഞാൻ പഠിച്ച പൊന്നാനി എ.വി. ഹൈസ്കൂൾ കെട്ടിടങ്ങളോളമേ വലിപ്പമുള്ളൂ. സങ്കല്പത്തിലെ വലിയ കെട്ടിടങ്ങളും പൂന്തോപ്പും ക്ലാസ് മുറികളും മനസ്സിൽ നിന്നും മാഞ്ഞു. പ്രിൻസിപ്പലുടെ ആദ്യത്തെ ക്ലാസ്. ഇംഗ്ലീഷിന്റെ അണമുറിയാത്ത പ്രവാഹം. അഗാധമായവിജ്ഞാന ശേഖരം. ഞങ്ങൾ അന്തംവിട്ടിരുന്നു.

കലാലയ അന്തരീക്ഷത്തിൽ മുദ്രാവാക്യങ്ങളില്ല; പരസ്പര മത്സരങ്ങളില്ല. വിദ്യയുടെ അഭ്യാസം മാത്രം.


നാലു കൊല്ലം പരസ്പര ധാരണയോടെ ന്യൂ ഹോസ്റ്റൽ ജീവിതം. അന്നത്തെ സഹപാഠികളും കോളേജ് സുഹൃത്തുക്കളും ഇന്ന് ജീവിതത്തിന്റെ വിവിധ തുറകളിൽ ശ്രേഷ്ഠത നേടിയവർ. അഭിമാനം തന്നെ. മൊട്ടക്കുന്നിലെ ശാലീനസുന്ദരമായ തമസ്സ്. പ്രശാന്തമായ കോളേജ് അങ്കണങ്ങൾ, അത്താമുക്കായുടെ ചായ മക്കാനി. നല്ല പോത്തിറച്ചിയും പത്തിരിയും, ആഴ്ചയിൽ ഒരിക്കൽ. വെള്ളിയാഴ്ച സ്പെഷൽ.

അല്ലലറിയാത്ത വിദ്യാലയ വർഷങ്ങൾ. "ഇത് ഭൂമിയാണ്" എന്ന നാടകത്തിൽ ഹാജിയാരുടെ വേഷമണിഞ്ഞ് ഏറ്റവും നല്ല നടനുള്ള സമ്മാനം വാങ്ങിയപ്പോൾ പ്രൊഫ. എം. മുഹമ്മദ് സാഹിബിനെ ഓർക്കുന്നു. 'കണ്ടംബെച്ച കോട്ട്', 'ജ്ജ് നല്ല മനിസനാകാൻ നോക്ക്' അങ്ങനെ കുറെ നാടകങ്ങളിൽ അഭിനയിച്ചു നടന്നപ്പോൾ മലയാളം അധ്യാപകൻ ശുദ്ധരിൽ പരിശുദ്ധനായ മമ്മി മാസ്റ്റർ പറഞ്ഞു. "ഫൈനൽ ഇയർ ആണ്; മറക്കണ്ട." ആ വാക്കുകൾ ഇന്നും മാർഗ്ഗദർശനം നല്കുന്നു.

1957-ൽ കോളേജിനോട് വിടവാങ്ങിയപ്പോൾ മനസ്സറിഞ്ഞു പ്രാർത്ഥിച്ചു. 'ഈ വിദ്യാലയം ഞങ്ങൾക്കും ഞങ്ങളുടെ പിന്മുറക്കാർക്കും അഭയമായിത്തീരേണമേ! സമുദായത്തിനു വെളിച്ചം നല്കുമാറാകണമേ!' അല്ലാഹു പ്രാർത്ഥന കേട്ടു. ഇന്നെന്റെ മുമ്പിൽ വിശാലസുന്ദരമായ കോളേജ്അങ്കണം. മാറിപ്പോയ മുഖച്ചായ. വിദ്യാഭ്യാസ നിലവാരത്തിന്റെ പിന്നണിയിൽ നിന്നുള്ള സമൂഹത്തിന്റെ കുതിച്ചുകയറ്റം. നിർവൃതി, സന്തോഷം.

കോളേജ് അങ്കണംവിട്ട നിമിഷം, പരീക്ഷകൾ തൃപ്തിയോടെ നേരിട്ടതിലുള്ള ചാരിതാർത്ഥ്യം; പാസാവുമെന്ന വിശ്വാസം, കൂട്ടുകാരേയും സുഹൃത്തുക്കളേയും സർവ്വോപരി അധ്യാപകരേയും എല്ലാറ്റിലും ഉപരി ഞാൻ സ്നേഹിച്ചാദരിച്ച എന്റെ കലാലയത്തേയും വിട്ടു പോരുമ്പോൾ ഉള്ള വേദന. യാത്ര ചോദിക്കണം. പ്രിൻസിപ്പൽ കെ.എ. ജലീൽ; അദ്ദേഹത്തെ ചെന്നു കണ്ടു. വിട ചോദിച്ചു. നല്ല ഭാവി ആശംസിച്ചു. സർട്ടിഫിക്കറ്റും എഴുതിത്തന്നു. ഈ സർട്ടിഫിക്കറ്റ് പിന്നീട് എന്റെ ജീവിതയാത്രയിൽ ഒരു തണലായി, താങ്ങായി. വിജയം നേടാൻ സഹായിച്ചു. കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

31 കൊല്ലങ്ങൾക്ക് ശേഷം ജീവിതത്തിന്റെ വഴിത്താരകളിൽനിന്ന് തിരിഞ്ഞുനോക്കുമ്പോൾ, സംതൃപ്തി. മനസ്സിലും, ശരീരത്തിലും, ജീവിതത്തിലും വിജയത്തിന്റെ പൊൻതുവലുകൾ. ഫാറൂഖ്, നിന്നോടുള്ള കടപ്പാട് താളുകളിൽ ഒതുങ്ങുന്നില്ല!



എം. മൊയ്തീൻകുട്ടി

## ഒരു ഒളിച്ചോട്ടത്തിന്റെ കഥ

**1953**-ൽ ഗ്രാമത്തിലെ ആദ്യത്തെ എസ്.എസ്.എൽ.സി.ക്കാരനായി ജയിച്ചു. 'തെക്കെ ഇന്ത്യയിലെ അലീഗറി'നെക്കുറിച്ച് 'ചന്ദ്രിക'യിൽ വായിച്ചും അധ്യാപകരിൽ നിന്ന് കേട്ടും അറിഞ്ഞിരുന്നു. അവിടെ ചേർന്നു പഠിക്കാനുള്ള അഭിലാഷത്തിനു മുമ്പിൽ പ്രശ്നങ്ങൾ വഴിമുട്ടി നിന്നു. ചരിത്രപരമായ കാരണങ്ങളാൽ സമുദായം ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് ജിഹാദിലായിരുന്ന കാലം. പോരെങ്കിൽ ഫാറൂഖ് കോളേജ് 'വഹാബി'കളുടെയും 'മതഭ്രഷ്ട'രുടെയും ആവാസകേന്ദ്രമാണെന്നും കുട്ടികളുടെ 'ഈമാൻ' കാത്തുസൂക്ഷിക്കണമെന്ന് മോഹമുണ്ടെങ്കിൽ അവരെ അങ്ങോട്ടയച്ചുപോകരുതെന്നും പാതിരാപ്രസംഗങ്ങളിലൂടെ സമുദായത്തെ ഉദ്ബുദ്ധരാക്കുന്ന ഒരുപാട് 'ഇമ്മിണി' വല്യ ആലിമീങ്ങൾ, മകനെ പള്ളി ദർസുകളിൽ അയച്ച് 'ആലിമാ'ക്കി കുടുംബപാരമ്പര്യം നിലനിറുത്തണമെന്നാഗ്രഹിച്ചിരുന്ന മത പണ്ഡിതനായ പിതാവ് - എല്ലാം എനിക്കെതിരായിരുന്നു.

ഉപ്പ ഹജ്ജിനുപോയ തക്കം നോക്കി ജ്യേഷ്ഠന്റെയും ചില ഗുണകാംക്ഷികളുടെയും 'ഒത്താശ'യോടെ റൗളത്തുൽ ഉലൂം അറബിക്കോളേജിലെത്തി അറബിക്കോളേജിൽ ഭക്ഷണവും താമസവും സൗജന്യമായിരുന്നതുകൊണ്ട് ക്രമേണ ഫാറൂഖ് കോളേജിൽ ചേരാമെന്ന മോഹത്തോടെയാണ് വന്നത്. എനിക്കൊരിക്കലും മറക്കാനാവാത്ത ഒരു മഹാപ്രതിഭയുടെ കരുണാർദ്രമായ കൈകളിലാണ് ഞാൻ ചെന്നുപെട്ടത്. ജീവിതകാലത്തുതന്നെ ഒരു ഐതിഹ്യമായി മാറിയിരുന്ന അബുസ്സബാഹ് അഹ്മദലി അസ്ഹരി എന്നെ സ്വീകരിക്കുകയായിരുന്നില്ല, ഏറ്റെടുക്കുകയായിരുന്നു. അടുത്ത വർഷം 1954-ൽ 'ശൈഖുന'യുടെ ആശീർവാദത്തോടെ ഞാൻ ഫാറൂഖ് കോളേജിൽ ഇന്റർമീഡിയറ്റ് ഗ്രൂപ്പ് ഡി(അറബിക്)ക്ക് ചേർന്നു.

ഫാറൂഖ് കോളേജ് സാധുവിദ്യാർത്ഥിഫണ്ടിൽനിന്ന് രണ്ടു വർഷത്തോളം പ്രതിമാസം 10 ക. നിരക്കിൽ എനിക്ക് ലഭിച്ച സഹായത്തിന് ഷാ സാഹിബിനോടും പ്രൊഫ . വി. മുഹമ്മദു സാഹിബിനോടുമൊക്കെ ഞാനെന്നും കടപ്പെട്ടിരിക്കുന്നു. അന്ന് ഹോസ്റ്റലിൽ ഒരു മാസത്തെ ഭക്ഷണച്ചെലവ് 20 ക. ആയിരുന്നു എന്നറിയുമ്പോഴെ ഈ 10 ക.യുടെ വലിപ്പം മനസ്സിലാകും. സാധുവിദ്യാർത്ഥിഫണ്ടിൽനിന്ന് സഹായം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണം അറബിക്കോ



ളേജ് ഹോസ്റ്റലിൽ നിന്നായിരുന്നു. ഈ ഏർപ്പാട് രണ്ടുകോളേജുകളിലേയും വിദ്യാർത്ഥികളെ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയുമായി. പക്ഷേ, അന്നൊക്കെ വിശപ്പുമാറി ഭക്ഷണം കഴിച്ചിരുന്നത് ഒന്നോ രണ്ടോ മാസം കഴിഞ്ഞ് വീട്ടിൽ വരുമ്പോൾ മാത്രമായിരുന്നു. എന്നൊക്കെ പറഞ്ഞാൽ ഇന്നത്തെ തലമുറയ്ക്ക് കെട്ടുകഥയായി തോന്നും.

ഇൻറർമീഡിയറ്റിന് ശേഷം ബി.എ. (Economics)ക്ക് ചേർന്നു. ഗവൺമെൻറിൽ നിന്ന് നല്ലൊരുതുക സ്കോളർഷിപ്പായി ലഭിച്ചു. കാലത്തിൻെറ ചൂടേറ്റ് വീട്ടിൽനിന്നുള്ള എതിർപ്പുകൾ ഉരുകിപ്പോയതും സഹായകമായി. ഫാറൂഖ് ഹോസ്റ്റലിലാണ് അക്കാലത്ത് ഞാൻ താമസിച്ചത്. വന്ദ്യനായ ടി. അബ്ദുല്ല സാഹിബായിരുന്ന ഹോസ്റ്റൽ വാർഡൻ. സ്നേഹപൂർണ്ണമായ പെരുമാറ്റത്തിലൂടെ വിദ്യാർത്ഥികളുടെ കണ്ണിലുണ്ണിയായിത്തീർന്ന അദ്ദേഹം ഞങ്ങളുടെ സ്വഭാവരൂപീകരണത്തിൽ പങ്ക് അനല്പമാണ്.

അന്ന് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് രാഷ്ട്രീയാടിസ്ഥാനത്തിലായിരുന്നില്ല. വ്യക്തിപരമായ ഗുണങ്ങളായിരുന്നു ജയാപജയങ്ങളുടെ നിദാനം. 1957-'58-ൽ ഞാൻ കോളേജ് യൂണിയൻ സിക്രട്ടറിയായി മത്സരിച്ചു. പ്രഗത്ഭനായ എൻെറ മാന്യസുഹൃത്ത് മി. ഷേണായിയോട് കേവലം 14 വോട്ടിൻെറ ഭൂരിപക്ഷത്തിലാണ് ഞാൻ ജയിച്ചത്. എല്ലാ സ്ഥാനാർത്ഥികളും ഒരേ വേദിയിൽ വെച്ച് വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുന്ന ഏർപ്പാടും അന്നുണ്ടായിരുന്നു. തെരഞ്ഞെടുപ്പു വേളയിൽ എനിക്കുവേണ്ടി തകർപ്പൻ പ്രസംഗങ്ങൾ നടത്തിയ ഇപ്പോഴത്തെ കേരള മന്ത്രി ടി.കെ. ഹംസയെ പ്രത്യേകം ഓർമ്മവരുന്നു.

1958-ൽ ഫാറൂഖ് ഹോസ്റ്റലിൽ ആദ്യമായി വിദ്യുച്ഛക്തി ലഭിച്ചപ്പോൾ ഞങ്ങൾ സന്തോഷംകൊണ്ട് തുള്ളിച്ചാടി. 'നസ്റുൻ മിനല്ലാഹി വ ഫത്ഹുൻ ഖരീബ്' എന്നുരുവിട്ടുകൊണ്ട് മൈസൂർ സ്വദേശി പ്രൊഫ. എച്.എം.എ. ഷുക്കൂർ സാഹിബ് സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ച രംഗം ഓർമ്മയിൽ പച്ചപിടിച്ചു നില്ക്കുന്നു.

യുവതലമുറയിലെ അധ്യാപകരോട് മാത്രമായി ഒരു കാര്യം സൂചിപ്പിക്കട്ടെ. ഫാറൂഖ് കോളേജിൽ വളരെ വ്യവസ്ഥാപിതമായി ഞങ്ങൾ നടത്തിയിരുന്ന മതപഠനക്ലാസുകളാണ് തങ്ങളുടെ ജീവിതവ്യാപരത്തിൽ തുടിച്ചു നില്ക്കുന്ന ഇസ്ലാമിക ചൈതന്യത്തിന് പ്രചോദനമായതെന്ന് ഫാറൂഖിൻെറ സന്തതികൾ ലോകത്തിൻെറ വിവിധ കോണുകളിൽ നിന്ന് അറിയിക്കുമ്പോൾ മാത്രമാണ് 'ഈ ജീവിതം വ്യർത്ഥമായിട്ടില്ല' എന്ന തോന്നൽ എനിക്കുണ്ടാകുന്നത്.



പാറന്നൂർ പത്മനാഭൻ


## കനിവിൻെറ കേദാരം

സാമുഹ്യമായും സാമ്പത്തികമായും ദയനീയസാഹചര്യങ്ങളിൽ ജനിച്ചുവളർന്ന് പ്രശംസാർഹമായി പത്താം ക്ലാസ് പാസായ ഞാൻ ഒന്നുമാലോചിക്കാതെ പഠിപ്പുതുടരാമെന്നും ബിരുദം നേടുമെന്നും കുടുമതൊട്ട് പ്രതിജ്ഞചെയ്തു. പ്രതികൂല സാഹചര്യങ്ങളെ വെല്ലുവിളിച്ചുകൊണ്ട് നഗരത്തിലെ ഒരു പ്രമുഖ കോളേജിൽ ഇൻറർമീഡിയറ്റിന് ചേരാൻ എത്തിച്ചേർന്നു. പിന്നോക്ക വിഭാഗങ്ങൾക്കുള്ള എല്ലാ സാമ്പത്തികാനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരുന്നിട്ടും വളരെ നിർദ്ദയമാണ് പ്രിൻസിപ്പൽ എന്നോട് പെരുമാറിയത്.കലാലയജീവിതം പണമില്ലാത്തവർക്ക് വിധിച്ചതല്ല എന്ന മനോഭാവമായിരുന്നു അദ്ദേഹത്തിന്. ഒരു മെറിറ്റ് സ്കോളർഷിപ്പ് ലഭിച്ചതുകൊണ്ട് ഫീസിളവു ലഭിച്ചുവെങ്കിലും സ്പെഷൽ ഫീസും പരീക്ഷാഫീസുമൊക്കെ കെടുക്കേണ്ടി വന്നു. ഉച്ചയ്ക്ക് ഒരു കാലിച്ചായ പോലും കുടിക്കാനുള്ള സാമ്പത്തികശേഷിയില്ലാത്തുകൊണ്ട് ഈ രണ്ടു വർഷത്തിനിടയ്ക്ക് ഒരിക്കൽ പോലും ഞാൻ കോളേജ് കാൻറീനിൽ പോയിട്ടില്ല. കുടംബസ്വത്തായി ആകെയുണ്ടായിരുന്ന 25 സെൻറു നിലം വിശ്വാസനിലയ്ക്ക് തീറുകൊടുത്താണ് പരീക്ഷാഫീസിനുള്ള പണമുണ്ടാക്കിയത്. 1957-ൽ ഇൻറർമീഡിയറ്റ് കഴിഞ്ഞപ്പോൾ ഒരിഞ്ചും മുന്നോട്ടു പോകാനാവാത്ത അവസ്ഥയായിരുന്നു.

പഠിപ്പു തുടരാനുള്ള തീവ്രമായ മോഹം പ്രകടിപ്പിച്ചുകൊണ്ട് എൻെറ കഥ ഞാൻ ഫാറൂഖ് കോളേജ് പ്രിൻസിപ്പലിനയച്ചുകൊടുത്തു. തികച്ചും അപ്രതീക്ഷിതമായി മടക്കത്തപാലിനു എനിക്കൊരു കാർഡ് കിട്ടി — 'എല്ലാ ആനുകൂല്യങ്ങളും നല്കാം എന്നെ വന്ന് കാണുക.'

ചെന്നു കണ്ടു; ബി.എസ്സി.ക്ക് അഡ്മിഷൻ കിട്ടി; ഹോസ്റ്റൽ കിട്ടി; പോക്കറ്റുമണി കിട്ടി; അർഹതപ്പെട്ട എല്ലാ സാമ്പത്തികാനുകൂല്യങ്ങളും കിട്ടി; ഞാൻ പഠിച്ചു പാസായി. ടെലിഫോൺ വകുപ്പിൽ ജൂനിയർ എഞ്ചിനീയറായി. അസിസ്റ്റൻറ് എഞ്ചിനീയറായി. ഡിവിഷണൽ എഞ്ചിനീയറായി.

പിന്നോക്കജാതി-വർഗ്ഗ വിദ്യാർത്ഥികളോട് ആത്മാർത്ഥവും അകൈതവുമായ കനിവു കാണിക്കുന്ന ഏക കലാലയമെന്ന നിലയ്ക്ക് ഫാറൂഖ് കോളേജും പ്രിൻസിപ്പൽ ജലീൽ സാഹിബും മറവിയുടെ ചിതൽ ബാധിക്കാതെ എന്നും എൻെറ മനസ്സിലുണ്ടാവും.



വി.പി. മുഹമ്മദ്

## എൻെറ ക്ലിയോപാട്ര!

ന്യൂ ഹോസ്റ്റലിലാണ് ഞാൻ കുടിയിരുത്തപ്പെട്ടത്, മുകളിൽ ഇരുപത്തിരണ്ടാം നമ്പർ മുറിയിൽ.

'അസ്സലാത്തു ഖൈറും മിനന്നൗം', പള്ളിയിൽനിന്ന് സുബ്ഹി ബാങ്ക് മുഴങ്ങും "നിസ്കാരത്തെക്കാൾ നല്ലത് ഉറക്കമാണ് " എന്ന്, പിറുപിറുത്തുകൊണ്ട് ഞങ്ങൾ പുതുമുഖങ്ങൾ പുതപ്പിനുള്ളിൽ ചുരുണ്ടു കൂടും. സെക്കൻറ് ഇയറുകാരും ഡിഗ്രിക്കാരും കണ്ണും നുള്ളിപ്പൊളിച്ചു കൊണ്ട് വരാന്തയിലേക്കിറങ്ങും. അവർക്കത് നേരത്തെയുള്ള ശീലമാവാം.

രാത്രി ഉറക്കമിളച്ചിരുന്നതുകൊണ്ട് ഏഴരപ്പുലർച്ചയ്ക്ക് എഴുന്നേല്ക്കാൻ മനസ്സ് വരില്ല.

മുമ്പിലെ വരാന്തയിൽനിന്ന് റൂം മേറ്റിൻെറ പതിഞ്ഞ ശബ്ദം.

'ചരക്കെത്തി.'

'എവിടെ?'

'മക്കാനീടെ അപ്പുറത്തൂടെ അതാ.....'

'കണ്ടു! കണ്ടു'

ഹായ്!......'

ഞാൻ തട്ടിപ്പിടഞ്ഞെഴുന്നേറ്റു ചെന്നു. അത്താമുക്കയുടെ ചായക്കടയിലേക്ക് നോക്കി. ഒരു തള്ള! കൈയിൽ പാൽക്കുപ്പി!! വരാന്തയിൽ വരിവരിയായി നില്ക്കുന്ന ഹോസ്റ്റൽ മേറ്റ്സ്. ആർത്തിയോടെ അവളെ നോക്കി ആസ്വദിക്കുകയായിരുന്നു.

ഫൂ...... ഞാൻ കാർക്കിച്ചു തുപ്പി തിരിച്ചുപോയി, കട്ടിലിൽ കിടന്ന് കുശാലായി കൂർക്കം വലിച്ചു.

ഫാറൂഖ് കോളേജിൽ അന്ന് പെൺകുട്ടികൾക്ക് പ്രവേശനമുണ്ടായിരുന്നില്ല. പ്രിൻസിപ്പലും ലക്ചറർമാരും ട്യൂട്ടർമാരും ഒക്കെ പുരുഷന്മാർ മാത്രം! നോൺ ടീച്ചിങ് സ്റ്റാഫിലും പെണ്ണുങ്ങളില്ല. ഹോസ്റ്റലിലെ കുശിനിക്കാരും 'മെൻ' തന്നെ. സർവ്വത്ര ആൺമയം. (വെജിറ്റേറിയൻ ഹോസ്റ്റലിലുള്ളവർക്കു മാത്രം 'ലേഡീസ് ഫിംഗറു'മായി സമ്പർക്കം ലഭ്യമായിരുന്നു.)

ക്ലാസുകൾ വിരസമാവുമ്പോഴൊക്കെ ഞാൻ ഹൈസ്കൂളിലെ സഹപാഠിനികളെ ഓർക്കും. രാധ, അമ്മിണി, വിക്ടോറിയ എല്ലാവരും ഓർമ്മയിൽ മാത്രം ജീവിച്ചു. നാളുകൾ കഴിയുന്തോറും പെണ്ണിനെക്കാണാനുള്ള ആർത്തി കൂടി. പെണ്ണിൻെറ ഗന്ധമേല്ക്കാൻ; നീണ്ട തലമുടി കാണാൻ; അളകങ്ങൾ പാറുന്ന നെറ്റിത്തടം കാണാൻ — എന്തിനേറെ ഒരുപാവാടയെങ്കിലും കാണാൻ; അദമ്യമായ ആവേശമുണർന്നു.

'നാരായണൻ തൻെറ പാദാരവിന്ദം
നാരീജനത്തിൻെറ മുഖാരവിന്ദം
മനുഷ്യനായാലിവ രണ്ടിലൊന്ന്
നിനച്ചുവേണം സമയം കഴിപ്പാൻ" വിദ്വാൻ ടി.സി. മമ്മി മലയാളം ക്ലാസ്സിൽ ചൊല്ലിയ ഈരടികൾ മനസ്സിൽ കിടന്നുരുണ്ടു. കാലത്ത് ഞാനും ഉണർന്നു തുടങ്ങി. ഹോസ്റ്റലിൻെറ വരാന്തയിൽ ഞാനും മറ്റുള്ളവരോടൊപ്പം അണിനിരന്നു.

ഹൃദയമിടിപ്പോടെ ചരക്കിനെ കാത്തുനിന്നു! അത്താമുക്കയുടെ മക്കാനിയിൽ പാലുകൊടുക്കുന്ന തള്ളയിൽ സ്ത്രീ സൗന്ദര്യത്തിൻെറ മുഴുവൻ പൊലിമയും ഞാൻ ദർശിച്ചു. കുണ്ടിലായ കണ്ണുകൾ, നീലോല്പലനയനങ്ങളായി. ഉണങ്ങിവരണ്ട ചുണ്ടുകൾ പവിഴത്തൊത്തുകളായി. ചുക്കിച്ചുളിഞ്ഞ കവിളുകൾ തുടുത്ത റോസാദളങ്ങളായി. മഞ്ഞത്തെച്ചി പ്പൂങ്കുലപോലെ മഞ്ജിമ വിടരും പുലർക്കാലങ്ങളിൽ എൻെറ മുമ്പിൽ നിർവൃതിയുടെ പൊൻകതിർപോലെ അവൾ നിന്നു!

അത്താമുക്കയുടെ പാൽക്കാരി! എൻെറ ക്ലിയോപാട്ര "Let Rome in Tiber melt, and the wide arch of the ranged empire fall; Here my space".

തണുത്തു വിറങ്ങലിച്ച പ്രഭാതങ്ങൾ ഊഷ്മളങ്ങളായി! ഇരുമുളിപ്പറമ്പ് സ്വർഗ്ഗമായി.

ഫറോക്ക് പാലത്തിനടിയിലൂടെ ഒത്തിരി വെള്ളം ഒലിച്ചുപോയി.

പ്രിയംകരിയായ ക്ലിയോപാട്രേ,

തത്രഭവതി പാൽപ്പാത്രവുമായി നടന്ന അതേ ഒറ്റയടിപ്പാതയിലൂടെ ലേഡീസ് ഹോസ്റ്റലിലേക്കും തിരിച്ചും വഴിനടന്നുപോന്ന എൻെറ മൂന്നുപെൺമക്കൾ ഇന്ന് അവരുടെ കുഞ്ഞുങ്ങൾക്കു വേണ്ടി മുലപ്പാൽ ചുരത്തിത്തുടങ്ങി. കറുത്തിടതൂർന്ന എൻെറ തലമുടിയിൽ വെള്ളിക്കമ്പികൾ തിരിനീട്ടിക്കഴിഞ്ഞു.

അന്നേ ജരാനര ബാധിച്ച ഭവതി കരിങ്കല്ലായിലെ ഏതോ ശവക്കുഴിയിൽ അന്ത്യവിശ്രമം കൊള്ളുകയാവും!

പ്രിയേ, ഭവതിയുടെ പഴയ ആരാധകരിൽ ഒരുവൻ സസ്നേഹം അർപ്പിക്കുന്ന മധുരസ്മരണയുടെ ഈ പുഷ്പ ചക്രം സ്വീകരിച്ചാലും!



എം.എ. പരീദ്

## ഒരു പ്രാർത്ഥനയുടെ സാഫല്യം

ഒരു കൗമാരസ്വപ്നത്തിൻെറ സാക്ഷാത്കാരം പോലെയാണ് ഞാൻ ഫാറൂഖ് കോളേജിൽ ചേർന്നത്. എൻെറ ജന്മദേശമായ തൃ

ശൂർ ജില്ലയിലെ കൊച്ചന്നൂർ എന്ന കൊച്ചു ഗ്രാമത്തിലെ പ്രാഥമിക പാഠശാലയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു തന്നെ ഫാറൂഖ് കോളേജ് എന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തെപ്പറ്റി ധാരാളം കേട്ടിരുന്നു. എസ്.എസ്.എൽ.സി.ക്ക് നല്ല മാർക്കോടെ പാസാകാനും ഫാറൂഖ് കോളേജിൽ ചേർന്ന് പഠിക്കാനും സാധിക്കേണമേ എന്ന മോഹം ദൈവാനുഗ്രഹത്താൽ സഫലമായി. പ്രീ യൂണിവേഴ്സിറ്റി. (1962-'63) ബി.എസ്സി. കെമിസ്ട്രി (1963-'66) എം.എ. അറബി (1967-'69) എന്നീ കോഴ്സുകൾ ഫാറൂഖ് കോളേജിൽ നിന്ന് ഞാൻ പൂർത്തിയാക്കി. പിന്നീട് അധ്യാപകൻ എന്ന നിലയ്ക്കും ഞാൻ ഫാറൂഖ് കോളേജിൽ ഉണ്ടായിരുന്നു.

പ്രിൻസിപ്പൽ ജലീൽ സാഹിബിന്റെ ഭരണനൈപുണ്യവും പരിഷ്കരണ പ്രവർത്തനങ്ങളും കോളേജിന് പ്രൗഢിയും പ്രശസ്തിയും വർദ്ധിപ്പിച്ചു. വി. മുഹമ്മദ് സാഹിബിന്റെ റിലീജ്യസ് ഇൻസ്ട്രക്ഷൻസ് ക്ലാസ്സുകൾ ഞങ്ങളുടെ ജീവിതത്തിലെ മാർഗ്ഗദീപങ്ങളായി നിലകൊള്ളുന്നു. ടി. അബ്ദുല്ല സാഹിബിന്റെ നേതൃത്വത്തിൽ നടന്നുവന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നല്കാനുള്ള സംവിധാനം ഫാറൂഖ് കോളേജിന്റെ മാത്രം സവിശേഷതയായിരുന്നു.

പഠിപ്പുമുടക്കും വിദ്യാർത്ഥിസമരവും അന്ന് അസാധാരണസംഭവമായിരുന്നു. രാഷ്ട്രീയപ്പാർട്ടികൾക്ക് അവയുടെ താല്പര്യസംരക്ഷണോപകരണങ്ങളാക്കാൻ വിദ്യാർത്ഥികളെ കിട്ടിയിരുന്നില്ല. കോളേജ് യൂണിയൻ സിക്രട്ടറി (1965) ചെയർമാൻ (1969) എന്നീ സ്ഥാനത്തേക്ക് മത്സരിച്ചു ജയിക്കാനുള്ള ഭാഗ്യവും എനിക്കുണ്ടായി.

കേരളത്തിലാദ്യമായി അറബിക് എം.എ. കോഴ്സ് തുടങ്ങിയത് ഫാറൂഖ് കോളേജിലായിരുന്നു. അന്നത്തെ വിദ്യാഭ്യാസമന്ത്രി സി.എച്ച്. മുഹമ്മദ് കോയയാണ് അതിന്റെ ഉൽഘാടനം നിർവ്വഹിച്ചത്. നാലുപേരടങ്ങിയ ആദ്യത്തെ ബാച്ചിൽ ഒരാളാകാനുള്ള ഭാഗ്യവും എനിക്കു ലഭിച്ചു. അറബി ഭാഷ അറബി മാദ്ധ്യമത്തിൽ തന്നെ പഠിപ്പിക്കുകയെന്ന വിപ്ലവകരമായ പരിഷ്കാരവും ഫാറൂഖ് കോളേജിന്റെ തുടക്കമായിരുന്നു.



ഐ. കുഞ്ഞബ്ദുല്ല


# നമുക്കുമാത്രമായ് ഒരു പദാവലി

**1957** ജൂണിൽ പ്രീഡിഗ്രിക്കു ചേരാനാണ് വടകരയിൽ നിന്ന് ഞാൻ ഫാറൂഖ് കോളേജിലെത്തിയത്. ഇന്നത്തെപ്പോലെ കൈ പൊക്കിമുദ്രാവാക്യം മുഴക്കുന്ന 'പർപെൻറിക്കുലർ' കോളേജുകളും, സമരമില്ലാത്ത 'പാരലൽ' കോളേജുകളും അന്ന് എന്റെ വീടിന്റെ പരിസരത്തെങ്ങുമുണ്ടായിരുന്നില്ല. അടിവാരത്ത് ബസ്സിറങ്ങി പപ്പൻകുന്ന് (പ്രൊഫ. പത്മനാഭൻ നായർ അതിനടുത്ത് താമസിച്ചിരുന്നത് കൊണ്ടാണ് അങ്ങിനെ അറിയപ്പെട്ടത്.) കയറി കോളേജിലെത്തി. ഫാറൂഖ് ഹോസ്റ്റലിലെ നാഷണൽ ബ്ലോക്കിലാണ് ഞാൻ താമസം തുടങ്ങിയത്. 'K.H.K.', 'NATIONAL' എന്നിങ്ങനെ രണ്ടു ബ്ലോക്കുകളാണ് ഫാറൂഖ് ഹോസ്റ്റലിനുണ്ടായിരുന്നത്. ഹോസ്റ്റൽ കിട്ടാത്തവർക്ക് അന്നാകെയുള്ള ഹോപ്പ് "ഗുഡ് ഹോപ്പാ"യിരുന്നു. പ്രൊഫ. ടി. അബ്ദുല്ല സാഹിബ് ഹോസ്റ്റൽ വാർഡനും അയമു ക്ലാർക്കുമായിരുന്നു. ദിവസത്തിൽ 10 ണ (62 പ) വീതം ചിലവുവന്നു. മാസത്തിൽ 22 ക.യിൽ കവിഞ്ഞ 'മെസ്സ് ഡ്യൂസ്' ഉണ്ടായിട്ടില്ല. ന്യൂ ഹോസ്റ്റലും ഏതാണ്ട് അതേ നിലയിൽ നടന്നുവന്നു. മെയിൻ (ആസാദ്) ഹോസ്റ്റലിലും നോർത്ത് ഈസ്റ്റ് ഹോസ്റ്റലിലും മാസത്തിൽ 30 ക.യോളം ഡ്യൂസ് വന്നു. മെയിൻ ഹോസ്റ്റലിലുണ്ടായിരുന്ന ബാറ്ററിയിൽ പ്രവർത്തിക്കുന്ന റേഡിയോ പാട്ടു കേൾക്കാൻ വൈകുന്നേരം അവിടത്തെ ബദാം വൃക്ഷത്തിന്റെ തണലിൽ ഞങ്ങൾ കൂടിയിരിക്കുമായിരുന്നു. ബുധനാഴ്ച തോറുമുള്ള 'ബിനാക്കാ' പരിപാടി ആസ്വദിക്കാൻ നല്ല തിരക്കായിരുന്നു. ഹോസ്റ്റലിലെ ഭക്ഷണം പോരെന്ന് തോന്നിയാൽ അത്താമുക്കയുടേയൊ ഹൈദ്രോസ് ഹാജിയുടെയോ കടയിൽ ചെന്ന് 2 ണ (12 പ)ക്ക് 'സാമി' (beef)യും പൂളയും അടിക്കും. വേണ്ടി വന്നാൽ കുട്ടപ്പന്റെ കടയിൽനിന്ന് ഒരു കട്ടൻ ചായയും അകത്താക്കിയാൽ ഭക്ഷ്യപ്രശ്നം തീർന്നു.

സംഭാഷണങ്ങളിൽ കോളേജിന്റേതു മാത്രമായ ചില പദങ്ങളും അർത്ഥങ്ങളുമുണ്ടായിരുന്നു. കക്കൂസിന് 'ലണ്ടൻ' എന്നും കൈ മണിയടിക്കുന്നതിന് 'ഡിംഗ്' (ഇന്നത്തെ 'സോപ്പ്') എന്നുമാണ് പറഞ്ഞിരുന്നത്. കുളിക്കാതെ തലമാത്രം കഴുകുന്നതിന് 'ഫ്രഞ്ച് അടിക്കുക' എന്നും പ്രചാരത്തിലുണ്ടായിരുന്നു. മാംസം കഴിക്കാത്ത ഒരധ്യാപകനെ സഹപ്രവർത്തകർ 'സാമി' എന്നു വിളിച്ചതാകണം മാട്ടിറച്ചിക്ക് സാമി എന്നു പേരു വരാൻ കാരണം.

ഈയിടെ നിര്യാതനായ ടി.പി. മുഹമ്മദ് അക്കാലത്തെ കോളേജ് ഡോക്ടറായിരുന്നു. ആഴ്ചയിൽ രണ്ടു പ്രാവശ്യം അദ്ദേഹം ഹോസ്റ്റലുകൾ സന്ദർശിച്ചിരുന്നു. സീനിയർമാരെ ജൂനിയർമാർ 'മാഷ്' എന്ന് വിളിച്ച് ബഹുമാനിച്ചിരുന്നു.

പുകവലി അന്നൊരു ഫാഷനായിരുന്നു. പ്രൊഫ. എം. മുഹമ്മദ് (അറബിക്) ധാരാളം പുക വലിച്ചിരുന്ന കൂട്ടത്തിലായിരിന്നു. പിന്നീട് പുകവലിശീലം മാറ്റാൻ കഴിയുമെന്ന് അദ്ദേഹം തെളിയിച്ചു. 5 ണക്ക് ഒരു പാക്കറ്റ് സിസ്സേഴ്സ് വാങ്ങാൻ 3 ക. ടാക്സിക്ക് കൊടുത്ത് ഫറോക്കിൽ പോയ പ്രൊഫ. ടി.ഒ. പരീദ് പിള്ള പുകവലി നിർത്തിയത് ഞാനുൾപ്പെടെ പലരും മാതൃകയാക്കി. ധാരാളം ബീഡി വലിച്ചിരുന്ന പ്രൊഫ. എൻ.വി. ബീരാൻ സാഹിബും പിൽക്കാലത്ത് ശീലം മാറ്റിയിരുന്നു. യൂണിയൻ തെരഞ്ഞെടുപ്പ് വേളയിൽ പെട്രോമാക്സും തീപ്പന്തവുമായി പ്രകടനം നടത്തിയതും ജ. എൻ. മൊയ്തീൻ (അലീഗർ) ഹംസത്ത് (ലക്ഷദ്വീപ്) എം.എ. കുഞ്ഞിബാവ (താന്നൂർ) എന്നിവരുടെ പ്രസംഗങ്ങളും കറുത്ത ഗൗണുമണിഞ്ഞു എം. മൊയ്തീൻകുട്ടി (അറബ് ന്യൂസ്) അഡ്വ. അസീസ് നഹ തുടങ്ങിയവർ സ്പീക്കർ സ്ഥാനത്തിരുന്ന് വിലസിയതും ഓർക്കാൻ രസമുണ്ട്.



കായികരംഗത്ത് ശ്രദ്ധേയരായ അഡ്വ. കെ. വാസുദേവൻ (വടകര) ഉമ്മർ കുഞ്ഞി (പഴയങ്ങാടി) സി.പി. അബൂബക്കർ (പരപ്പനങ്ങാടി) അബൂബക്കർ ഹാജി (നിലമ്പൂർ) തുടങ്ങിയ കളിക്കാരെ മറക്കാനാവില്ല. പി. അലവിക്കുട്ടി (എടവണ്ണ) യൂണിവേഴ്സിറ്റിയിലെ മികച്ച ഓട്ടക്കാരനായിരുന്നു. ബി.എം. ബഷീറി(കടലൂർ)ൻെറ മോണോ ആക്ടും അദ്രുമാൻ കുട്ടിയുടെ കഥാപ്രസംഗവും സി.കെ. കുഞ്ഞമ്മദിൻെറ നാടകവും ഓർക്കുമ്പോൾ ചിരിവരുന്നു. മിക്ക അധ്യാപകരും ഓവർക്കോട്ട് ധരിച്ചിരുന്നതിനാൽ അവരെ തിരിച്ചറിയാൻ എളുപ്പമായിരുന്നു. തുണിയുടുത്ത് ഓവർകോട്ടും തൊപ്പിയും ധരിച്ചു നടക്കുന്ന പ്രൊഫ. പരശുരാമയ്യരെ ആരും മറക്കാനിടയില്ല. പ്രൊഫ. എം. എ. ശുക്കൂർ സാഹിബും എൻ.കെ.എൻ. മേനോനും ജുബ്ബയാണ് ധരിച്ചിരുന്നത്. കറുത്ത ഫുൾസ്യൂട്ടുമണിഞ്ഞു ക്ലാസ്സെടുക്കുന്ന വി. മുഹമ്മദ് സാഹിബിനെയും നൂർ മുഹമ്മദ് സാഹിബിനെയും കാണാൻ ഒരു ചന്തം തന്നെയായിരുന്നു. വിദ്യാർത്ഥികൾ അധികവും പാൻറും ടൈയും ഉപയോഗിച്ചു. ദോശക്ക് ചട്നി എന്നപോലെ പാൻറിന് ഷൂ അന്നൊരു 'മസ്റ്റാ'യിരുന്നു. ഒരിക്കൽ എല്ലാവരും ടൈ കെട്ടിയ ഒരു ഗ്രൂപ്പ് ഫോട്ടോ കണ്ട ഒരു രസികൻ, 'കത്തി മൂർച്ച കൂട്ടുന്ന. തോൽപ്പട്ട എന്തിനാണ് കഴുത്തിൽ കെട്ടിയത്?' എന്നു ചോദിക്കുന്നതു കേട്ടിട്ടുണ്ട്.

ടി. അബ്ദുല്ല സാഹിബും വി. മുഹമ്മദ് സാഹിബും റിട്ടയർ ചെയ്തിട്ടും ജോഡി പിരിയാതെ q വും u യും പോലെ കോളേജിനടുത്ത് തന്നെ താമസിക്കുന്നു. ഒരു വൃക്ഷത്തിൻെറ വേരുകൾക്ക് സമാനമാണ് ഒരു കോളേജിൻെറ അനധ്യാപകവിഭാഗം. വെക്കേഷൻ പോലുമില്ലാതെ പ്രവർത്തിക്കുന്ന അവരെ അധികമാരും ശ്രദ്ധക്കാറില്ല. എന്നാലും സീനിയർ സൂപ്രണ്ടായി റിട്ടയർ ചെയ്ത ഹാജി പി. മമദ് സാഹിബിനെ പലരും ഓർക്കാനിടയുണ്ട്. ഡീസൽ വണ്ടിയെ തീവണ്ടി എന്നു വിളിക്കുന്നതുപോലെ അദ്ദേഹത്തെ ഇപ്പോഴും 'കേഷ്യർ' എന്നു വിളിക്കുന്നവരുണ്ട്.

1961-ൽ ഫാറൂഖ് ട്രെയിനിംഗ് കോളേജ് നിലവിൽ വന്നപ്പോൾ മൗലവി സാഹിബിൻെറ നിർദ്ദേശപ്രകാരം ഞാൻ അവിടെ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. എൻെറ ശമ്പം 72 ക. ആയിരുന്നു. (സർക്കാർ ശമ്പളത്തെക്കാൾ 5 ക. കൂടുതൽ) കുടുംബത്തിൻെറ സാമ്പത്തിക നില പരിഗണിച്ച് ഫാറൂഖ് കോളേജിൻെറ വിവിധ ഹോസ്റ്റലുകളില 11 വർഷക്കാലം പാർട്ട് ടൈം ക്ലാർക്കിൻെറ ജോലിയും എനിക്ക് ലഭിച്ചു. 'കെത്തല്ല' എന്നു പറയുന്ന തിരുവിതാംകൂർകാരനും 'എന്തൂട്ടാ കാട്ട്ണു' എന്നു ചോദിക്കുന്ന തൃശൂർ കാരനും 'എന്തർത്താ മനിയാ കാട്ട്ണ്' എന്ന് ചോദിക്കുന്ന മലപ്പുറംകാരനും 'പോയിക്കില്ല, ബന്നിക്കില്ല' എന്നു പറയുന്ന വടക്കൻ ഞാനും അലിഞ്ഞുചേർന്നതാണ് ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട അനുഭവം. 1963-ൽ ഇസ്മായിൽ എന്ന വിദ്യാർത്ഥി മിന്നലേറ്റ് മരിച്ചതോടെ ഫാറൂഖ് ഹോസ്റ്റൽ ഒഴിവായി. (അതിൻെറ പടിഞ്ഞാറെ അറ്റത്തുള്ള കെട്ടിടത്തിലാണ് മാ.റ്റ തിരുത്തലോടെ പ്രൊഫ. മുഹമ്മദ് ഹസ്സൻെറ ഇന്നത്തെ 'അഭയം'.) അഴിഞ്ഞിലത്ത് നിന്ന് പരുത്തിപ്പാറക്കുള്ള റോഡ് അന്ന് പച്ചക്കറി ഹോസ്റ്റലിൻെറ മദ്ധ്യത്തിൽക്കൂടിയായിരുന്നു. കരുവൻകാവിലേക്കുള്ള ആനയെഴുന്നള്ളിപ്പും ഘോഷയാത്രയും അതുവഴിയാണ് കടന്നുപോയിരുന്നത്.

ബാലൻ, ബേബി, പൈതൽ തുടങ്ങിയ പേരുകൾ ഷഷ്ഠിപൂർത്തി കഴിഞ്ഞാലും മാറ്റാത്തതുപോലെ, 'ന്യൂ' ഹോസ്റ്റലിൻെറ പേരും വളരെക്കാലം നിലനിന്നു. പിന്നീടു മെയിൻ ഹോസ്റ്റൽ പേരു മാറി 'ആസാദ്' ആയപ്പോൾ ന്യൂ ഹോസ്റ്റൽ ഇക്ബാൽ എന്ന പേരു സ്വീകരിച്ച് യവനികയ്ക്കു പിന്നിലേക്കു മാറി. ജലീൽ സാഹിബിൻെറ സ്ഥിരോത്സാഹംകൊണ്ട് വളരെപ്പെട്ടെന്നാണ് ഏതാനും ഹോസ്റ്റലുകളും കെട്ടിടങ്ങളും നിർമ്മിക്കപ്പെട്ടതും റോഡ് മെക്കാമഡൈസ് ചെയ്യപ്പെട്ടതും. 1971 മുതൽ കെട്ടിടനിർമ്മാണത്തിനു മാത്രം ഐ. അബ്ദുറഹ്മാൻ (മർഹൂം) എന്ന സിവിൽ എഞ്ചിനീയറെ ഇവിടെ നിയമിച്ചിരുന്നു. വനിതകൾക്കു വേണ്ടി നിർമ്മിച്ച ഹോസ്റ്റലിൽ പ്രൊഫ. അന്നമ്മ അലക്സാണ്ടറായിരുന്നു ആദ്യത്തെ വാർഡൻ.

രാത്രി സമയത്ത് പാനീസ് വിളക്കുമായി കാമ്പസ്സിൽ ചുറ്റി നടക്കുകയും ഏതാനും മണിക്കൂർ ഇടവിട്ട് ബെല്ലടിക്കുകയും ചെയ്തിരുന്ന ഗൂർഖാ പാറാവുകാരൻ മനസ്സിൽ തെളിഞ്ഞു നില്ക്കുന്നു. (ഇന്ന് നാലുപാടും മതിലുകളുണ്ടായിട്ടും 'ബ്രാ'യും 'ടൈ'യും കെട്ടിയ തള്ളയാട് മുമ്പിലും മക്കളും ചെറുമക്കളുമായി ഒരു പറ്റം പിന്നിലുമായി, ഒരു ബോട്ടണി ഗവേഷകൻെറ ഗമയോടെ തോട്ടത്തിനുള്ളിലും മറ്റും സഞ്ചരിക്കുന്നതു കാണുമ്പോൾ ഗൂർഖയുടെ ജാഗ്രതയോർത്ത് അത്ഭുതപ്പെടാറുണ്ട്.)

അസംബ്ലി ഹാളിൽ (ഇന്നത്തെ ജനറൽ ലൈബ്രറി) വെച്ച് അന്നത്തെ അറബിക് കോളേജ് അദ്ധ്യാപകരായിരുന്ന മർഹൂം കെ.കെ. ജമാലുദ്ദീൻ മൗലവിയും ജ: സി.പി. അബൂബക്കർ മൗലവിയും കാലത്ത് നടത്തിയിരുന്ന മത പഠനക്ലാസുകൾ അനുഗ്രഹണം തന്നെയായിരുന്നു. പുഴവക്കത്ത് മൂന്ന് വലിയ കിണറുകൾ കുഴിച്ചതോടെയാണ് കുടിനീർ ക്ഷാമത്തിന് അറുതി വന്നത്. പക്ഷെ ഒരു യൂക്കാലി മരം ഒരു ദിവസം 500 ലിറ്റർ വെള്ളം വലിച്ചെടുക്കുമെന്ന് 'മണ്ട'യുള്ളവർ പറയുമ്പോൾ ഇവിടെ തഴച്ച് വളരുന്ന യൂക്കാലി മരങ്ങൾ കണ്ട് എൻെറ തൊണ്ട വരണ്ട് പോകുന്നു.

**കെ.സി. ഹസ്സൻകുട്ടി**

## സേവനത്തിൽ സംതൃപ്തി

ഫാറൂഖ് കോളേജാണ് എൻെറ വിവാഹത്തിന് വഴിയൊരുക്കിയതെന്ന് പറഞ്ഞാൽ തെറ്റില്ല. എൻെറ പിതാവ് കെ. അവറാൻകുട്ടി ഹാജി ചാവക്കാട്ടെ രാജാ അബ്ദുൽ ഖാദർ ഹാജിയുമായി ബന്ധപ്പെട്ടത് അബ്ദുസ്സബാഹ് മൗലവി മുഖേനയാണ്. മൗലവി സാഹിബ് എന്നെ സ്വന്തം മകനെപ്പോലെയാണ് കണക്കാക്കിയിരുന്നത്. അദ്ദേഹത്തിൻെറ ആശീർവാദത്തോടെയാണ് 1953-ൽ രാജാ അബ്ദുൽ ഖാദർ ഹാജിയുടെ പുത്രിയെ ഞാൻ വിവാഹംകഴിച്ചത്.

ഫാറൂഖ് ട്രെയിനിംഗ് കോളേജ് കമ്മറ്റി അംഗമായതോടെയാണ് ഞാൻ കോളേജ് കാര്യങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടുതുടങ്ങിയത്. പി.പി. ഹസ്സൻകോയയാണ് അന്ന് ട്രെയിനിംഗ് കോളേജ് കമ്മറ്റി സിക്രട്ടറി. തുടർന്ന് റൗസത്തുൽ ഉലൂം അസോസിയേഷനിലും ഞാൻ അംഗമായി. പിതാവ് ജീവിച്ചിരിക്കുമ്പോൾ തന്നെ ഞാൻ ട്രെയിനിംഗ് കോളേജിൻെറ സിക്രട്ടറി പദവും വഹിച്ചിരുന്നു. 1974 ജനുവരി 9-നാണ് എൻെറ പിതാവ് ദിവംഗതനായത്. തുടർന്ന് മാർച്ച് ആറിന് ഞാൻ ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റിയിൽ അംഗമായി. പിന്നീട് 1979 മെയ് 29-ന് ജോയിൻറ് സിക്രട്ടറിയായി. അന്ന് ജിഫ്രി സാഹിബാണ്സിക്രട്ടറി. അധികം താമസിയാതെ കോളേജ് കമ്മറ്റി സിക്രട്ടറിയായും ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. മൗലവി സാഹിബിൻെറ മരണത്തെത്തുടർന്ന് ഞാൻ അറബിക് കോളേജ് കമ്മറ്റിയുടെ പ്രസിഡൻറായി. എൽ.പി. സ്കൂളിൻെറയും ഹൈസ്കൂളിൻെറയും മാനേജരും ഞാൻതന്നെയാണ്.

മുഴുവൻ സമയവും കോളേജിന് വേണ്ടിയാണ് ഞാൻ വിനിയോഗിക്കുന്നത്. പലതും ചെയ്യണമെന്നുണ്ട്. കുറെയൊക്കെ ചെയ്യാൻ കഴിഞ്ഞ സംതൃപ്തിയുമുണ്ട്. 40-ാം വാർഷികത്തോടനുബന്ധിച്ച് 50 ലക്ഷം രൂപയുടെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇവ ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് പരിപാടി. ലേഡീസ് ഹോസ്റ്റലിൻെറ വികസന പ്രവർത്തനങ്ങൾ തകൃതിയായി നടക്കുന്നുണ്ട്. ന്യൂ ബ്ലോക്കിൻെറ മൂന്നാം നില പൂർത്തിയായി വരുന്നു. പുതിയൊരു ലൈബ്രറി കെട്ടിടത്തിൻെറ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സയൻസ് ബ്ലോക്കിൻെറ മൂന്നാം നിലയും സ്റ്റേഡിയവും പരിപാടിയിലുണ്ട്. പെൺകുട്ടികൾക്കായി ഒരു ഹോംസയൻസ് കോളേജിനുവേണ്ടി ശ്രമങ്ങളാരംഭിച്ചു കഴിഞ്ഞു. ലൈബ്രറി സയൻസ് കോഴ്സ് യൂണിവേഴ്സിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. മുനമ്പം എസ്റ്റേറ്റ് സംബന്ധമായ 1949 മുതൽ നിലനില്ക്കുന്ന കേസ് കോളേജിനു വളരെയേറെ ക്ലേശങ്ങളുണ്ടാക്കിയിരുന്നു. ആ പ്രശ്നം പരിഹരിക്കാൻ സാധിച്ചത് വലിയൊരു നേട്ടമായി ഞാൻ കരുതുന്നു.

കോളേജിൻെറ നടത്തിപ്പിന് ആദ്യകാലത്തേതുപോലുള്ള പ്രയാസങ്ങളൊന്നും അനുഭവപ്പെടുന്നില്ല. അധ്യാപകർക്ക് ശമ്പളം കൊടുക്കേണ്ട ബാധ്യത സർക്കാർ ഏറ്റെടുത്തതോടെ കോളേജിൻെറ വികസന പ്രവർത്തനങ്ങളും എളുപ്പമായി. പിരിവുനടത്തിയാണ് വികസനപ്രവർത്തനങ്ങൾക്കാവശ്യമായ പണം കണ്ടെത്തുന്നത്. പണ്ടത്തെ അപേക്ഷിച്ച് പിരിവിൻെറ കാര്യത്തിൽ ചില വിഷമങ്ങൾ ഇല്ലാതില്ല, പണ്ട് നൂറു രൂപ വലിയ സംഭാവനയായിരുന്നെങ്കിൽ ഇന്ന് ഒരു ലക്ഷം പോലും ചോദിക്കാൻ നമുക്കുമടി തോന്നില്ല. പക്ഷേ, കോളേജിനുവേണ്ടി പിരിവിനു പോകുന്ന ഞങ്ങളെപ്പോലുള്ള വ്യക്തികളെ ഇത് സാരമായി ബാധിക്കുമെന്നത് ഒരു മറുവശമാണ്.

ഒരിക്കൽ ഞങ്ങൾ അഞ്ച് പേർ ചേർന്ന് ഒരിടത്ത് പിരിവിന് പോയി. ആയിരം രൂപയുടെ അഞ്ച് കൂപ്പണുകൾ വിറ്റ് അയ്യായിരം രൂപ കിട്ടി. മൂന്ന് ദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾ അഞ്ചുപേർക്കും ഫോൺ. അതുപോലൊരു പിരിവുണ്ട്. ഓരോരുത്തരും ആയിരം രൂപാ വീതം കൊടുക്കണം. കൊടുക്കാതിരിക്കാൻ പറ്റുമോ?


കെ.വി. കുഞ്ഞമ്മദ് കോയ

## തലമുറകളുടെ സംഗമം

**ചെ**റുപ്പം മുതലേ ഫാറൂഖ് കോളേജിനെപ്പറ്റി കേൾക്കാറുണ്ട്. എൻെറ പിതാവും അമ്മാവനും എളാപ്പായുമൊക്കെ കോളേജ് കമ്മറ്റിയിൽ പ്രധാനപ്പെട്ട സ്ഥാനങ്ങൾ വഹിച്ചിരുന്നു. ഞാൻ ഗുരുവായൂരപ്പൻ കോളേജിൽ പഠിക്കുമ്പോൾ ഒരു വോളിബോൾ മാച്ചിനാണ് ആദ്യമായി ഫാറൂഖ് കോളേജിൽ വരുന്നത്. ട്രെയിനിംഗ് കോളേജ് കമ്മറ്റി മെമ്പറായി നോമിനേറ്റു ചെയ്യപ്പെട്ടതോടെയാണ് കോളേജുമായുള്ള എൻെറ ഔദ്യോഗിക ബന്ധം ആരംഭിക്കുന്നത്. പരേതനായ സി.പി. കുഞ്ഞമ്മദു സാഹിബാണ് സാമൂഹ്യ പ്രവർത്തനങ്ങൾക്ക് എന്നെ നിരന്തരം പ്രേരിപ്പിച്ചത്. അദ്ദേഹത്തിൻെറ മരണശേഷം ഞാൻ ഫാറൂഖ് കോളേജ് കമ്മറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. ജ. അവറാൻകുട്ടി ഹാജി, ബിച്ചിക്കോയ ഹാജി തുടങ്ങിയ കാരണവന്മാരുള്ളപ്പോഴും ഞാൻ കമ്മറ്റിയിലുണ്ടായിരുന്നു. പക്ഷേ ചെറുപ്പക്കാരുടെ അഭിപ്രായങ്ങൾക്ക് അർഹമായ വില കല്പിക്കാൻ ആ പഴയ തലമുറയ്ക്ക് യാതൊരു വമ്മിഷ്ടവുമില്ലായിരുന്നു. കമ്മറ്റിയിൽ പലപ്പോഴും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവാറുണ്ട്. പക്ഷെ ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ എല്ലാവരും ഒറ്റക്കെട്ടായി അത് നടപ്പാക്കാൻ മുന്നിട്ടിറങ്ങും. ഫാറൂഖ് കോളേജിൻെറ വിജയ രഹസ്യവും അതാണെന്നാണ് എൻെറ വിശ്വാസം.

സി.പി. കുഞ്ഞമ്മദ് സാഹിബ്, ബിച്ചിക്കോയ ഹാജി തുടങ്ങിയ കാരണവന്മാരോടൊപ്പം പിരിവിനുപോയ അനുഭവങ്ങൾ അനവധിയാണ്. 250-500 രൂപ വലിയ സംഖ്യയാണെന്ന ധാരണയിലാണ് ബിച്ചിക്കോയ ഹാജി സംഭാവന ചോദിച്ചത്. ഒന്നുരണ്ടു പ്രാവശ്യം ഈ അനുഭവമുണ്ടായപ്പോൾ ഞാനും ഹസ്സൻകുട്ടിയുമൊക്കെ ഒരു നിർദ്ദേശം വെച്ചു. 'ഇനി മുതൽ ബിച്ചിക്കോയ ഹാജി കോളേജിൻെറ കാര്യങ്ങൾ അവതരിപ്പിക്കുക. സംഖ്യ ഞങ്ങൾ ചെറുപ്പക്കാരാരെങ്കിലും ചോദിച്ചോളാം' പിന്നീട് ഞങ്ങൾ 5000-വും 10000-വുമൊക്കെ ചോദിക്കുമ്പോൾ ബിച്ചിക്കോയ ഹാജിക്ക് ഉൾക്കൊള്ളാൻ കഴിയാറില്ല. തലമുറകൾ തമ്മിലുള്ള അന്തരമാണ് ഞാൻ സൂചിപ്പിക്കുന്നത്.

എം.ഇ.എസിൻെറയും എം.എസ്.എസിൻെറയും പിരിവിനു പോകുമ്പോൾ പലപ്പോഴും എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. പക്ഷേ, ഫാറൂഖ് കോളേജിൻെറ ആവശ്യാർത്ഥം ജനങ്ങളെ സമീപിക്കുമ്പോൾ വളരെയേറെ സന്തോഷത്തോടെ ഞങ്ങളെ സ്വീകരിക്കുകയും കൈയയച്ച് സംഭാവന പെയ്യുകയും ചെയ്യാറുണ്ട്. കോളേജിൻെറ ഈ ജനപ്രതീതി വലിയൊരു കാര്യമായിട്ടാണ് ഞാൻ കാണുന്നത്. എന്നാൽ കോളേജിൽ സീറ്റു കൊടുക്കാൻ സാധിക്കാത്തതിൻെറ പേരിൽ പലരും എന്നോട് പിണങ്ങിയിട്ടുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ ഒന്നോ രണ്ടോ കുട്ടി



കൾക്കു മാത്രമേ മാനേജ്മെൻറ് ക്വാട്ടയിൽ സീറ്റു കൊടുക്കാൻ എനിക്കു സാധിക്കുകയുള്ളൂ. പണ്ടാണെങ്കിൽ കോളേജിന് വിദ്യാർത്ഥികളെ കിട്ടാൻ തേടിനടന്ന കാലമായതുകൊണ്ട് ആർക്കും സീറ്റുകൊടുക്കാൻ കഴിയുമായിരുന്നു. പക്ഷേ തൻെറ കുട്ടിക്ക് സീറ്റു കിട്ടാത്തിൻെറ പേരിൽ എന്നോട് പിണങ്ങുന്ന സുഹൃത്തിനോട് കാലത്തിൻെറ മാറ്റവും കോളേജിൻെറ വളർച്ചയും എൻെറ നിസ്സഹായതയും ബോധിപ്പിച്ചിട്ടും കാര്യമുണ്ടാകാറില്ല.

കഴിഞ്ഞ 5-10 വർഷത്തിനകമുണ്ടായ കോളേജിൻെറ മുന്നേറ്റത്തിൽ എനിക്ക് വളരെ സന്തോഷമുണ്ട്. പത്തിലേറെ ബിരുദാനന്തര ബിരുദ കോഴ്സുകളുള്ള മലബാറിലെ ഏക കോളേജാണ് നമ്മുടെത്. ബി.എസ്.സി. (ഹോം സയൻസ്) കോഴ്സിനുവേണ്ടി ഞങ്ങൾ ശ്രമം തുടങ്ങിയിട്ടുണ്ട്. പെൺകുട്ടികളുടെ വിദ്യാഭ്യാസരംഗത്ത് വലിയൊരു കാൽവെപ്പായിരിക്കും അത്. ഐ.എ.എസ്.—ഐ.പി.എസ്. പ്രവേശന പരീക്ഷകൾക്കുള്ള ഒരു പരിശീലനകേന്ദ്രം ഞങ്ങളുടെ മനസ്സിലുണ്ടായിരുന്നു. യു.ജി.സി.യുടെ ആഭിമുഖ്യത്തിൽ 40-ാം വാർഷികത്തോടനുബന്ധിച്ച് അതും ആരംഭിക്കുകയാണ്.

പ്രൊഫ. യു. മുഹമ്മദ്


## വിദ്യാർത്ഥി: അധ്യാപകൻ: പ്രിൻസിപ്പൽ

ഗവ: ബ്രണ്ണൻ കോളേജിൽനിന്ന് ഇൻറർമീഡിയറ്റ് കഴിഞ്ഞ് 1951-ൽ ബി.എ. മാത്തമാറ്റിക്സിന് വിദ്യാർത്ഥിയായി ഞാൻ ഫാറൂഖ് കോളേജിൽ ചേർന്നു. 1953-ൽ ഞാൻ ഡിഗ്രി കഴിഞ്ഞ് ഞാൻ പുറത്ത് പോയി. ബി.ടി. കഴിഞ്ഞ് കുറച്ചുകാലം സ്കൂൾ അധ്യാപകനായും പിന്നെ ഗവൺമെൻറ് ഉദ്യോഗസ്ഥനായും ജോലി ചെയ്തു. ഒരു നീണ്ട ഇടവേളയ്ക്കു ശേഷം 1966-ൽ ഇംഗ്ലീഷ് വകുപ്പിൽ ലക്ചറായി ചേർന്നു. 1953-ൽ പ്രൊഫ. വി. മുഹമ്മദ് സാഹിബ് വിരമിച്ചപ്പോൾ എന്നോട് പ്രിൻസിപ്പലാകാൻ മാനേജ്മെൻറ് ആവശ്യപ്പെട്ടു. വിജയപ്രതീക്ഷകളില്ലായിരുന്നുവെങ്കിലും ആ ഭാരിച്ച ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തു.

കോളേജിന് അധ്യാപകരോടും രക്ഷിതാക്കളോടും പൂർവ്വ വിദ്യാർത്ഥികളോടുമുള്ള ബന്ധം പരമാവധി വിപുലീകരിക്കാനാണ് ഞാൻ ആദ്യമായി ശ്രമിച്ചത്. പുതിയ കോഴ്സുകൾക്ക് വേണ്ടിയും പരിശ്രമിച്ചു. എം.എ. എക്കണോമിക്സ് അനുവദിച്ചുകിട്ടി. പി.ജി. ഹോസ്റ്റലിൻെറ രണ്ടാം നിലയും സയൻസ് ബ്ലോക്കിൻെറ രണ്ടാം നിലയും നിർമ്മിച്ചത് ഞാൻ പ്രിൻസിപ്പലായിരിക്കുമ്പോഴാണ്. നമ്മുടെ 'കോളേജ് ഡേ' വളരെക്കാ. യി രാത്രിയിലാണ് നടന്നുവന്നത്. അതുമൂലം ചില പ്രശ്നങ്ങൾ ഉണ്ടായപ്പോൾ പകലാക്കുന്നതാണ് നല്ലതെന്ന് എനിക്കു തോന്നി. ചെറിയ എതിർപ്പുകളൊക്കെയുണ്ടായിരുന്നെങ്കിലും അധ്യാപകരും വിദ്യാർത്ഥികളും പൂർണ്ണമായും സഹകരിച്ചതുകൊണ്ട് അങ്ങനെയൊരു മാറ്റം വരുത്താൻ സാധിച്ചു.

അധ്യാപകർക്കു ശമ്പളം സർക്കാർ കൊടുക്കാൻ തുടങ്ങിയതോടെ വലിയൊരു ബാധ്യത ഒഴിവായെങ്കിലും ഇത്തരമൊരു കോളേജ് നടത്തിക്കൊണ്ടുപോവുക എളുപ്പമല്ല. പക്ഷേ നമ്മുടെ മാനേജ്മെൻറ് ആ വലിയ ഭാരം മുഴുവനായി പേറുന്നതുകൊണ്ട് ഇവിടത്തെ ഒരു ശരാശരി അധ്യാപകൻ അതിൻെറ കഷ്ടപ്പാട് അറിയുന്നില്ല. ഉദാഹരണത്തിന് നമുക്ക് മെയിൻറനൻസ് ഗ്രാൻറ് കിട്ടിയിട്ട് 10 കൊല്ലത്തിലധികമായി. എന്നിട്ടുംകോളേജ് മുന്തിയ നിലയിൽ തന്നെ നടന്നു പോകുന്നു.

അബുസ്സബാഹ് മൗലവിയുടെ സ്വപ്നം വലുതായിരുന്നേക്കാം. പക്ഷേ, ഞാൻ പഠിക്കുന്ന കാലത്തെ അപേക്ഷിച്ച് ഇന്ന് മലബാറിൽ മുസ്ലിം വിദ്യാർത്ഥികളുടെ — വിശേഷിച്ച് വിദ്യാർത്ഥിനികളുടെ — എണ്ണത്തിലുണ്ടായ അത്ഭുതാവഹമായ വർദ്ധനവ് മൗലവി സാഹിബിൻെറ സ്വപ്നത്തിലേക്കുള്ള മുന്നേറ്റം തന്നെയാണെന്ന് ഞാൻ കരുതുന്നു.



പ്രൊഫ: പി. അബ്ദുറഹമാൻ

## അളവെടുപ്പും വിളവെടുപ്പും

**1955**അവസാനത്തിലാണെന്നാണ് എൻെറ ഓർമ്മ. ഞാൻ അന്ന് മഞ്ചേരി പൊതുമരാമത്ത് വകുപ്പ് ഓഫീസിൽ ജോലി ചെയ്യുന്നു. ഒരു ദിവസം ഫയലുകളിൽ നിന്ന് തലയുയർത്തി. പുറത്തേക്ക് നോക്കുമ്പോൾ അസാധാരണമായ വേഷം ധരിച്ച ഒരാൾ കോലായിൽ നിൽക്കുന്നു. ഒരു ഊഹം വച്ച് ഞാൻ അടുത്ത് ചെന്ന് അഭിവാദ്യം ചെയ്തു. എൻെറ ഊഹം ശരിയായിരുന്നു. മൗലവി അബുസ്സബാഹിനെ അന്നാണ് ആദ്യമായി കണ്ടത്.

റൗളത്തുൽ ഉലൂം അറബിക്കോളേജിന് അന്ന് സ്വന്തം കെട്ടിടമുണ്ടായിരുന്നില്ല. ലോക്കൽ ഡവലപ്മെൻറ് പദ്ധതിയിൻ കീഴിൽ ഒരു കെട്ടിടമുണ്ടാക്കാനുള്ള ശ്രമത്തിലായിരുന്നു മൗലവി സാഹിബ്. പക്ഷെ, എൻെറ ഓഫീസിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രതികരണം മൂലമുണ്ടായ നിരാശ അദ്ദേഹത്തിൻെറ മുഖത്ത് നിഴലിച്ചിരുന്നു. എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു ഞാൻ അദ്ദേഹത്തെ യാത്രയാക്കി. തിരിച്ചുവന്ന് എഞ്ചിനീയറുടെ മുമ്പിൽ മൗലവി സാഹിബിനെ നേരാംവണ്ണം അവതരിപ്പിച്ചു. രണ്ട് ദിവസം കഴിഞ്ഞ് അസിസ്റ്റൻറ് എഞ്ചിനീയറുമൊത്ത് ഞാൻ കോളേജിലേക്ക് പുറപ്പെട്ടു. മൗലവി സാഹിബിനെ ക്കണ്ട് , തറമാത്രം പൂർത്തിയായ അറബിക്കോളേജ് കെട്ടിടത്തിൻെറ അളവെടുത്ത് തി

രിച്ചുപോയി, അന്നാദ്യമായി ഈ കാമ്പസിൽ കാലുകുത്തുമ്പോൾ ഒരധ്യാപകനായി ഇവിടെ വരുന്ന രംഗം സ്വപ്നത്തിൽ പോലും കണ്ടിരുന്നില്ല.

12 വർഷങ്ങൾക്കുശേഷം ഇൻറർവ്യൂ നേരിടാൻ വന്നിറങ്ങിയപ്പോൾ കാമ്പസ് ആകെ മാറിയിരിക്കുന്നു. അന്നെൻറ പരീക്ഷാഫലം അറിവായിരുന്നില്ല. ഫലമറിഞ്ഞപ്പോൾ ഒന്നാം ക്ലാസ്സും റാങ്കുമുണ്ടെന്ന വിവരം മഞ്ചേരിയിൽനിന്ന് പ്രിൻസിപ്പലിനെ ഫോണിലൂടെ അറിയിച്ചപ്പോൾ 'നാളെത്തന്നെ ജോലിയിൽ പ്രവേശിക്കുക' എന്ന ഉത്തരവാണ് ലഭിച്ചത്. അധ്യാപനത്തിന് പുറമെ ചില ഉത്തരവാദിത്തങ്ങളും കൂടി അധികം താമസിയാതെ എൻെറ ചുമലിൽ വന്നു. ഹോസ്റ്റൽ വാർഡൻ, പ്ലാനിംഗ് ഫോറം ആൻറ് സോഷ്യൽ സർവ്വീസ്, 'യൂത്ത് എഗൻസ്റ്റ് ഫാമിൻ' കേമ്പ്, വയോജന വിദ്യാഭ്യാസ പരിപാടി, ഗൈഡൻസ് ബ്യൂറോ, സ്റ്റഡി സർക്കിൾ എന്നിവ എൻെറ വ്യക്തിത്വം വളർത്താൻ സഹായകമായി. കോളേജിന് പുറത്ത് കരിങ്കല്ലായി പൗരസമിതിയുടെ കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്.

പ്ലാനിംഗ് ഫോറം അന്ന് പി.ജി. ഹോസ്റ്റൽ വളപ്പിൽ കൃഷി നടത്താറുണ്ടായിരുന്നു. ഒരു വർഷം നടത്തിയ എള്ളുകൃഷിയുടെ വിളവെടുപ്പ് ഉൽഘാടനം ചെയ്തത് കേന്ദ്ര സർക്കാറിൻെറ വിദ്യാഭ്യാസ ഉപദേശകൻ പ്രൊഫ. എൽ.ആർ. ഷാ. ആയിരുന്നു. പ്രസ്തുത പരിപാടിക്ക് അസാധാരണമായ വാർത്താ പ്രാധാന്യമാണ് കിട്ടിയത്. 'യൂത്ത് എഗൻസ്റ്റ് ഫാമിൻ' കേമ്പിനും വാർത്താമാധ്യമങ്ങളിൽ നല്ല പ്രസദ്ധീകരണം ലഭിച്ചു. ബോംബെയിൽ നിന്ന് പുറത്തിറങ്ങുന്ന പത്രങ്ങളിൽ പോലും ഫോട്ടോ സഹിതം വാർത്ത വന്നു. ദേശീയ വയോജന വിദ്യാഭ്യാസ പരിപാടിയിൽ കേരളത്തിലെ ഏറ്റവും മികച്ച കോളേജായി തെരഞ്ഞെടുക്കപ്പെട്ടത് ഫാറൂഖ് കോളേജായിരുന്നു.



ഡോ. എം. ബാവക്കുട്ടി

## വീണത് വിദ്യയാക്കിയ പ്രൊഫസർ

ഫാറൂഖ് കോളേജിൽ നാലുവർഷം (1963—'67) പഠിക്കാനും രണ്ടു വർഷം (1970—'72) ജോലി ചെയ്യാനും സാധിച്ചതിൽ എനിക്ക് അഭിമാനമുണ്ട്.

1963—'64 വർഷത്തെ പ്രീ-യൂനിവേഴ്സിറ്റി P 4ക്ലാസ്സ്. ഉച്ചയ്ക്കു മുൻപ് രണ്ടാമത്തെ പിരിയഡ് പ്രൊഫസർ കുഞ്ഞൻ രാജ ഹൈഡ്രജൻെറ വിശേഷഗുണങ്ങളെക്കുറിച്ച് വളരെ ലളിതമായി പഠിപ്പിക്കുന്നു. വിദ്യാർത്ഥികൾ (വിദ്യാർത്ഥിനികൾ ഞങ്ങളുടെ ക്ലാസിലില്ലായിരുന്നു) അദ്ദേഹത്തിൻെറ അധ്യാപനത്തിൽ ലയിച്ചിരിക്കുന്നു. ക്ലാസ്സെടുക്കുമ്പോഴുള്ള ആവേശത്തിൽ കാലിടറി, അദ്ദേഹം സ്റ്റേജിൽനിന്നും വീണു! നെറ്റിത്തടം മേശയിലിടിച്ചു ചെറിയൊരു മുറിവുണ്ടായി! രക്തം പൊടിഞ്ഞു! കുട്ടികൾ സ്തംഭിച്ചിരിക്കുന്നതിനിടയ്ക്ക് പ്രൊഫസർ ക്ലാസ്സിൽനിന്നും അപ്രത്യക്ഷനായി! അഞ്ചു മിനിട്ടിനകം ഒരു ബീക്കറിൽ കുറച്ച് ദ്രാവകവും അൽപം പരുത്തിയുമായി അദ്ദേഹം തിരിച്ചെത്തി. എന്നിട്ട് യാതൊരു ഭാവഭേദവും കൂടാതെ പറഞ്ഞു. "മുറിവു പറ്റിയാലുടനെ അല്പം പരുത്തി, ഡെറ്റോൾ വെള്ളത്തിൽ മുക്കി, ഇതാ ഇങ്ങിനെ മുറിവ് വൃത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്".

**Prof: N.G. Vaidyanathan,**

## 22 YEARS OF EARNEST SERVICE

*I joined Farook College as lecturer in Physics in June 1953, when our college was just started. My association with the then Principal Prof. Syed Moideen Shah was very cordial and the same continued when Prof. K.A. Jaleel took over. The management and all the colleagues were very co-operative and with our joint efforts, we were able to bring up the institution, and start all degree courses within a span of 5 to 6 years. During succeeding years we were able to produce several rank holders at various levels, thanks to the earnestness shown by the staff members of the department.*

*I have spent the best years of my career serving this institution and have actually seen it grew and give fruits.*

*Another noteworthy point is the exemplary discipline of the students in the college. It is for this reason that there has been heavy rush for admission in our college.*

*I retired 1975 as Head of the Department of Physics with a deep sense of fulfilment which would not have been possible without the co-operation of both the management and my collegues.*




Hameed Chennamangaloor

## HEIR TO THE HERITAGE OF AN ALMA MATER

*From a remote and obscure village of Kozhikkode District I came to Farook College as a Pre-Degree student in June 1964. I came with almost a blank mind and left it after five years with something filled in. I call that something the heritage of my Alma Mater - it was nothing but a secular attitude to life.*

*I can't help remembering the fabulous academic facilities that I enjoyed at Farook. The reading room and library of the college were so rich that any student in pursuit of learning could fruitfuly, rely on them. I used to spend much of the 'free hour' in the reading room, which was then housed in a spacious room in the balcony of the auditorium. The time I spent there of course stood me in good stead in my future intellectual pursuit.*

*My recollections of Farook would remain incomplete if I fail to make a reference to my most sincere techers. Among them there are names I can never forget - Prof. A.P. Abdul Rahman, Prof. K.V. Abdul Rahman, Prof. T. Abdulla, late P.V. Raj Gopal, Prof. U. Mohamed, late Babu Paul, Prof. H.M.A. Shukoor. The list is certainly incomplete. But onething can be stated in unequivecal terms; the basis of the student-teacher relationship during our days at Farook was that of a sublime fraternity. I would include even Prof. Jaleel, the then Principal, but for whom the secular air of the campus would not have remained as deep and fresh as it used to be, in this fraternity.*



റഹീം മേച്ചേരി


## മാതൃകാ ജനാധിപത്യം മാതൃകാ മതേതരത്വം

**1969** മുതൽ 1972 വരെ ബി.എ. വിദ്യാർത്ഥിയായി ഫാറൂഖാബാദിലെ കുന്നിൻപുറത്തു ചിലവിട്ട നിമിഷങ്ങൾ; ഏതാനും ഓർമ്മകൾ ഇന്നും ഹൃത്തടത്തിൻെറ അറകളിൽ അനർഘനിധിപോലെ സൂക്ഷിക്കുന്നു.

കോഴിക്കോട് സർവ്വകലാശാലയ്ക്കു കീഴിൽ ആദ്യമായി 'മോഡൽ അസംബ്ലി' സംഘടിപ്പിച്ചത് ഫാറൂഖ് കോളേജിലാണ്. മുൻ. എം.എൽ.എ.യും 'മാതൃഭൂമി' റസിഡൻറ് എഡിറ്ററുമായിരുന്ന ശ്രീ. എ.പി. ഉദയഭാനു ഉൽഘാടനം ചെയ്ത അസംബ്ലിയുടെ സ്പീക്കർ കാലിക്കറ്റ് യൂ. സിറ്റിയിലെ ലൈബ്രേറിയനായ ശ്രീ ബാവക്കുട്ടിയായിരുന്നു. കേരള ഹൈക്കോടതിയിലെ അഭിഭാഷകനായിരുന്നു. കേരള ഹൈക്കോടതിയിലെ അഭിഭാഷകനായ ഒ.എം. ഇബ്രാഹിം പ്രധാനമന്ത്രിയും, സഊദി അറേബ്യയിലെ ഒരു പ്രമുഖ കമ്പനിയിലെ സെയിൽസ് മാനേജരായ കെ.ഒ. ഷാഹുൽ ഹമീദ് പ്രതിപക്ഷ നേതാവുമായിരുന്നു. കെ.പി.സി.സി. സിക്രട്ടറി എം.ഐ. ഷാനവാസ് അടക്കമുള്ള സഭാംഗങ്ങളിൽ ഈ കുറിപ്പുകാരനും ഉൾപ്പെട്ടിരുന്നു. സഭയിലെ ഭരണ കക്ഷി 'ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടി'യും പ്രതിപക്ഷം 'സോഷ്യൽ റെവലൂഷനറി പാർട്ടി'യുമായിരുന്നു. ആഴ്ചകളോളം ഇരുവിഭാഗവും പ്രത്യേകമായി റിഹേഴ്സൽ നടത്തിയശേഷമാണ് അസംബ്ലി നടന്നത്. മൂന്ന് ദിവസം നീണ്ടുനിന്ന അസംബ്ലി സമ്മേളനത്തിൽ 100 അംഗങ്ങളാണ് പങ്കെടുത്തത്. മൂന്നാളുകൾക്ക് ഒന്ന് എന്ന തോതിൽ മൈക്കുകളുണ്ടായിരുന്നു. വിപുലമായ സജ്ജീകരണങ്ങളോടെ നടത്തപ്പെട്ട അസംബ്ലിക്ക് വാർത്താമാധ്യമങ്ങൾ നല്ല പ്രസിദ്ധീകരണം നൽകി. കേരള നിയമസഭയുടെ മാതൃകയിലാണ് മി. മുഹമ്മദ് അഷ്റഫിൻെറ നേതൃത്വത്തിൽ ഈ അസംബ്ലി സംഘടിപ്പിക്കപ്പെട്ടത്.

അബുസ്സബാഹ് മൗലവിയും സീതിസാഹിബും മറ്റനേകം സമുദായസ്നേഹികളും ചേർന്ന് സ്ഥാപിച്ച ഈ മുസ്ലിം കലാലയത്തിലെ യൂസുഫ് സാഗർ ഹാളിൽ നിന്നുകൊണ്ട് ഗീതാപ്രഭാഷണം നടത്തിയ സ്വാമി ചിന്മയാനന്ദൻെറ ചിത്രം ഞാൻ അഭിമാനത്തോടെ ഓർക്കുന്നു. അനേകം ഹൈന്ദവ വിശ്വാസികൾ സ്വാമിജിയുടെ പ്രഭാഷണം കേൾക്കാൻ കോളേജിലെത്തിയിരുന്നു. മതേതരത്വത്തെക്കുറിച്ച് .ഗിരിപ്രഭാഷണം നടത്തുന്നവർക്കു മുമ്പിൽ, യഥാർത്ഥ മതേതരത്വം മതസഹിഷ്ണുതയും പരമതബഹുമാനവുമാണെന്ന് കാണിച്ചുകൊടുത്ത ഫാറൂഖാബാദ് ഉദാത്തമായ ഒരു മാതൃകയാണ് സൃഷ്ടിച്ചത്.

കേരളത്തിലാദ്യമായി ഒരു അഖിലേന്ത്യാ മുസ്ലിം വിദ്യാഭ്യാസ സമ്മേളനത്തിന് ആതിഥ്യമരുളിയതും ഫാറൂഖ് കോളേജാണ്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമെത്തിയ മുസ്ലിം വിദ്യാഭ്യാസ പ്രവർത്തകരെയും ബുദ്ധിജീവികളെയും ഒന്നിച്ച് കാണാൻ അവസരം കിട്ടിയത് അന്നായിരുന്നു.



അക്ബർ കക്കട്ടിൽ

## ആറുമാസം, ആറാം മാസം

ഫാറൂഖ് കോളേജിൽ ആറു മാസത്തോളം ഞാനും വിദ്യാർത്ഥിയായിരുന്നു. 1970-'71-ൽ പ്രീഡിഗ്രിയുടെ ഒന്നാം വർഷത്തിൻെറ പകുതി അവിടെ കഴിച്ചുകൂട്ടി എന്നു പറയാം.

എ.എൽ.എം. ഹോസ്റ്റലിലാണ് ഞാനന്ന് പ്രവേശനം നേടിയത്. റൂം നമ്പർ 8, റൂമിൽ ചെല്ലുമ്പോൾ കനത്ത ശരീരമുള്ള ഒരാൾ റൂമിലുണ്ട്. ഏതൊ കുട്ടിയുടെ രക്ഷിതാവാണ് തടിയനെന്ന് ഒറ്റ നോട്ടത്തിലറിയാം.

"ഈ മുറിയിലാണല്ലേ. ഞാൻ പ്രതീക്ഷിച്ചിരിക്കുകയാണ്." അയാൾ പറഞ്ഞു.

"നിങ്ങൾ?"

"ഞാനുമീ മുറിയിൽത്തന്നെ. ഇവിടെ ഡിഗ്രിക്കു ചേർന്നതാണ്." ഞാൻ ശരിക്കും ഞെട്ടി. ഈ 'മഹാപുരുഷ'നാണോ എൻെറ റൂംമേറ്റ്?

സംഘടനാ പ്രവർത്തനംകൊണ്ട് ചീത്തയായിപ്പോകാതിരിക്കാൻ അയാളെ എറണാകുളത്തുനിന്നും ബാപ്പ ഇങ്ങോട്ടു ചേർത്തതാണ്. പക്ഷെ അങ്ങേർ ആ വർഷം തന്നെ വിദ്യാർത്ഥി നേതാവായി. കോളേജ് യൂണിയൻെറയും സർവ്വകലാശാല യൂണിയൻെറയും മുഖ്യ ഭാരവാഹിയായി ഒപ്പം എൻെറ പ്രിയപ്പെട്ട സുഹൃത്തും രക്ഷിതാവുമായി. അയാളാണ് ഇപ്പോൾ കെ.പി.സി.സി. ജനറൽ സിക്രട്ടറിയായ ശ്രീ.എം.ഐ. ഷാനവാസ് എന്ന ഞങ്ങളുടെ 'ഷാജി'.

ഞങ്ങളുടെ വാക്കിംഗ് എൻസൈക്ലോപീഡിയ' ആയിരുന്ന കുഞ്ഞാമുവിനോട് അന്നും ഇന്നും എനിക്ക് ഒരുതരം പ്രേമബന്ധം ആണ്. പല പേരുകളിൽ എഴുതുക പുള്ളിക്കൊരു രസമാണ്; അന്നും ഇന്നും. പക്ഷെ ഏത് പേരിലെഴുതിയാലും കുഞ്ഞാമു എഴുതിയത് ഞാൻ കണ്ടുപിടിക്കും. തനതായ ഒരു ശൈലിയുണ്ട് പുള്ളിക്ക്. ഒരു ദിവസം രണ്ടു സുഹൃത്തുക്കളേയും കൊണ്ട് കുഞ്ഞാമു എൻെറ മുറിയിൽ വന്നു. ഒരാൾ ഒരു മൊഹിയുദ്ദീൻ. മറ്റൊരാൾ ഹക്കീം. പിൽക്കാലത്ത് എൻെറ ആത്മസുഹൃദ്വലയത്തിലേക്ക് കടന്നുവന്ന എം.എൻ. കാരശ്ശേരിയും കാനേഷ് പുന്നൂരുമായിരുന്നു അവർ. അതവരാണെന്ന് അവർ പോയി വളരെക്കഴിഞ്ഞേ കുഞ്ഞാമു തൻെറ നിഷ്കളങ്കമായ പ്രശസ്ത ചിരിയോടെ വെളിപ്പെടുത്തിയുള്ളൂ.

വെള്ളിയാഴ്ച വീട്ടിലേക്ക് വരികയും തിങ്കളാഴ്ച കോളേജിലേക്കു പോവുകയും ചെയ്തപ്പോൾ ഹോസ്റ്റലിലെ വിലകൂടിയ താമസം എനിക്കൊരു നഷ്ടക്കച്ചവടമായി. ചിലപ്പോൾ തിങ്കളാഴ്ചയും ചൊവ്വാഴ്ചയും കഴിഞ്ഞായിരിക്കും എൻെറ തിരിച്ചെഴുന്നള്ളത്ത്. ക്ലാസ്സിൽ 'റെഗുലർലി ഇർറെഗുലർ' ഒരു ദിവസം കഷ്ടകാലത്തിന് ക്ലാസ്സിൽ ചെന്നപ്പോൾ ഇന്ത്യൻ ഹിസ്റ്ററി ടെസ്റ്റ് പേപ്പർ. എനിക്ക് പൂജ്യം മാർക്ക് കിട്ടിയപ്പോൾ മാലിനി ചിരിച്ചു. പിന്നെ ഞാനെന്തിനു കൊള്ളും? ഒടുക്കം കടലാസ്സുകൾക്ക് കേടുപറ്റാതെ എന്നെ രക്ഷപ്പെടുത്തിയത് മമ്മു മാഷാണ്.


ഹോസ്റ്റൽ താമസത്തിൻെറ സാമ്പത്തിക ച്ചോർച്ച തടയാൻ ഞാൻ ലോഡ്ജിലേക്ക് മാറാൻ ആഗ്രഹിച്ചു. ആരോ ഇംഗ്ലീഷിൽ എഴുതിത്തന്ന വാർഡനുള്ള അപേക്ഷയിൽ 'ഹോസ്റ്റൽ ലോഡ്ജാക്കി മാറ്റണ'മെന്നാണ് എഴുതിയിരുന്നത്.

ചാലിയാറിൻെറ തീരവും കോളേജ് പരിസരത്തിൻെറ ഹരിതശോഭയും, ലൈബ്രറിയും ഇതിനകം ഒരു ഹരമായി മാറിക്കഴിഞ്ഞിരുന്നു. അക്കാലത്ത് 'ചന്ദ്രിക' ബാലപംക്തിയിൽ ഞാൻ ഒരു ഹൈസ്കൂൾ അനുഭവ കഥയെഴുതി. ഒരു കൂട്ടുകാരനുമായുള്ള പിണക്കത്തിൻെറ കഥ. അത് മറ്റൊരു സുഹൃത്തിനെക്കൂടി പിണക്കുകയായിരുന്നു. കഥയിൽ എൻെറ സീനിയറായ ഒരു സുഹൃത്തിനെ പരാമർശിക്കുന്ന ഒരു ഓമനപ്പേരുണ്ടായിരുന്നു. സാധനം അച്ചടിച്ചു വന്നപ്പോൾ പുള്ളി ചൂടായി. എന്നെ തല്ലാൻ വരുന്നെന്ന് എ.എൽ.എമ്മിലാകെ പാട്ടായി. എനിക്കു ഭയം; തീയോടാണ് കളിച്ചത്.

ഞാൻ മെസ് ഹാളിലിരിക്കുമ്പോൾ സന്ധ്യാസമയം. കുഞ്ഞാമുവാണ് പറഞ്ഞത് "അവൻ വരുന്നുണ്ട്." മെസ് ഹാളിൽ ഭീതിജനകമായ നിശ്ശബ്ദത. ഷാനവാസ് എൻെറ തൊട്ടടുത്ത് വന്നിരുന്നു. എന്തോ ഒരാശ്വാസം. സെയ്തുവും സംഘവും വന്നു. തെറിയുമായി എൻെറ നേരെ. ഷാജിയും കുഞ്ഞാമുവും ചേർന്ന് അവനെ പിടിച്ച് കൊണ്ടുപോയി.

ഇതിനിടയിൽ ഞാൻ ലോഡ്ജിലേക്ക് താമസം മാറ്റി. എങ്കിലും 'സെയ്തുവിൻെറ വാൾ' തലയ്ക്കു മുകളിലുണ്ടായിരുന്നു.

ഏറെ ക്ലേശങ്ങൾക്കുശേഷം മടപ്പള്ളിക്ക് 'മാറ്റം' കിട്ടി.



എം.പി. അബ്ദുസ്സമദ് സമദാനി

## പ്രസംഗക്കളരിയിൽ


ഫാറൂഖ് കോളേജിലെ അദ്ധ്യയനകാലഘട്ടം എനിക്ക് പ്രസംഗമത്സരങ്ങളുടെ കാലമായിരുന്നു. പ്രസംഗകലയിൽ പയറ്റിത്തെളിയാൻ ലഭിച്ച അനേകം സുവർണ്ണാവസരങ്ങൾ. പ്രീഡിഗ്രിമുതൽ ഏഴുകൊല്ലം ട്രോഫികളും അവാർഡുകളും കൊണ്ടുവന്ന് കോളേജ് ഓഫീസിന് അലങ്കാരവും കോളേജിന് അഭിമാനവും നല്കുന്ന സംരംഭങ്ങളിൽ പങ്കാളിയാകാൻ കഴിഞ്ഞത് അവിസ്മരണീയമായ ഒരനുഭവം തന്നെയാണ്. കോഴിക്കോട് ആർട്സ് കോളേജിൻെറ കുട്ടിക്കൃഷ്ണമാരാർ ട്രോഫിയും ഗുരുവായൂരപ്പൻ കോളേജിൻെറ കൃഷ്ണമേനോൻ ട്രോഫിയും പിടിച്ചുപറ്റിയ വാശിയേറിയ മത്സരങ്ങൾ ഓർത്തുപോകുന്നു.

1981-'82 വർഷക്കാലത്ത് ഞാൻ കോളേജ് യൂണിയൻ ചെയർമാനായി തെരഞ്ഞെടുക്ക

പ്പടുകയുണ്ടായി ചാലിയാർ ജലവായുമലിനീകരണത്തിനെതിരായും കോഴിക്കോട് വിമാനത്താവളത്തിനുവേണ്ടിയും നടത്തപ്പെട്ട ബഹുജനപ്രക്ഷോഭങ്ങളിൽ ഫാറൂഖ് കോളേജ് വിദ്യാർത്ഥികളെ പങ്കാളികളാക്കാൻ കഴിഞ്ഞത് അക്കൊല്ലത്തെ യൂണിയൻെറ ഒരു നേട്ടമായിരുന്നു. ഫാറൂഖ് കോളേജ് തീരത്തു നിന്നു രണ്ടു വലിയ തോണിയിലാണ് ഞങ്ങൾ ചുങ്കപ്പള്ളിയിലേക്ക് നീങ്ങിയത്. മാവൂർ ഗ്വാളിയോർ റയോൺസിനു മുമ്പിലെത്തിയ വിദ്യാർത്ഥികൾക്കു നേരെ മുതലാളിയുടെ ഗുണ്ടകൾ കല്ലേറു നടത്തി. ഏറു കൊള്ളാതിരിക്കാൻ മതിലിനോടു ചേർന്ന് ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ചു. വലിയ കല്ലുകൾ തലയ്ക്കുമീതെ പാഞ്ഞുപോയത് നടുക്കത്തോടെ ഓർക്കുന്നു. ഞങ്ങളിൽ പലർക്കും പരിക്കേറ്റു. ചിലർക്ക് ദിവസങ്ങളോളം ആസ്പത്രിയിൽ കഴിയേണ്ടിയും വന്നു.

പ്രൊഫ. കെ.എ. ജലീൽ പ്രിൻസിപ്പലായിരുന്നപ്പോൾ നടന്ന രസകരമായ ഒരു സംഭവം ഓർക്കുന്നു. കോളേജ് യൂണിയൻ ഉൽഘാടനം ചെയ്യാൻ ജ. പി.പി. ഹസ്സൻ കോയ എത്തിച്ചേർന്നു. കുഴപ്പക്കാരായ ചില വിദ്യാർത്ഥികൾ കൂവാൻ തുടങ്ങി. ക്ഷുഭിതനായ പ്രിൻസിപ്പൽ അവരെ വെല്ലുവിളിച്ചു. "ധൈര്യമുണ്ടെങ്കിൽ സ്റ്റേജിൽ വന്ന് കൂവട്ടെ!" ആ വെല്ലുവിളി ഏറ്റെടുക്കാൻ മാത്രം ധൈര്യമുള്ള ആരും സദസ്സിലുണ്ടായിരുന്നില്ല. ഞാൻ ചെയർമാനായിരിക്കുമ്പോഴും ഇതുപോലൊരു സംഭവമുണ്ടായി. സദസ്സിലെ ഏതാനും വിദ്യാർത്ഥിസുഹൃത്തുക്കൾ സൃഷ്ടിച്ച ശബ്ദകോലാഹലം കാരണം അതിഥികളായിരുന്ന പ്രശസ്ത സാഹിത്യകാരന്മാർ ശ്രീ. കോവിലനും, ശ്രീ. എൻ.പി. മുഹമ്മദും പ്രസംഗം മുഴുമിക്കാതെ പെട്ടെന്ന് നിർത്തി. ആശംസാപ്രസംഗകനായിരുന്ന ശ്രീ. എ.പി.പി. നമ്പൂതിരി പ്രസംഗിക്കാൻ വിസമ്മതിച്ചു. തുടർന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ വിദ്യാർത്ഥി സഹോദരങ്ങളോട് അവർ ചെയ്ത അപരാധത്തെപ്പറ്റി ഞാൻ വിശദീകരിച്ചു. അബദ്ധത്തക്കുറിച്ച് ബോധം വന്ന വിദ്യാർത്ഥികൾ ബഹളം നിർത്തി. തുടർന്നുണ്ടായ തെളിഞ്ഞ കാലാവസ്ഥയിൽ അതിഥികളെല്ലാവരും ദീർഘമായിത്തന്നെ വീണ്ടും പ്രസംഗിച്ചു.

ഞാൻ ബി.എ. ഫൈനൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് കോളേജിലെ പ്രഗത്ഭനായ യുവാധ്യാപകൻ ജ. എം.ആർ. കുഞ്ഞിമുഹമ്മദിൻെറ നിര്യാണമുണ്ടായത്. ക്ലാസെടുത്ത് കളിപറഞ്ഞു പിരിഞ്ഞ അധ്യാപകൻെറ മയ്യിത്താണ് നടുക്കത്തോടെ ഞങ്ങൾക്ക് കാണേണ്ടിവന്നത്.



കെ.കെ. ഇമ്പിച്ചി മുഹമ്മദ്

## അത്യാഹിതങ്ങളും.....

കാമ്പസിലേക്ക് വൈദ്യുതി എത്തിച്ച ശ്രമകരമായ ദൗത്യം ഇന്നൊരു മധുരസ്മരണയാണ്. ചാലിയാർപുഴയ്ക്ക് കുറുകെ പ്രത്യേക ലൈൻ വലിച്ച് കോളേജ് വളപ്പിൽ പുതിയ ട്രാൻസ്ഫോർമറും പവ്വർസ്റ്റേഷനും സ്ഥാപിച്ചു. 40,000 രൂപ കെട്ടിവച്ചാണ് വെസ്റ്റ് കോസ്റ്റ് ഇലക്ട്രിക് കോർപ്പറേഷനോടു വൈദ്യുതി വാങ്ങിയത്. മൗലവി സാഹിബും ജലീൽ സാഹിബും ഏറെ പണിപ്പെട്ടാണ് ലൈൻ പിന്നീട് കെ.എസ്.ഇ.ബി.യിലേക്ക് മാറ്റിയത്.

ഇംഗ്ലീഷ് - അറബിക് പി.ജി. കോഴ്സുകൾ ഉത്ഘാടനം ചെയ്യാൻ വിദ്യാഭ്യാസമന്ത്രി സി.എച്. മുഹമ്മദുകോയ കോളേജിലെത്തിയ ദിവസം ഇന്നും ഓർമ്മയിലുണ്ട്. ഒരു വിഭാഗം വിദ്യാർത്ഥികൾ പരിപാടി അലങ്കോലപ്പെടുത്താൻ ബഹളം വെച്ചു. പക്ഷേ, സ്വതസിദ്ധമായ പുഞ്ചിരിയോടെ മൈക്കിനുമുമ്പിലെത്തിയ സി.എച്ച്. തൻെറ വാഗ്ധോരണിയുടെ മാസ്മരശക്തിയിൽ സദസ്സിനെയൊന്നാകെ നിമിഷങ്ങൾ കൊണ്ട് കൈയിലെടുത്തു. സുദീർഘമായ പ്രസംഗം അവസാനിപ്പിച്ച് സി.എച്ച് കാറിൽ കയറുമ്പോഴും നീണ്ടുനിന്ന കരഘോഷമാണ് അദ്ദേഹത്തെ യാത്രയാക്കിയത്.

1963-ൽ കോളേജ് ഓഡിറ്റോറിയത്തിൻെറ പണി നടക്കുമ്പോൾ അന്നത്തെ കോളേജിൻെറ സൂപ്പർവൈസറായിരുന്ന ശ്രീ കരുണാകരമേനോൻ (റിട്ട. പി.ഡബ്ല്യു.ഡി. എഞ്ചിനീയർ) ഹൃദയാഘാതംമൂലം തളർന്നു വീണുപോയി. ദിവസങ്ങൾക്കകം അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഓഡിറ്റോറിയത്തിലെ തെർമോക്കോൾ സീലിങ്ങിൻെറ പണി നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ലേബർ കോൺട്രാക്ടറായ ശ്രീ. ജോസ് ബാൽക്കണിയിൽ നിന്ന് കാൽ വഴുതി തറയിൽ വീണു. മെഡിക്കൽ സയൻസിന് അയാളുടെ ജീവൻ രക്ഷിക്കാനായില്ല. ഫാറൂഖ് കോളേജിൻെറ വളർച്ചയിൽ ചെറുതെങ്കിലും തനതായ പങ്കുവഹിച്ച ആ രണ്ടു വ്യക്തികളെ ഈ വേളയിൽ ഞാൻ സ്മരിക്കുകയാണ്.

എ.പി. കുഞ്ഞാമു

## എനിക്ക് കരച്ചിൽ വരുന്നു

യൂക്കാലിപ്റ്റസ് മരങ്ങളും ചാറ്റമഴയുമാണ് ഫാറൂഖ് കോളേജിനെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിലേക്ക് കടന്നുവരുന്നത്. ഭൂമിയുടെ വ്യഥകളിലേക്കു ആകാശത്തിൻെറ കണ്ണീരുപോലെ മഴ കോരിച്ചൊരിയുന്ന ജൂൺമാസാദ്യത്തിലാണ് ഞാൻ അവിടെയെത്തുന്നത്. യൂക്കാലിപ്റ്റസ് മരങ്ങളും ഞാനാദ്യമായി കാണുകയായിരുന്നു. മഴയുടെ ആർദ്രത, യൂക്കാലിപ്റ്റസുളവാക്കുന്ന ഊഷരത.

അവിടെ ഞാൻ ആരുമായിരുന്നില്ല. പഠനത്തിൽ ശരാശരി, പാഠേതരവിഷയങ്ങളിൽ സീറോ. ചിലപ്പോഴൊക്കെ വല്ല സാഹിത്യമത്സരങ്ങളിലും, ക്വിസ് മത്സരങ്ങളിലും മറ്റും എന്നിലെ മുറിമൂക്ക് അംഗീകരിക്കപ്പെട്ടിട്ടുണ്ട് എന്നത് മറക്കുന്നില്ല. എന്തുകൊണ്ടോ ക്ലാസുകൾ എനിക്ക് ഏറെയൊന്നും ഇഷ്ടമായിരുന്നില്ല. സ്വന്തം ശബ്ദത്തിൻെറ ചിലമ്പിച്ച പ്രതിധ്വനികളിൽപ്പെട്ട് വീർപ്പുമുട്ടുന്ന അധ്യാപകൻ, ഡസ്റ്ററും ചോക്ക്പൊടിയും വിരസതയകറ്റാൻ പിൻ ബഞ്ചുകാർ സൃഷ്ടിക്കുന്ന ആരവങ്ങൾ — എനിക്ക് ക്ലാസുമുറികളിലെ വിജ്ഞാനം വളരെയൊന്നും രോചകമാവാഞ്ഞ ത് ഇതുകൊണ്ടൊക്കെയാണോ? തേർഡ് അവറിൽ വിശപ്പ് എല്ലാ ശ്രദ്ധയും കെടുത്തും. ഊണുകഴിച്ച് വന്നശേഷം ഫോർത്ത് അവറിൽ ക്ലാസെടുക്കുന്നത് ബാബുപോൾ മാഷായാൽ പോലും എനിക്കുറക്കം വരും. എം.എ. ക്ലാസിൽ പഠിക്കുമ്പോൾ അത്തരമൊരു നാലാം മണിക്കൂർ രാമചന്ദ്രൻനായർ ആത്മാർത്ഥമായി ഇംഗ്ലീഷ് ക്ലാസെടുക്കുന്നു. എന്നിട്ടും ഞാനുറങ്ങിപ്പോയി. ഉറക്കത്തിൻെറയും ഉണർവിൻെറയും ഇടയ്ക്കുള്ള ഞെട്ടലുകൾ.

അപ്പോൾ സ്പ്രങ്ങ്റിഥം, ഹോപ്കിൻസ് തുടങ്ങിയ വാക്കുകൾ. കൺപോളകൾ എത്ര വലിച്ചുനീർത്താൻ ശ്രമിച്ചിട്ടും കണ്ണുകൾ അടഞ്ഞുപോകുന്നു. ഹോസ്റ്റലിലെ കൊഴുത്ത മോരുതരുന്ന സുഖനിദ്ര. പിന്നീടാണ് കുട്ടികൾ പറഞ്ഞത്. എന്നെ കുറേനേരത്തേക്ക് അദ്ദേഹം വിളിച്ചുണർത്താൻ ശ്രമിച്ചുവത്രേ. ഞാനുണ്ടോ ഉണരുന്നു! എന്തു കണ്ടാലും കലപില ചിരിക്കുന്ന ആറ് പെൺകുട്ടികൾ ക്ലാസിലുണ്ടായിരുന്നു. അവർ ആർത്തു ചിരിച്ചപ്പോൾ മാഷ് കോപിച്ചിട്ടുണ്ടാവണം. എന്തായാലും ഉണർന്നെണീറ്റ ഉടനെ എനിക്കൊരാജ്ഞ കിട്ടി — 'ഗെറ്റൗട്ട്', ഇനിയൊരിക്കലും എന്റെ ക്ലാസിൽ വരേണ്ട!

സ്നേഹസമ്പന്നനായ ആ അധ്യാപകന്റെ മഹത്വം ഞാനറിഞ്ഞത് പിന്നീട് ഒരാഴ്ചയ്ക്കുശേഷം കോളേജ് ബസ് സ്റ്റോപ്പിൽ വെച്ച് എന്നെ വിളിച്ച് ക്ലാസിൽ വരാൻ സ്നേഹപൂർവ്വം അദ്ദേഹം ആജ്ഞാപിച്ചപ്പോഴാണ് 'ഞാനങ്ങിനെ പറഞ്ഞതിന് താൻ പരിഭവിച്ചു നടക്ക ണോ' എന്ന് അദ്ദേഹം ചോദിച്ചു.

കൊല്ലങ്ങൾക്കുശേഷം ഒരിക്കൽ ഞാൻ ജോലിചെയ്യുന്ന ബാങ്കിൽ രാമചന്ദ്രൻമാഷ് വന്നിരുന്നു; എന്നെ അന്വേഷിച്ചു. അപ്പോൾ ഞാൻ ഡൈനിംഗ്ഹാളിലായിരുന്നു. ഉച്ചയ്ക്ക് ഒരുമണി. അദ്ദേഹം എന്റെ പ്യൂണിനോട് ചോദിച്ചു — 'എന്താ ഉറങ്ങുകയാണോ?' എന്റെ ഉറക്കത്തെക്കുറിച്ച് അപ്പോൾ മാഷ് ഓർത്തിരുന്നോ ആവോ?

പലപ്പോഴും മാഷെ അടുത്തുകാണാറുണ്ടെങ്കിലും പറയാതെ ഇന്നിത് എഴുന്നത് ആ ഇൻസൾട്ടിന് പരസ്യമായി മാപ്പുചോദിക്കാനാണ്.

പറഞ്ഞല്ലോ, കോളേജിൽ ഞാനാരുമായിരുന്നില്ല എന്ന്. പക്ഷേ ഞങ്ങൾക്ക് ഒരു സഹൃദയവേദിയുണ്ടായിരുന്നു. വല്ലപ്പോഴുമൊക്കെ ഒരു സാഹിത്യ സദസ്സ്. കഥാചർച്ച, കവിതാപാരായണം, കിരാതദാസ്, നളിനൻ, ഹരിദാസ്, മൂർത്തി, ഹമീദ് തുടങ്ങിയ സുഹൃത്തുക്കൾ. ആയിടെയാണ് ഉഷ കോളേജിൽ ചേർന്നത്. എം.എസ്.സിക്ക് ഞങ്ങളുടെ സദസ്സിൽ ഉഷയുടെ ജനൽപ്പടിയിലെ കാക്ക എന്ന കഥ അവതരിപ്പിച്ചിരുന്നു. പിന്നീട് സായാഹ്നത്തിലെ പൂക്കൾ എന്ന കഥ. ഉഷയുടെ കഥകൾ കുങ്കുമത്തിലും മറ്റും അച്ചടിച്ചുവന്നു. പ്രതീക്ഷകളുണർത്തിയ ശക്തമായ കഥകൾ. പിന്നീട് അവർ എഴുതാതായി. എൽ.ഐ.സിയിൽ ജോലി കിട്ടിയ ഉഷയെ വീണ്ടും കണ്ടിരുന്നു. അതു കഴിഞ്ഞ് ഒരുനാൾ പത്രത്തിലെ ചരമക്കുറിപ്പിൽ ഉഷ......

അന്ന് ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന ആരും ഇപ്പോൾ കാര്യമായി എഴുതാറില്ല. നഗരത്തിലെ കോളേജുകളിൽ പഠിച്ചിരുന്ന എഴുത്തുകാരിൽ ഏറ്റവുമധികം എനർജിയുള്ള എഴുത്തുകാരനായിരുന്നു അന്ന് കിരാതദാസ്. പക്ഷേ, അയാളിലെ എഴുത്തുകാരനും മരിച്ചു. കിരാതദാസ് ഇടയ്ക്കിടെ ഞാൻ ജോലിയെടുക്കുന്ന ബാങ്കിൽ വരാറുണ്ട്. കുശലം പറഞ്ഞു പിരിയാറുണ്ട്. എഴുത്തു നിർത്തിയോ എന്ന് ഞാൻ ചോദിക്കാറില്ല. അയാൾ തീർച്ചയായും തന്റെ ഉറക്കത്തിൽ എഴുതുന്നുണ്ടാവണം.

കോളേജ് എനിക്ക് പലതും നല്കിയിട്ടുണ്ട്. പക്ഷേ എന്തോ ഒന്നിന്റെ കുറവ് ഞാൻ അനുഭവിച്ചിരുന്നപോലെ തോന്നുന്നു. വിദ്യാർത്ഥികളുടെ വ്യക്തിത്വത്തെ വേണ്ടപോലെ അംഗീകരിക്കുന്നതിലുള്ള വൈമുഖ്യം കോളേജിനുണ്ടായിരുന്നുവോ, അതോ വ്യക്തിത്വം വികസിപ്പിച്ചെടുക്കാൻ ഞങ്ങൾ മടിച്ചിരുന്നു എന്നതോ?

എം.എ. കഴിഞ്ഞു പിരിഞ്ഞു പോരുന്ന വിടവാങ്ങൽ സമ്മേളനത്തിൽ പ്രൊഫ: ജോർജ് ആൻഡ്രൂസ് പറഞ്ഞു- 'നോക്കൂ, ഒരിക്കലും ഈ ബിരുദം നിങ്ങൾക്ക് ഭാരമാകരുത്.'

ആൻഡ്രൂസ് സാറിന്റെ ക്ലാസിൽ അദ്ദേഹത്തിന്റെ ഒരു വരിപോലും ശ്രദ്ധിക്കാൻ മെനക്കെടാതിരുന്ന എനിക്ക് അപ്പോൾ കരച്ചിൽ വന്നു. "നോക്കൂ, നിങ്ങളുടെ ഒഴിവു സമയം ചെലവഴിക്കുന്നതിൽപ്പോലും ഈ വിദ്യാഭ്യാസം നിങ്ങൾക്ക് തുണയേകണം.

ഇന്ന്, പതിനഞ്ചുവർഷങ്ങൾക്കുശേഷം ഞാനോർക്കുന്നു ബിരുദം എനിക്കൊരു ഭാരമായിക്കഴിഞ്ഞു. എന്റെ ഇംഗ്ലീഷ് പരിജ്ഞാനം എനിക്ക് ലീവ്ലെറ്ററുകളെഴുതാൻവേണ്ടി മാത്രം ഉപയോഗിക്കാം. ഒഴിവുസമയങ്ങൾ യാത്രക്കാരെ കുത്തിത്തിരുകിയെത്തുന്ന ബസ്സുകൾ കാത്തുനിന്നും......

ഇപ്പോഴും എനിക്ക് കരച്ചിൽ വരുന്നു.


ടി.വി. ബാലൻ

## ഒരു സാഹിത്യകാരൻ മരിച്ചു

ഫാറൂഖ് കോളേജ് ഒരു മുസ്ലിം കോളേജാണെന്ന തോന്നൽ ഒരിക്കലും എനിക്കുണ്ടായിട്ടില്ല. ഇന്ന് ഞാൻ സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ഒരാളാണ്. യുവകലാസാഹിതി സംസ്ഥാന സിക്രട്ടറി എന്ന നിലക്കുള്ള എന്റെ എളിയ പ്രവർത്തനങ്ങൾക്ക് അടിത്തറയിട്ടത് ഫാറൂഖ് കോളേജിൽ നിന്നു തുടങ്ങിയ കാൽവെപ്പുകളാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ അഞ്ചു കൊല്ലവും ഞാൻ രാഷ്ട്രീയത്തിൽ ഏറ്റവും സജീവമായി പ്രവർത്തിക്കുകയുണ്ടായി. കൊടുമ്പിരി കൊള്ളുന്ന വിദ്യാർത്ഥിപ്രക്ഷോഭങ്ങളും, സംഘട്ടനങ്ങളും നടക്കുമ്പോഴും ഞങ്ങൾ ഫാറൂഖിലെ വിദ്യാർത്ഥികൾ മുറിക്കകത്ത് ഏകോദരസഹോദരന്മാരെപ്പോലെ വർത്തിച്ചു.

ഇന്ന് ഞാനൊരു സാഹിത്യകാരനല്ല. പക്ഷേ എന്റെ സാംസ്കാരിക ജീവിതത്തിന്റെ തുടക്കം സാഹിത്യകാരനാവാനുള്ള ശ്രമത്തിലൂടെയാണെന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ആദ്യവർഷം തന്നെ മാഗസിനിൽ ഒരു കഥ എഴുതി. പ്രൊഫസർ എ.പി.പി. നമ്പൂതിരിയാണ് മാസിക എഡിറ്റു ചെയ്യുന്നത്. അറിയപ്പെടുന്ന എഴുത്തുകാരൊക്കെ പേരിനോടൊപ്പം സ്ഥലപ്പേരും ചേർക്കാറുണ്ടല്ലോ. അതുണ്ടെങ്കിലേ സാഹിത്യകാരനാവൂ എന്നാണ് ധാരണ. അതിനാൽ ഞാനുമൊരു കാച്ചുകാച്ചി — 'മുയിപ്പോത്ത് ബാലൻ'. എന്റെ കഥയുടെ മേന്മകൊണ്ടോ എ.പി.പി.യുടെ ഭൂതദയകൊണ്ടോ എനിക്കറിയില്ല കഥ അച്ചടിച്ചുവന്നു. മാഗസിൻ പുറത്തിറങ്ങിയപ്പോൾ മുയിപ്പോത്ത് ബാലൻ എന്ന ഞാൻ നിലത്തൊന്നുമായിരുന്നില്ല. അല്പം ഗർവോടുകൂടിത്തന്നെയാണ് മുയിപ്പോത്ത് ബാലൻ (ടി.വി. ബാലനല്ല) സഹപാഠികൾക്കിടയിൽ തലയുയർത്തി നടന്നത്. പക്ഷേ കോളേജല്ലെ, കുട്ടികൾ കുറച്ചുകാലം കൊണ്ട് ബാലൻ എന്ന പേര് കളഞ്ഞു. മുയിപ്പോത്ത് എന്നായി വിളി. തകഴി, മലയാറ്റൂർ, എന്നൊക്കെ കേട്ടിരുന്ന എനിക്ക് അഭിമാനം കൂടിയതേയുള്ളു. പിന്നീടാണ് ദുരന്തം ശരിയായ രൂപത്തിൽ അരങ്ങേറിയത്. കുട്ടികൾ മുയിപ്പോത്തിലെ ആദ്യത്തെ രണ്ടക്ഷരമങ്ങ് കളഞ്ഞു —പോത്ത് ബാലൻ. അതിലെ ബാലനും ഇങ്ങിനെപോയാൽ അവർ കളയുമെന്ന് ഞാൻ സത്യമായും ഭയന്നു. അറിയപ്പെടുന്ന സാഹിത്യകാരനാവുന്നതിലും ഭേദം വെറും ടി.വി. ബാലനായാൽ മതിയെന്ന് ഞാൻ നിശ്ചയിച്ചത് അങ്ങനെയാണ്. പിന്നീട് ഞാൻ കഥയെഴുതിയിട്ടില്ല. എന്നിലെ സാഹിത്യകാരൻ അതോടെ മരിക്കുകയായിരുന്നു. മരിച്ചു എന്ന് പറഞ്ഞാൽ പോരാ ഒരു സാഹിത്യകാരൻ ക്രൂരമായി കൊല്ലപ്പെടുകയായിരുന്നു.

ഞാൻ പഠിക്കുമ്പോൾ പ്രൊഫ. കെ.എ. ജലീൽ സാഹിബാണ് പ്രിൻസിപ്പൽ. കർക്കശ്ശ ഡിസിപ്ലിനേറിയനായിരുന്നു അദ്ദേഹം. പെൺകുട്ടികളോട്സ്വാതന്ത്ര്യത്തോടെ ഒന്ന് സംസാരിക്കുവാൻ



പോലും അനുവാദമില്ല. പെൺകുട്ടികളുമായി സ്വതന്ത്രമായി ഇടപെടാൻ കൊതിക്കുന്ന ഞങ്ങൾക്ക് കൊല്ലംതോറും നടന്നുവരുന്ന ഫൈൻ ആർട്സ് ഡേ ഒരനുഗ്രഹമായിരുന്നു. പെൺകുട്ടികൾക്ക് ഒരു കലാപരിപാടിയിലും പങ്കെടുക്കുവാൻ അവസരമുണ്ടായിരുന്നില്ല. ആൺകുട്ടികളാണ് പെൺവേഷം കെട്ടുന്നത്. എല്ലാവർക്കും കമ്പം പെൺവേഷം കെട്ടുന്നതിലാണ്. പുരുഷ കഥാപാത്രത്തെപ്പോലും രംഗത്തവതരിപ്പിക്കാൻ വേണ്ട അഭിനയശേഷിയോ ശാരീരികസൗന്ദര്യമോ ഇല്ലാതിരുന്ന എനിക്കുപോലും സ്ത്രീകഥാപാത്രമാവാനായിരുന്നു താല്പര്യം. ഈ വീറിനും വാശിക്കും കാരണമുണ്ട്. ലേഡീസ് ഹോസ്റ്റലിന്റെ വൻ മതിൽ സ്വാതന്ത്ര്യത്തോടെ കടന്നു ചാടാൻ ഉതൊരവസരമായിരുന്നു. സ്ത്രീ കഥാപാത്രങ്ങൾക്കു വേണ്ട ഉടയാടകൾ സംഘടിപ്പിക്കാനെന്ന വ്യാജേന നിരവധി തവണ ലേഡീസ് ഹോസ്റ്റലിൽ പോകാം, പെൺകുട്ടികളുമായി സ്വാതന്ത്ര്യത്തോടെ സംസാരിക്കാം, ഇതൊക്കെയായിരുന്നു പ്രലോഭനം. രണ്ടു സാരിയും രണ്ടു ബ്ലൗസുമാണ് വേണ്ടതെങ്കിലും ഞങ്ങൾ പത്തിരുപതെണ്ണമെങ്കിലും വാങ്ങും. മനസ്സിൽ വച്ച് പൂജിക്കുന്നവരോട് ആദ്യം. പരാതി ഒഴിവാക്കാൻ മറ്റുള്ളവരോടും. ഹോസ്റ്റൽ മുറിയിലെത്തിയാൽ ആ ഉടയാടകളുടെ പൂജയാണ്. ക്ലാസു കട്ടുചെയ്തുപോലും ഈ പ്രാണേശ്വരിയുടെ സാരിയും ബ്ലൗസും നോക്കിയും തൊട്ടു തലോടിയും മണപ്പിച്ചും സമയം ചിലവഴിച്ചിരുന്ന പലരും ഇന്ന് ഔദ്യോഗികതലത്തിലും, രാഷ്ട്രീയ-സാമൂഹ്യരംഗങ്ങളിലും ഉന്നതരായി വിരാജിക്കുന്നുണ്ട്. ആർട്സ് ഫെസ്റ്റിവൽ കഴിഞ്ഞ് വളരെക്കാലത്തിനുശേഷമാണ് അവ തിരിച്ചു കൊടുക്കാറ്. അതുവരെ മാത്രി പലരും ഉറങ്ങിയിരുന്നതു പോലും പാവാടധാരികളായിട്ടായിരുന്നു.

ഇനിയും പലതും ഓർമ്മയിലുണ്ട്. നാടകത്തിലഭിനയിച്ചത്, മോണോ ആക്ട് നടത്തിയത്, തെരഞ്ഞെടുപ്പിനുനിന്ന് ദയനീയമായി തോറ്റത്, പ്രൊഫ. വി.ജി.കെ. നായരുടെ കോഴികളെ മോഷ്ടിച്ച് കറിവച്ചു തിന്നത്, ഒടുവിൽ സത്യം തുറന്നുപറഞ്ഞപ്പോൾ കറിക്കരയ്ക്കാൻ വേണ്ടി കടം വാങ്ങിയ മസാലയുടെ പണം വി.ജി.കെ. കൊടുത്തത് — ആ ഹൃദയവിശാലതയുടെ ഓർമ്മ ഇന്നും എന്നിൽ വിട്ടുമാറാതെ അവശേഷിക്കുന്നു. അദ്ദേഹത്തെപ്പോലെയുള്ള അധ്യാപകരോട്, ആ കുന്നിൻ പുറത്തോട്, തലയുയർത്തി നില്ക്കുന്ന കലാലയത്തോട് — എങ്ങിനെയാണ് ഞാനെന്റെ കടപ്പാടുകൾ വീട്ടിത്തീർക്കുക?




ഡോ. എം. സ്നേഹപ്രഭ

## ഈ വഴി, ഇതുവരെ

ഇംഗ്ലീഷിൽ ബിരുദാനന്തരപഠനത്തിന് വേണ്ടിയുള്ള കൂടിക്കാഴ്ചയ്ക്കാണ് ആദ്യമായി അച്ഛനോടൊപ്പം ഫാറൂഖ് കോളേജിലെത്തിയത്. മക്കാ കവാടത്തെ അനുസ്മരിപ്പിക്കുന്ന പടിവാതിൽ കടന്ന്കാമ്പസിലെത്തിയപ്പോൾ അത്ഭുതം തോന്നി. വളരെ വിശാലമായ കാമ്പസ്. തലയുയർത്തി നില്ക്കുന്ന കൂറ്റൻ എടുപ്പുകളും, ഓഡിറ്റോറിയവും, വായനശാലയും, ഹോസ്റ്റൽ കെട്ടിടങ്ങളും, സശ്രദ്ധംപരിപാലിക്കപ്പെട്ടുപോരുന്ന പൂന്തോട്ടവും — എല്ലാംകൂടി ഒരു സർവ്വകലാശാലയുടെ ഗമയുണ്ട്. പാഠ്യേതരവിഷയങ്ങളിൽ എനിക്കുള്ള നിരവധി സർട്ടിഫിക്കറ്റുകൾ കണ്ട് പ്രിൻസിപ്പൽ ഒന്നമർത്തിച്ചിരിച്ചു. സാഹിത്യം മുഖ്യവിഷയമായെടുത്തു എം.എ.യ്ക്ക് പഠിക്കണമെങ്കിൽ മുഴുവൻ സമയവും പാഠ്യവിഷയങ്ങളിൽ തന്നെ ചെലവഴിക്കണമെന്നതായിരുന്നു അതിന്റെ സൂചന. ഹോസ്റ്റലിൽ താമസിക്കുന്നതാണഭികാമ്യമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

പെൺകുട്ടികളുടെ പുതിയ ഹോസ്റ്റൽ ഉത്ഘാടനം ചെയ്തത് ആ വർഷമാണ്. എന്റെ ജീവിതത്തിൽ എല്ലാ അർത്ഥത്തിലും ഒരു പുതിയ വഴിത്തിരിവായിരുന്നു ആ ഹോസ്റ്റൽ വാസം. ഗൃഹാതുരത അങ്ങേയറ്റം അലട്ടിയെങ്കിലും പഠനത്തിൽ കൂടുതൽ സമയം ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിഞ്ഞു. വൃത്തിയും വെടിപ്പുമുള്ള വലിയ ഒരു മുറിയിൽ ഞങ്ങൾ അഞ്ചു കൂട്ടുകാരികൾ. തെരഞ്ഞെടുപ്പിലൂടെ ഹോസ്റ്റൽ സിക്രട്ടറിയും, കോളേജിലെ മാഗസിൻ എഡിറ്ററും ആകാൻ കഴിഞ്ഞപ്പോൾ ഹൃദയം സന്തോഷം കൊണ്ട് തിടുകൊട്ടി. കൂട്ടുകാരികൾ പൊക്കിയെടുത്ത് പ്രകടനം നടത്തിയപ്പോൾ ഞാൻ വിണ്ണോളം ഉയരുകയായിരുന്നു. ആദ്യത്തെ കവിത 'അമ്പലനടയിൽ' മനസ്സില വിരിഞ്ഞതും കഥയെഴുത്ത്, പ്രബന്ധം, പ്രസംഗം എന്നീ മത്സരങ്ങളിൽ സമ്മാനങ്ങൾ നേടിയതുമെല്ലാം സ്വർണ്ണലിപികളിൽ ഇന്നും മനസ്സിൽ മായാതെ കിടക്കുന്നു. രണ്ടാം വർഷം ഞങ്ങളെ പഠിപ്പിക്കാൻ ഇംഗ്ലണ്ടിൽനിന്നൊരു മദാമ്മ (അന്നാ ബാർബർ) കൂടി വന്നിരുന്നു. ജനാധിപത്യത്തിന്റെ ആരോഗ്യകരമായ നിലനില്പിനെക്കുറിച്ച് വിദ്യാർത്ഥികളെ പ്രബുദ്ധരാക്കാൻ സംഘടിപ്പിച്ച മോക്ക് പാർലമെൻറിൽ വിദ്യാഭ്യാസമന്ത്രിയുടെ റോളായിരുന്നു എനിക്ക് കിട്ടിയത്. പക്വമതികളും, പ്രഗൽഭരുമായ അധ്യാപകർ സേവനോത്സുകരായ അനധ്യാപക ജീവനക്കാർ, നിശ്ശബ്ദമായി പുസ്തകങ്ങളുടെ ലോകത്തിൽ വിഹരിക്കാനുതകുന്ന വലിയ ലൈബ്രറി, സർവ്വോപരി അച്ചടക്കമുള്ള പഠനാന്തരീക്ഷം...... ഇവയെല്ലാംകൂടി ഇണങ്ങിയാൽ ഏത് കളിക്കുട്ടിയും പഠിച്ചുയരും എന്നതാണ് ഫാറൂഖ് കോളേജിനെക്കുറിച്ചുള്ള അനുഭവം.



ടി.കെ. ഹംസ

## അഭിമാനപൂർവ്വം..........

*1987* മുതൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മന്ത്രിയായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ടി.കെ. ഹംസ അമ്പതുകളിൽ ഫാറൂഖ് കോളേജ് വിദ്യാർത്ഥിയായിരുന്നു. കലാലയ വിദ്യാഭ്യാസകാലത്ത് തന്നെ മികച്ച സംഘാടകനും പേരെടുത്ത പ്രാസംഗികനുമായിരുന്ന അദ്ദേഹം തിരക്കുപിടിച്ച ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾക്കിടയിൽ അയച്ചുതന്ന കുറിപ്പ് ഫാറൂഖ് കോളേജുമായി തനിക്കുള്ള ഹൃദയബന്ധത്തിലേക്ക് വെളിച്ചം വീശുന്നു: "പട്ടണത്തിൽനിന്ന് അകലെയായി ശാന്തസുന്ദരവും പ്രകൃതിരമണീയവുമായ സ്ഥലത്താണ് കോളേജ് സ്ഥിതിചെയ്യുന്നത്. എളിയനിലയിൽ തുടങ്ങി, പടിപടിയായി വളർന്ന്, കേരളത്തിലെ ഏറ്റവും മികച്ച കോളേജുളിൽ ഒന്നായി ഉയർന്നുവന്ന ചരിത്രമാണ് ഫാറൂഖ് കോളേജിനുള്ളത്. കോളേജിന് കൈവന്നിട്ടുള്ള സമുന്നതസ്ഥിതിയിൽ ഒരു പൂർവ്വ വിദ്യാർത്ഥി എന്ന നിലയിൽ ഞാൻ ആഹ്ലാദിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. കോളേജിൻെറ 40-ാം വാർഷികം ആഘോഷിക്കുന്ന ഈ ധന്യമുഹൂർത്തത്തിൽ നാട്ടുകാരുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സന്തോഷത്തിൽ ഞാനും പങ്കുചേരുന്നു."

# A Stand against conviction

*From my student days at Farook, between age 15 to 17, in the years 1954 to '56, I remember many events and personalities that made up the life on campus. A few unforgettable people who had an enduring influence on me were: Prof. M. Mohamed, who inspired in me a love for English literature and poetry, which I cherish to this day, and Prof. A.P.P. Namboodiri, who aroused a lifelong fascination for Malayalam literature. Often in my medical career since Farook days, I have wished that there were silimar inspiring, gifted teachers in the scientific disciplines of physics, chemistry and biology. But my education in these subjects was adequate to see me through all the many exams. that beset a medical career.*

*The year of the strike, 1955, is very vivid in my memory, for that was when I found myself without courage to act on my conviction that a change of the Principal was not such a serious issue that concerned or affected a majority of the student body and that the strike was the work of a few agitators and activitists assuming leadership of the students by demagoguery and oratory. A few among us were not convinced, but our voices were feeble. Fortunately for us the strike was put down and the college survived to go on to become a premiere institution of higher learning, and we Farookians of that era are ever grateful to the men in charge for the amicable turn of events, that could have gone the other way and influenced our lives detrimentally.*

*To this day, wherever I am, I' carry with me a tiny fragment or atom of Farook", in the words of Math. Prof. M. Gopinathan.*



എൻ.കെ.എൻ. മേനോൻ

## സ്നേഹാദരങ്ങളോടെ......

*1953*ൽ ഫാറൂഖ് കോളേജ് മലയാള വകുപ്പിൽ ലക്ചററായി സേവനമാരംഭിച്ച ശ്രീ. എൻ.കെ.എൻ. മേനോൻ 1970-ൽ സെക്കൻറ് ഗ്രേ ഡ് പ്രൊഫസ റായി ഉയർന്നു. 20 വർഷത്തെ നിസ്വാർത്ഥമായ ഔദ്യോഗിക ജീവിതത്തിൽനിന്ന് 1973-ലാണ് അദ്ദേഹം വിരമിച്ചത്. ഓർമ്മക്കുറിപ്പുകളാവശ്യപ്പെട്ടുകൊണ്ടുള്ള പത്രാധിപരുടെ കത്തിന് ശ്രീ മേനോനയച്ചുതന്ന മറുകുറിപ്പിൽ അദ്ദേഹത്തിൻെറ നിസ്സഹായത സൂചിപ്പിക്കുന്ന വരികൾ വായനക്കാർക്കു മുമ്പിൽ ആദരപൂർവ്വം നിരത്തിവയ്ക്കുകയാണ്.

"ഞാനിപ്പോൾ ഒരു രോഗിയാണ്. മൂന്നു കൊല്ലം മുമ്പ് എൻെറ ഒരു ഭാഗം മുഴുവൻ തളർന്നു. അത്യാവശ്യത്തിനു നടക്കാമെങ്കിലും ഓർമ്മക്കുറവുണ്ട്. കണ്ണിൻെറ കാഴ്ചയും മങ്ങിത്തുടങ്ങി. എഴുതാൻ ശേഷിയില്ല. നിങ്ങളെല്ലാവരോടും എനിക്കുള്ള സ്നേഹാദരങ്ങൾ ഇവിടെ സൂചിപ്പിച്ചുകൊള്ളുന്നു."

From the Presidential address delivered by Sri. P.S. Kumaraswami Raja, Chief Minister of Madras on 2nd annual day of the college on 11.2.1951

"I am glad to state that the locality and situations of this college are as idealistic as its ethical objectives. The spacious compound and the beautiful locality in which it is situated commanding a magnificent view and appearance, are factors that vouchsafe for its expansion and glorious future. This locality could command any amenities as well, to supplement the natural facilities it is already enjoying. The cumulative effect of these would be that you are going to witness here shortly a model institution of the higher University Education."

---

"It has been my experience that the so called uneducated persons are the most interested in education. Very few from the educated persons have came forward with substantial donations for the cause of education. It is a great stimulus to me that my visit has been made the occasion for making such splendid gifts for this college. I shall not hesitate to come again if my visit can produce such enthusiasm."

Dr. Sri. A.L. Muthaliar,

Vice Chancellor of Madras University

at his maiden visit of the college on 22nd Nov, 1950.

"ഒരു ദിവസം പ്രാർത്ഥനയ്ക്കിടയിൽ മൗലവി സാഹിബ് എന്നോട് പറഞ്ഞു: "ഫാറൂഖ് ഫാറൂഖ് എന്ന ഒരു ശബ്ദം സ്വപ്നത്തിൽ! എന്താണീ ഫാറൂഖ്?" ഞാൻ പറഞ്ഞു: കോഴിക്കോടിനടുത്തുള്ള ഒരു സ്ഥലമാണ്. അതിൻെറ ശരിയായ പേര് ഫാറൂഖാബാദ് എന്നാണ്. ടിപ്പു സുൽത്താൻ കേരളത്തിൻെറ തലസ്ഥാനമാക്കാൻ ഒരുക്കിയിരുന്ന സ്ഥലമാണ് അത്. 'ഫാറൂഖ്' എന്ന സ്ഥലത്ത് വല്ല സ്ഥാപനവും നിർമ്മിക്കാമോ എന്നാലോചിക്കണം — മൗലവി പറഞ്ഞു.

സെയിദ് മുഹ്‌യുദ്ദീൻ ഷാ

"ഒരു ദിവസം ഞാനും സെക്രട്ടറിയും (ഹൈദ്രോസ് സാഹിബ്) മറ്റൊരാളുമായി കാറിൽ മഞ്ചേരിയിലേക്ക് ഒരു യോഗത്തിന് പോകുമ്പോൾ ചെറുവണ്ണൂർ ഇമ്പിച്ചഹമ്മദു ഹാജിയുടെ വീട്ടുപടിക്കൽ അബ്ദുല്ലക്കുട്ടി ഹാജിയുടെ കാർ നിർത്തിയതായി ഞങ്ങൾ കണ്ടു. അപ്പോൾ അബ്ദുല്ലക്കുട്ടി ഹാജി അവിടെ ഉണ്ടായിരിക്കും, ആധാരം എപ്പോളാണ് എഴുതി രജിസ്റ്ററാക്കുക എന്ന് ചോദിക്കാമല്ലോ എന്നു കരുതി ഞങ്ങൾ അവിടെ ഇറങ്ങി. വീട്ടിലേക്ക് കടന്നു. അപ്പോൾ അബ്ദുല്ലക്കുട്ടി ഹാജിയും ഇമ്പിച്ചഹമ്മദു ഹാജിയും പണ്ഡിതന്മാരടക്കമുള്ള ചില തല്പരകക്ഷികളും അവിടെ ഇരിക്കുന്നത് കണ്ടു. ഞങ്ങളെ കണ്ടപ്പോൾ അബ്ദുല്ലക്കുട്ടി ഹാജി സിക്രട്ടറിയോട് "ഹേ, വക്കീലേ, ആധാരം വേഗം രജിസ്റ്ററാക്കു. എന്നാലിവർക്ക് വേറെ പണി നോക്കാമല്ലോ" എന്നു പറഞ്ഞു. അതു കേട്ടപ്പോൾ അവരെല്ലാം ഇളിഭ്യരായിപ്പോയി. അടുത്ത വെള്ളിയാഴ്ച തന്നെ ജുമുഅക്ക് ശേഷം ഞാനും ഹാജി സാഹിബും കൂടി ഫറോക്ക് രജിസ്റ്ററാഫീസിൽ പോയി ആധാരം രജിസ്റ്ററാക്കി. ആധാരം വാങ്ങാൻ എന്നെ അധികാരപ്പെടുത്തുകയും ചെയ്തു."

കുഞ്ഞോയി വൈദ്യർ

"അല്ലാഹുവിൻെറ അനുഗ്രഹത്താൽ നമുക്കു റൗസത്തുൽ ഉലൂം അറബിക്കോളേജും, ഫാറൂഖ് കോളേജും, ഫാറൂഖ് ഹൈസ്കൂളും മറ്റും കൈവന്നിട്ടുണ്ട്. ഇനിയും നമുക്കു സഹോദരികൾക്കുവേണ്ട പ്രത്യേക സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ്, എല്ലാത്തരം വിജ്ഞാനങ്ങളും ഉൾക്കൊള്ളുന്ന ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സ്ഥാപനം, അതിനു വിദൂര രാജ്യങ്ങളിലേക്കു പ്രാപ്തന്മാരെ അയയ്ക്കാനുള്ള ഏർപ്പാടുകൾ, ഇസ്ലാമിക പ്രസിദ്ധീകരണത്തിനുള്ള ഏർപ്പാടുകൾ തുടങ്ങിയ പലതും വളരെ അത്യാവശ്യമാണ്. ഇവ നേടിക്കഴിഞ്ഞാൽ മാത്രമേ നാം അന്തസ്സുള്ള ഒരു ജീവൽസമുദായമായിത്തീരുകയുള്ളൂ."

അബുസ്സബാഹ്,
റൗസത്തുൽ ഉലൂം സോവനീർ 1965



പ്രൊഫ.കെ.എ. ജലീൽ

"1959-ൽ അറബിക്കോളേജുകൾ നിർത്തലാക്കണമെന്ന മുണ്ടശ്ശേരിയുടെ നിർദ്ദേശം കേരള യൂനിവെർസിറ്റി അംഗീകരിച്ചു. അതിനെ ശക്തിയായി എതിർത്തത് മൗലവി സാഹിബാണ്. മൗലവിയും ഹൈദ്രോസ് വക്കീലും ഞാനും കൂടി തിരുവനന്തപുരത്ത് പോയി ആ തീരുമാനം റദ്ദാക്കിച്ചു. അന്നാണ് ഇ.എം.എസിൻെറ ആദ്യത്തെ മന്ത്രിസഭ രാജിവച്ചത് എന്നത് യാദൃച്ഛികമാണെങ്കിലും രസകരമായ ഒരു സംഭവം തന്നെയായിരുന്നു."